രമണൻ

രമണൻ

# രമണൻ



"ENDLESS TEARS OF
A POET"

## ചങ്ങമ്പുഴ

0892
N13;5
182

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# രമണൻ

[ഒരു നാടകീയഗ്രാമീണവിലാപകാവ്യം]

Digitized By Kerala Sahitya Akademi

*All rights*
*Strictly Reserved and kept by*
MRS. SREEDEVI CHANGAMPUZHA
"SREEDEVI MANDIRAM"
EDAPPALLY
(N. Travancore)

Digitized By Kerala Sahitya Akademi

# രമണൻ

[ഇരുപത്തേഴാം പതിപ്പ്]

ഗ്രന്ഥകർത്താ:

ചങ്ങമ്പുഴ കൃഷ്ണപിള്ള, എം. എ.

ഇടപ്പള്ളി.

PUBLISHERS:

THE MANGALODAYAM (Private) LTD.,

TRICHUR.

Digitized By Kerala Sahitya Akademi

| | | |
|---|---|---|
| 1st Impression in Kanni | 1112 | 1000 Copies |
| Reprinted in Dhanu, | 1114 | 600 Copies |
| Reprinted in Vrischigom, | 1117 | 1000 Copies |
| Reprinted in Meenom, | 1118 | 1000 Copies |
| Reprinted in Chingom, | 1119 | 1000 Copies |
| Reprinted in Dhanu, | 1119 | 1000 Copies |
| Reprinted in Medom, | 1119 | 1000 Copies |
| Reprinted in Mithunam, | 1119 | 1000 Copies |
| Reprinted in Karkitagom, | 1119 | 2000 Copies |
| Reprinted in Thulam, | 1120 | 1000 Copies |
| Reprinted in Vrischigom, | 1120 | 1000 Copies |
| Reprinted in Dhanu, | 1120 | 1000 Copies |
| Reprinted in Kumbhom, | 1120 | 2500 Copies |
| Reprinted in Meenom, | 1120 | 2500 Copies |
| Reprinted in Mithunam, | 1120 | 5000 Copies |
| Reprinted in Dhanu, | 1121 | 5000 Copies |
| Reprinted in Kanni, | 1122 | 5000 Copies |
| Reprinted in Meenom, | 1122 | 5000 Copies |
| Reprinted in Mithunam, | 1123 | 2000 Copies |
| Reprinted in Makaram, | 1124 | 2500 Copies |
| Reprinted in Vrischigom, | 1125 | 2500 Copies |
| Reprinted in Chingom, | 1126 | 2500 Copies |
| Reprinted in Meenom, | 1126 | 3000 Copies |
| Reprinted in Vrischigom, | 1127 | 5000 Copies |
| Reprinted in Medom, | 1128 | 3000 Copies |
| Reprinted in Vrischigom, | 1130 | 3000 Copies |
| Reprinted in Medom, | 1131 | 3000 Copies |
| | TOTAL | 64000 Copies |

Price: Re 1-8-0

Printed at
The Mangalodayam Press,
Trichur.

Digitized By Kerala Sahitya Akademi

# സ്മാരകമുദ്ര

ശ്രീമാൻ ഇടപ്പള്ളി രാഘവൻപിള്ള!

ഒരു ഗദ്ഗദസ്വരത്തിലല്ലാതെ 'കൈരളി'യ്ക്കു് ഒരിക്കലും ഉച്ചരിക്കുവാൻ സാധിക്കാത്ത ഒന്നാണു് ആ നാമധേയം!

അസഹനീയമായ അസ്വതന്ത്രതയുടേയും നീറിപ്പിടിക്കുന്ന നിരാശതയുടേയും നടുവിൽപ്പെട്ടു്, ഞെങ്ങിഞെരിഞ്ഞു വിങ്ങിവിങ്ങിക്കരയുന്ന ആത്മാഭിമാനത്തിൻെറ ഒരു പര്യായമായിരുന്നു അതു്!

ആയിരത്തി ഒരുനൂററിപ്പതിനൊന്നാമാണ്ടു മിഥുനമാസം ഇരുപത്തിയൊന്നാംതിയ്യതി ശനിയാഴ്ച, രാത്രി, കേവലം ആകസ്മികമായി, ആ 'മണിനാദം' ദയനീയമാംവിധം അവസാനിച്ചു!

അന്ധമായ സമുദായം—നിഷ്ഠുരമായ സമുദായം—അദ്ദേഹത്തിൻെറ ചിതാഭസ്മത്തെപ്പോലും, ഇതാ, ഇപ്പോഴും അലട്ടിക്കൊണ്ടിരിക്കുന്നു!

പക്ഷേ, ആ പ്രണയഗായകൻെറ ആത്മാവു് എത്ര ഭൗതികാക്രമണങ്ങൾക്കും അതീതമായ നിത്യശാന്തിയെ പ്രാപിച്ചുകഴിഞ്ഞു!

ആ ഓമനച്ചങ്ങാതിയുടെ പാവനസ്മരണയ്ക്കായി, അദ്ദേഹത്തിൻെറ ശവകുടീരത്തിനുമുൻപിൽ ഈ സൗഹൃദോപഹാരം ഞാനിതാ കണ്ണീരോടുകൂടി സമർപ്പിച്ചുകൊള്ളുന്നു.

ഇടപ്പള്ളി,
1112 കന്നി 5.

ചങ്ങമ്പുഴ കൃഷ്ണപിള്ള.

Digitized By Kerala Sahitya Akademi

"—Distant from her adorer's view,
One in a thousand may be true:

The pen which writes, as if it knew
A woman's promise, splits in two.

While in another's warm embrace,
No witness to thy own disgrace.

Faithless, she wastes no thought on thee,
Wrapp'd in her own felicity.

Woman's desire is more intense
Than man's—more exquisite her sense,

But never blinded by her flame,
Gain and Fruition are her aim.

A woman's love is selfish all;
Possessions, wealth secure her fall,

How many false and cruel prove,
And not one faithful in her love!

A contradiction is her life;
Whithout all peace; Within all strife;

A dangerous friend, a fatal foe
Prime breeder of a world of woe.

When we are joyous, she is sad;
When deep in sorrow, she is glad,

Such is the life a woman leads,
And in her sorcery still succeeds".

—*NIZAMI*

Digitized By Kerala Sahitya Akademi

To

# A. P. B. Nayar, Esq., M. A.

*(Assistand Military Accountant General)*

NEW DELHI

---

THIS BOOK IS DEDICATED WITH EVERY SENTIMENT OF RESPECT, ADMIRATION, LOVE AND GRATITUDE.

ഉന്നതസൗഭാഗ്യത്തിൻ ശൃംഗത്തിൽ, കനിവിന്റെ
പൊന്നോടക്കുഴലുമായ് വർത്തിക്കും മഹാത്മാവേ!
താവകോജ്ജ്വലപാദപങ്കജങ്ങളിൽ, സ്നേഹം
താവുമീ വിനീതോപഹാരം ഞാൻ സമർപ്പിപ്പൂ.
അവിടുന്നീ ഗ്രാമീണകാവ്യകന്യയെ മോദാ-
ലനുഭാവോദ്ദീപ്തമാം കൺകളാലാശ്ലേഷിക്കെ,
ചാരിതാർത്ഥ്യാവേശത്താലവൾതൻ പിതൃചിത്തം
ദൂരെയാകിലും, മേന്മേൽ തുടിപ്പൂ ജാതോല്ലാസം!
അങ്ങതൻ കാരുണ്യത്തിൻ കല്ലോലങ്ങളിൽത്തത്തി-
ത്തങ്ങി ഞാൻ മതിമറന്നൊഴുകിപ്പോയീടുമ്പോൾ,
നന്മതൻ നികേതമാമവിടേക്കർപ്പിക്കുന്നി-
തെന്മനമാത്മാർത്ഥമായിന്നിദമാശീർവ്വാദം:—

അവിരാമോൽക്കർഷത്തിൻ
തൂമലർക്കളിത്തോപ്പി-
ലവിടുന്നാത്തോല്ലാസം
വിഹരിക്കാവൂ മേന്മേൽ!!

EDAPPALLY,
7—7—1113.

*CHANGAMPUZHA.*

Digitized By Kerala Sahitya Akademi

"......Ah, thou didst not comprehend
The dead wept thus, thou woman frail and weak..."

*Charles Baudelaire.*

Digitized By Kerala Sahitya Akademi

# *A Dramatic Pastoral Elegy*

## ഒന്നാംഭാഗം

അങ്കുശമില്ലാത്ത ചാപല്യമേ, മന്നി-
ലംഗനയെന്നു വിളിക്കുന്നു നിന്നെ ഞാൻ!

"അപരാധികൾ" —ചങ്ങമ്പുഴ

2 *

Digitized By Kerala Sahitya Akademi

# രമണൻ

(ഒരു നാടകീയഗ്രാമീണവിലാപകാവ്യം)

| | |
|---|---|
| രമണൻ<br>മദനൻ | ചങ്ങാതിമാരായ രണ്ടാട്ടിടയന്മാർ |
| ചന്ദ്രിക: | ഒരു പ്രഭുകുമാരി |
| ഭാനുമതി: | ചന്ദ്രികയുടെ സഖി |
| | ഗായകസംഘങ്ങൾ |
| | മററു ചില ഇടയന്മാർ |

കുന്നുകളും കാടുകളും പൂഞ്ചോലകളും നിറഞ്ഞ
മനോഹരമായ ഒരു ഗ്രാമപ്രദേശം.

Digitized By Kerala Sahitya Akademi

# അവതാരിക

മലയാളത്തിൽ ഇങ്ങനെ ഒരനുഭവമോ? 1112_ൽ ഒന്നാം പതിപ്പ്, '15_ൽ രണ്ടാംപതിപ്പ്, '17_ൽ മൂന്നാംപതിപ്പ്, '18_ൽ നാലാംപതിപ്പ്, '19_ൽ അഞ്ചും, ആറും, ഏഴും, എട്ടും, ഒമ്പതും പതിപ്പുകൾ, '20.ൽ പത്തു്, പതിനൊന്നു്, പന്ത്രണ്ടു്, പതിമൂന്നു്, പതിനാലു്—ഇതാ പതിനഞ്ചും പതിപ്പുകൾ: അതോ, ആയിരവും രണ്ടായിരവും അയ്യായിരവും പ്രതികൾവീതം. കേട്ടിട്ടു വിശ്വസിക്കാൻ വിഷമം. പക്ഷേ ഇതത്ര വലിയൊരു കാൎയ്യമോ? അതേ, ടി. ബി. സി.ക്കാർ പ്രസാദിക്കാത്തൊരു മലയാളകവിതയെസ്സംബന്ധിച്ചിടത്തോളം വളരെ വലിയൊരു കാൎയ്യം തന്നെയാണു്. അതിന്റെ പ്രതികൾ മധുരനാരങ്ങപോലെ വരുന്നതു വരുന്നതങ്ങു വിററഴിയുന്നുവെങ്കിൽ തക്ക കാരണം ഉണ്ടായിരിക്കണം; അകത്തും പുറത്തും ഒന്നുപോലെ. ലോർഡു് ബയറന്റെ 'ചൈൽഡ് ഹരോൾഡ്' എന്ന കവിതയ്ക്കു് ആയിരക്കണക്കിനാവശ്യക്കാരുണ്ടായതിനെപ്പററി പറയുന്ന കൂട്ടത്തിൽ ഒരു നിരൂപകൻ അഭിപ്രായപ്പെടുകയാണു്: "ഏററവും ചെലവുള്ള കൃതികൾ കലാസൗഭഗംകൊണ്ടു് അനുത്തമങ്ങളാകട്ടെ, അല്ലാതാകട്ടെ, പുറപ്പെടുന്ന കാലത്തിന്റെ ആശകളുമാവശ്യങ്ങളും അവയ്ക്കു പിമ്പിൽക്കാണും. തക്ക സന്ദൎഭങ്ങളിലായിരിക്കും അവയെത്തുന്നതു്. അതേവരെ കെട്ടിനിന്നിട്ടുള്ള ചില വികാരങ്ങളെ അണമുറിച്ചുവിടുവാൻ അവ ഉതകുകയും ചെയ്യും." രമണനെക്കുറിച്ചായാലും ഈ അഭിപ്രായം അൎത്ഥവത്തല്ലയോ?

ആഭിജാത്യമോ ആഢ്യതയോ നോക്കാതെ ആൎക്കും വിദ്യാലയങ്ങളിൽ പ്രവേശിക്കാമെന്നായതിന്നുശേഷം മലയാളം വായിക്കാനുള്ള കഴിവും കൗതുകവും ന്യൂനപക്ഷത്തിന്റേതെന്ന നിലവിട്ടു ഭൂരിപക്ഷത്തിന്റേതായിത്തീൎന്നു. ഒന്നാംകിട സാഹിത്യം


Digitized By Kerala Sahitya Akademi

തന്നെയാകട്ടെ, പ്രതിപാദ്യം സ്വാനുഭവവുമായി രഞ്ജിക്കുന്നതും പ്രതിപാദനം ധാരണാശക്തിക്കു വഴങ്ങുന്നതുമാകണം, ശരി, ഒരു കൈ നോക്കിക്കളയാം—ഏകദേശം ഇമ്മട്ടായി അധഃകൃതരിൽ അധഃകൃതക്കുപോലും അഭിലാഷം. ഇന്നലെവരെ അത്യാവശ്യങ്ങൾക്കുപോലും പണം തികയാതിരുന്നവൎക്കു് ഇന്നു വിശേഷാലാവശ്യങ്ങൾക്കും പണമുണ്ടാക്കിക്കൊടുക്കുന്ന സമ്പൽക്കാൎയ്യപരിണാമങ്ങൾ ഈ പുതിയ അഭിരുചിയെ ഒന്നൂതിപ്പിടിപ്പിച്ചിട്ടുണ്ടു്. ഒരഞ്ചാറുകൊല്ലത്തിന്നുള്ളിൽ വായനക്കാരുടെ എണ്ണം മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്തവിധം വൎദ്ധിച്ചുവശായിരിക്കുന്നു. ഏതു കേൾപ്പോരും കേൾവിയുമില്ലാത്ത ദേശത്തും കാണും ഇക്കാലത്തൊരു വായനശാല. എന്നല്ല, ഏതു കൊച്ചുവീട്ടിലെ ചുമരലമാരിയും ഒരു കൊച്ചുലൈബ്രറിയായി രൂപാന്തരപ്പെടുകയും ചെയ്തിട്ടുണ്ടു്. പെട്ടെന്നു വിജൃംഭിച്ച ഈ സാഹിത്യാസ്വാദനതൃഷ്ണയ്ക്കു പാകത്തിന്നു ചിലതു കൊടുപ്പാനും അങ്ങനെയങ്ങനെ അത്യുത്തമകൃതികൾ വരെ വായിച്ചുടങ്ങുന്ന ഒന്നായി അതിനെ വളൎത്താനും മലയാളികളായ സാഹിത്യകാരന്മാർ ചുമതലപ്പെട്ടിരിക്കുന്നു. പലരും ആ വഴിക്കു പരിശ്രമിച്ചുപോരുന്നുണ്ടു്. ചിലരുടെ സംഭാവന ചെറുകഥകളായിട്ടാണു്; ചിലരുടേതു ഖണ്ഡകവിതകളായിട്ടു്; ചിലരുടേതു നാടകങ്ങളായിട്ടു്; ചിലരുടേതു ലേഖനങ്ങളായിട്ടും. എന്നാൽ അവയെല്ലാററിനേയും വെല്ലുന്നൊരു സംഭാവനയായിരിക്കുന്നു ശ്രീ: ചങ്ങമ്പുഴയുടെ ആ ബാല്യകൃതി—ഇന്നത്തെ ഭൂരിപക്ഷം വായനക്കാരും ഒളിച്ചുവെച്ചോമനിക്കുന്ന കുറെ ജീവിതാനുഭവങ്ങൾ അവരുടെ ഹൃദയങ്ങളെ പെട്ടെന്നു പിടിച്ചുടക്കുന്ന ശീലിലും ശൈലിയിലും പ്രതിപാദിക്കുന്ന രമണൻ. ഇക്കാലസന്ധിയിലെ മാനസികമായ ദാഹവും വിശപ്പും ശമിപ്പിക്കുവാൻ ഉദ്ദേശിച്ചെഴുതപ്പെട്ടതല്ലെന്നിരുന്നാലും അതു് ആവശ്യത്തിന്നു്



Digitized By Kerala Sahitya Akademi

ഏററവും ഉതകിയിരിക്കുന്നുവെന്നു സമ്മതിച്ചേ തീരൂ. ബീച്ചിലും ബാല്ക്കണിയിലും ബോട്ടുജെട്ടിയിലും വണ്ടിത്താവളത്തിലും മടപ്പള്ളിയിലും മാളികമച്ചിലും കടിലിലും വയലിലും ഫാക്ടറിയിലും പടപ്പാളയത്തിലും കുറെനാളായിട്ട രമണനാണ് ഒന്നാംപാഠം. പ്രസ്തുതജീവിതമണ്ഡലങ്ങളിൽ നവമായി സാഹിത്യാഭിരുചി തെളിഞ്ഞിട്ടുണ്ടെങ്കിൽ അതു കൊളുത്തിക്കൊടുത്തതു തൻെറ ബാല്യകൃതിയാണെന്നു ശ്രീ: ചങ്ങമ്പുഴയ്ക്കഭിമാനിക്കാം.

ഒരു യുവഹൃദയത്തിൻെറ ആത്മാത്ഥതയും അന്തഃസ്ഥിതശക്തികളും അറിഞ്ഞഭിനന്ദിക്കാൻ കഴിയാത്ത ആഭിജാത്യത്തിൻെറ നീതിസംഹിത ആ ഹൃദയത്തിൽ മനുഷ്യോചിതമായിത്തന്നെ ഉണ്ടായൊരു കാമിതത്തെ കണ്ണടച്ചങ്ങു ചവുട്ടിത്തേച്ചുകളഞ്ഞു; ആ സ്നേഹഭാജനം, അതോടെ തകരുകയും ചെയ്തു—ഈ ദയനീയോദന്തത്തെ സഹാനുഭൂതിയോടുകൂടി ലോകത്തെ പറഞ്ഞറിയിക്കുക മാത്രമാണ് ശ്രീ: ചങ്ങമ്പുഴ ചുരുക്കത്തിൽ ചെയ്തിട്ടുള്ളതു്. ആ അനുഭവമോ, ആയിരമായിരം സമവയസ്കന്മാരുടെ അനുഭൂതിയോട് ഏററവും അടുത്തുനില്ക്കുന്ന ഒന്നാണുതാനും. പിന്നെ എങ്ങനെ രമണൻ പുതിയ കലാരസികതയുടെ 'ഹരിഃ ശ്രീ' കുറിക്കാതിരിക്കും? രമണൻ ചെയ്ത ഈ കാലോചിതസേവനത്തിനു വിലയിടിച്ചുകണ്ടിട്ടോ ആ സേവനത്താൽ തൽകത്താവിനുണ്ടാകുന്ന നേട്ടങ്ങളെ നെററി ചുളിച്ചുനോക്കീട്ടോ എന്തോ, ചിലർ അഭിപ്രായപ്പെടുന്നു, ശ്രീ: ചങ്ങമ്പുഴ വെറും തിയ്യക്സാധാരണമായൊരു വികാരത്തെ ഛന്ദോഗതമാക്കിപ്പാടി പണം വാരുകയേ ചെയ്യുന്നുള്ളു എന്നു്. ഇതു കേട്ടാൽ തോന്നുക, രമണൻ, മലയാളസാഹിത്യത്തിൻെറ പേർപെററ തറവാടിത്തത്തിനു തീരെ ഇണങ്ങാത്തൊരു തോതിൽ തനിക്കാമമെടുത്തു വിളമ്പി മനുഷ്യമനസ്സിനെ അധഃപതിപ്പിക്കുന്നൊരു കൃതിയായിപ്പോയെന്നാണ്. ചന്ദ്രോത്സവകാരൻതൊട്ടു വെണ്മണിവരേയും വെണ്മണിതൊട്ടു വള്ള



Digitized By Kerala Sahitya Akademi

ത്തോൾവരേയും ഉണ്ടായ കവീശപരന്മാരിൽ ഒരു വലിയ ഭാഗം ഏതുമാതിരി അനുഭവങ്ങളെച്ചൊല്ലി, എങ്ങനെയെല്ലാം കവിതയെഴുതി കേരളീയരിൽനിന്നു കുന്നുകുന്നായി യശോധനമാൎജ്ജിച്ചുവോ, ആ കുലീനപാരമ്പര്യത്തിന്നു കളങ്കം തട്ടിക്കത്തക്ക ഒന്നായിപ്പോയെന്നോ രമണൻ? കലാപരമായി മററന്തു ദോഷങ്ങളുണ്ടായാലും രമണനെപ്പററി കൊണ്ടുവന്ന ഈ 'ചാൎജ്ജ്' നിലനില്ക്കുന്നതല്ല.

ആരാമങ്ങളിൽനിന്നകന്നു്, അന്തസ്സുകുറഞ്ഞൊരു ജീവിതത്തെ മധുരഗാഥകൾകൊണ്ടു കുളിൎപ്പിച്ചുപോരുന്ന ഒരു യുവാവുമായി നാഗരികസൗഭാഗ്യങ്ങൾക്കു നായികയായൊരു കന്യക യദൃച്ഛയാ പരിചയപ്പെടുന്നു. ആ പരിചയം ആദരാഭിനന്ദനങ്ങളിൽ കൂടി ക്രമേണ അനുരാഗമായി വികസിക്കുന്നു. സാമുദായികമായി തനിക്കുള്ള നിലയെന്താണെന്നോൎത്തു് അവൻ ആ അനുരാഗത്തെ പരസ്യമായി സ്വാഗതം ചെയ്യുന്നില്ല. അവളെ ആ സാഹസത്തിൽനിന്നു വിലക്കുവാനാണു് അവന്റെ ശ്രമം. പക്ഷേ, കൗമാരസഹജമായ ആവേശം ആ കന്യകയെ ഒരു ശപഥത്തോളം എത്തിക്കുന്നു. ഒരു നിലാവണിരാത്രിയിൽ ആരണ്യകസങ്കേതത്തിൽവെച്ചു് അവൾ ആ കാമുകനെ മാലയിട്ടു വരിക്കുകതന്നെ ചെയ്യുന്നു. പരിതസ്ഥിതികളെപ്പേടിച്ചു വളരെനാളായി അവൻ ഹൃദയത്തിൽ കെട്ടിനിൎത്തിയിരുന്ന പ്രണയം പിന്നെയങ്ങു് അണപൊട്ടിയൊഴുകുകയായി.

അവന്റെ ഭാഗ്യത്തെ അഭിനന്ദിക്കാൻ ഒരു തോഴനും അവളുടെ രാഗാവേശത്തെ യഥോചിതം ശുശ്രൂഷിക്കാൻ ഒരു തോഴിയുമുണ്ടു്.

പെട്ടെന്നു് ആ അനുരാഗത്തെ മറെറാരു വഴിക്കു വെട്ടിത്തിരിച്ചുവിടുവാൻ നായികയുടെ പിതാവു നിശ്ചയിക്കുന്നു. ആ തീരുമാനം അതിന്റെ സകലശക്തികളോടുംകൂടി പിടിച്ചുവലിക്കുണ്ട താമസം, അവൾ അതാ, ആ വഴിക്കു തിരിയുന്നു. എന്നല്ല, ഹൃദയപീഠത്തിൽനിന്നു് ആ പ്രാണനായകനെ നിഷ്പ്രയാസം വലിച്ചിറക്കിക്കളകയും ചെയ്യുന്നു. അവനോ, ഒരു നെടിയിടകൊണ്ടു മനോരാജ്യത്തിന്റെ



Digitized By Kerala Sahitya Akademi

സിംഹാസനത്തിൽനിന്നു നൈരാശ്യത്തിന്റെ പടുകുഴിയിലേയ്ക്കു വീണുകഴിഞ്ഞു.

അവളുടെ വിവാഹം ആഘോഷിക്കുന്ന ദിനത്തിൽത്തന്നെ അവൻ ആത്മഹത്യ ആഘോഷിക്കുന്നു.

ഇത്രയുമാണു് കഥാവസ്തു. മിക്കവാറും സ്വാനുഭവമെന്നു വിശ്വസിക്കാവുന്ന അതിനെ പട്ടംതേച്ചു മിനുക്കി ഒരു നാടകീയകലാശില്പമാക്കി പ്രദർശിപ്പിക്കുവാനാണു് കവി ശ്രമിച്ചിട്ടുള്ളതു്. നൈരാശ്യത്തിന്റെ കൊടുംതീയിൽ വെന്തടിഞ്ഞ നായകനെച്ചൊല്ലി വിലപിക്കുന്ന തോഴന്റെ നീറുന്ന സൗഹൃദം അങ്ങനെ തന്നെ കോരിപ്പകരുക, എന്നിട്ടു കാവ്യത്തെ ആ ദുരന്തമടഞ്ഞ സുഹൃദവതംസത്തിന്റെ ശ്മശാനത്തിൽ എരിയുന്നൊരു നൈത്തിരിയാക്കിത്തീർക്കുകയും ചെയ്യുക—സ്വാനുഭവത്തിന്റെ പേരിൽ കവിക്കാദ്യം സാധിക്കേണ്ടതു് ഇതാണല്ലോ. ഒരു വിലാപകൃതിയുടെ പരമജീവനായ ഈ ആത്മാർത്ഥതയ്ക്കും ആത്യന്തികശോകത്തിനും സാരമായ വിലോപം തട്ടാത്തവിധം കഥാവസ്തുവെ, മലയാളത്തിൽ തീർച്ചയായും പുതിയതെന്നു സമ്മതിക്കേണ്ടൊരു നാടകീയരൂപത്തിൽ കൊള്ളിക്കാൻ, ഒരദ്ധ്യേതാവിന്റെ പരിമിതസംസ്കാരത്തിൽ പൂർണ്ണമായി വിശ്വസിച്ചുകൊണ്ടുത്സാഹിക്കുകയും അനർഹമായിട്ടല്ലാതെ ശ്ലാഘിക്കത്തക്ക വിജയം നേടുകയും ചെയ്തു എന്നതു വളർച്ച തികഞ്ഞൊരു മഹാകവിയാകുമ്പോഴും ശ്രീ: ചങ്ങമ്പുഴയ്ക്കു് അഭിമാനപൂർവ്വം അനുസ്മരിക്കാവുന്ന ഒരു കാര്യമായിട്ടുണ്ടു്.

പ്രതിപാദ്യമായിത്തീരുന്ന ജീവിതത്തിനു്, പ്രകൃതിസൗന്ദര്യം വഴിഞ്ഞൊഴുകുന്ന ഒരാരണ്യകലോകത്തിൽ അകൃത്രിമതയുടെ മാർത്തട്ടിൽ കളിച്ചു രസിച്ചു വളർന്നു്, ആശകളധികമില്ലാത്തതിനാൽ ആനന്ദക്രുമ്പുകളായിക്കഴിയുന്ന ആട്ടിടയന്മാരെ ആലംബനമാക്കി, കവിക്കു പറയാനുള്ളതെല്ലാം അവരുടെ കാര്യങ്ങളായിപ്പറഞ്ഞു്, ഇഴതിരിഞ്ഞു കാണാൻ പാടില്ലാത്തവിധം ഭദ്രമായി



Digitized By Kerala Sahitya Akademi

ആദർശവുമനുഭവവും പിരിച്ചിണക്കുന്നൊരു കാവ്യസമ്പ്രദായം യൂറോപ്യൻസാഹിത്യത്തിലുണ്ടു്. അതിനു 'പാസ്റ്ററൽ പോയട്രി'—ആരണ്യകഗാഥകൾ—എന്നു പറയും. ശ്രീ: ഏ. ബാലകൃഷ്ണപിള്ളയുടെ ശൈലിയിലാണെങ്കിൽ റിയലിസത്തെ റൊമാൻസിലൊളിപ്പിച്ചു്, മധുരസ്വപ്നങ്ങളുടെ മണ്ഡലത്തിൽ വിഹരിക്കുന്നൊരു തോന്നൽ ഉളവാക്കത്തക്കവണ്ണം വർണ്ണിക്കുന്നതാണു് ഈ കലാസമ്പ്രദായം. ഇടയപ്പരിഷയുടെ ജന്മസ്വത്തായ സംഗീതാത്മകത അമ്മാതിരി കൃതികളുടെ ഒരു സാധാരണധർമ്മമാണു്. ആ ഗാനകളകളത്തിലൂടെ കറയററ വികാരം തടവററൊഴുകിക്കൊണ്ടിരിക്കും. അതിനാൽ ഭാവഗീതങ്ങളുടെ സദസ്സിൽ ആരണ്യകഗാഥകൾ ആദ്യത്തെ പന്തിയിൽത്തന്നെ വിളിച്ചിരുത്തപ്പെട്ടിട്ടുണ്ടു്. പ്രകൃതിയുടെ ഓടക്കുഴൽവായനകളെന്നു പറയാവുന്ന ഏതാദൃശഗാഥകളിൽ പരിഷ്കാരത്തിൽ അധികമധികം കൃത്രിമനായിത്തീരുന്ന മനുഷ്യന്റെ അനുഭവങ്ങളുമഭിപ്രായങ്ങളും എത്രത്തോളം കത്തിക്കൊള്ളിക്കാം? വളരെ കുറച്ചെന്നായിരിക്കും എല്ലാവരുടേയും ഉത്തരം. പക്ഷേ, ഇററാലിയൻസാഹിത്യത്തിൽനിന്നു സ്പെൻസരുടേയും ഫ്ലെച്ചറുടേയും മിൽട്ടന്റേയും മററും സാഹിത്യത്തോളം എത്തുമ്പോൾ ഉത്തരമൊന്നു മാറേണ്ടിവരും. സ്വജീവിതാനുഭവങ്ങളെന്നല്ല ദാർശനികവും രാഷ്ട്രീയവും സാഹിത്യവിഷയകവും മററുമായി ഈട്ടററുകിടന്നിരുന്ന അതിതീവ്രമതങ്ങൾപോലും ആ കവീശ്വരന്മാർ വളരെയൊന്നും തട്ടിക്കുറയ്ക്കാതെ ആരണ്യകഗാഥകളിൽ ഒതുക്കി അനൗചിത്യങ്ങൾക്കിടയാകാതെ പ്രതിപാദിച്ചിട്ടുണ്ടു്. 'ഷെപ്പേർഡ്സ് കലണ്ടർ', 'ലിസിഡാസ്' തുടങ്ങിയ കൃതികൾ ദൃഷ്ടാന്തങ്ങൾ. ചില ചില കാര്യങ്ങൾ ഇരിക്കുംപാടി നങ്ങുപപാദിച്ചാൽ ഏവനുമൊന്നു ചുളുങ്ങുംവണ്ണം' ചില മൊട്ടുസൂചിക്കുത്തുകൾ ഉണ്ടാക്കാതിരിക്കുകയില്ല. ആരണ്യകഗാഥകളിൽ പാകത്തിലിറങ്ങിയിരുന്നെന്നു വരട്ടെ, ആവകയൊന്നും ഒരു

ഫന്ന

Digitized By Kerala Sahitya Akademi

ത്രയ്ക്കനുഭവപ്പെടുകയില്ല. ആ കാവ്യസമ്പ്രദായത്തിന്റെ പ്രായോഗികമായ മെച്ചങ്ങളിലൊന്നു് ഇതാണു്.

ആരണ്യകകാവ്യങ്ങൾ(Pastoral Poems)തന്നെ ഇഷ്ടജനവിലാപങ്ങളായതിന്നും ആ വിലാപങ്ങൾതന്നെ നാടകീയരൂപത്തിലായതിന്നും യൂറോപ്യൻസാഹിത്യത്തിൽ വെവ്വേറെ ദൃഷ്ടാന്തങ്ങളുണ്ടു്—നമുക്കു സുപരിചിതമായ ഇംഗ്ലീഷിലാണെങ്കിൽ ആദ്യത്തേതിനു 'ലിസിഡാസ്സു' പിന്നത്തേതിനു 'ഷെപ്പേർഡ്സ് കലണ്ടറും.' ഓരോ മാസത്തിന്നു് ഓരോന്നുവീതം പന്ത്രണ്ടു ഗീതങ്ങൾ തമ്മിലിണക്കി ഒരു കലണ്ടറിന്റെ രൂപമൊപ്പിച്ചതാണു് ആ കാവ്യമെന്നിരുന്നാലും അതിലെ ഖണ്ഡങ്ങളെ അടിനൂലിട്ടു കെട്ടിയിരിക്കുന്നതു്, കോളിൻക്ലൗട്ടിന്റേയും റോസിലിന്റേയും പ്രണയനൈരാശ്യമാണു്. കാവ്യമൊന്നാകെ ആ നൈരാശ്യത്തിന്റെ പേരിൽ അത്യന്തം ഹൃദയദ്രവീകരമായൊരു വിലാപമായിരിക്കുകയാണു്. മാത്രമല്ല, നായികാനായകന്മാരുടെ കഥകൾ ഉററ മിത്രങ്ങളായ മററിടയന്മാരുടെ സംഭാഷണങ്ങളിലൂടെ വെളിപ്പെടുത്തീട്ടുള്ളതിനാൽ അതിനൊരു നാടകീയതകൈവന്നിട്ടുമുണ്ടു്. സ്പെൻസറുടെ സുപൂജിതകൃതികളിലൊന്നായ ആ കലണ്ടറും സജാതീയങ്ങളായ മറേറതാനും ആരണ്യകകാവ്യങ്ങളും വായിച്ചുകിട്ടിയ സംസ്കാരവിശേഷമാണെന്നു തോന്നുന്നു, ശ്രീ: ചങ്ങമ്പുഴയ്ക്കു സ്വാനുഭൂതിയെ രമണനിൽക്കാണുംവണ്ണം രൂപപ്പെടുത്തിയെടുക്കുവാൻ പ്രേരകമായതു്. അദ്ദേഹം കഥാവസ്തുവെ ഒരു നാടകീയാരണ്യകവിലാപകാവ്യത്തിന്റെ രൂപമൊക്കുമാറുപപാദിച്ചതെങ്ങനെയെന്നു നോക്കാം.

ആകെ മൂന്നു ഭാഗങ്ങൾ; ആദ്യത്തെ രണ്ടിലും ഉപക്രമരംഗങ്ങൾക്കു പുറമേ അയ്യഞ്ചു രംഗങ്ങൾ; അവസാനത്തേതിൽ നാലും. ഒന്നാംഭാഗത്തിന്റെ ഉപക്രമത്തിൽ ഒരു ഗായകസംഘം വന്നു്,



Digitized By Kerala Sahitya Akademi

"മലരണിക്കാടുകൾ തിങ്ങിവിങ്ങി
മരതകകാന്തിയിൽ മുങ്ങിമുങ്ങി
കരളും മിഴിയും കവർന്നു"

മിന്നിയ മലനാട്ടിന്റെ മാദകസൗന്ദര്യം ഹൃദയാവർജ്ജകമായ ശീലിൽ പുകഴ്ത്തിപ്പാടി അകൃത്രിമരമണീയമായൊരു പശ്ചാത്തലം നിർമ്മിക്കുന്നു. അനതിദീർഘമായ ആ പാട്ടിന്റെ ലഹരിയിൽ ഏതനുവാചകനും പരവികാരപരിവർജ്ജിതനായിത്തീരും. അപ്പോഴേയ്ക്കും ഒന്നാമത്തെ ഗായകൻ,

"അവിടേയ്ക്കു നോക്കുകത്താഴ്വരയി-
ലരുവിക്കരയിലെപ്പുൽത്തടത്തിൽ
ഒരുമരച്ചോട്ടിൽ രണ്ടാട്ടിടയ-
രൊരുമിച്ചിരുന്നതാ സല്ലപിപ്പൂ"

എന്നിങ്ങനെ ആ പ്രകൃതിയുടെ കടാക്ഷങ്ങൾപോലുള്ള രമണമദനന്മാരുടെ സമീപത്തേയ്ക്കു കൂട്ടുകാരെ ക്ഷണിക്കുന്നു. കാനനശ്രീവിലസിതമായ ഒരു രംഗത്തിൽ ഏതാനും ഇടയന്മാർ പ്രത്യക്ഷപ്പെട്ട് അനവാപ്തക്ലേശന്മാരെപ്പോലെ നീട്ടിയങ്ങനെ പാടിക്കൊണ്ടിരിക്കുന്നതിന്നിടയിൽ ആ രംഗത്തുതന്നെ അല്പം അകന്ന് ഒരരുവിക്കരയിലെ പുൽത്തടത്തിൽ അവരുടെ സകലസ്സൗഖ്യകളമഹിക്കുന്ന രമണമദനന്മാരെക്കണ്ടിട്ട് ആ ഭാഗത്തേയ്ക്കു പോകാൻ ഭാവിക്കുന്ന മട്ടിൽ ഒരുപക്രമം കല്പിച്ചതു വിജയമായി. അതിന്നപ്പുറം ഒന്നാംരംഗത്തിൽ രമണനും മദനനും അതേവരെ ചെയ്തുകൊണ്ടിരുന്ന സംഭാഷണം തുടർന്നുകൊണ്ടവതരിക്കുകയാണ്. അതോ, വളരെ സ്വാഭാവികമായിരിക്കുന്നു. പ്രാണമിത്രത്തിന്റെ നിർബ്ബന്ധത്താൽ രമണൻ തന്റെ പ്രണയകഥ,



Digitized By Kerala Sahitya Akademi

‘‘ശര:ദ്ര്വ                ിച്ചു-
മൊരു വെള്ളിനക്ഷത്രമെന്തുകൊണ്ടോ,
അനുരക്തയായിപ്പോൽ പൂഴിമണ്ണി-
ലമരും വെറുമൊരു പുൽക്കൊടിയിൽ’’

എന്നാരംഭിക്കുന്ന ഒരു രസികൻഗാനത്തിൽ സംക്ഷേപിച്ചു പറയുന്നു. ആ സംക്ഷേപണം അസ്സലായിട്ടുണ്ടു്. മദനൻ ആ രാഗോദയത്തിൽ സന്തോഷിച്ചു രമണനെ ഹാർദ്ദമായഭിനന്ദിക്കുകയും അതിൻെറ പരിണാമത്തെക്കുറിച്ചു തെല്ലും സംശയിപ്പാനില്ലെന്നു പറഞ്ഞു സമാശ്വസിപ്പിക്കുകയും ചെയ്യുന്നു. എന്നാലും രമണൻ വിശ്വസിക്കുന്നില്ല. അവൻ ആ പ്രണയത്തിടമ്പിലലിഞ്ഞുപോയെന്നതു ശരിയാണു്. പക്ഷേ, ഭാവി ഇരുണ്ടതായിക്കണ്ടിട്ടു തൻെറ മനോലയത്തെ മറച്ചുവെയ്ക്കാനാശിക്കുന്നു. ഓക്കുന്തോറും വിഷാദത്തിലേയ്ക്കാഴുമ്പോലെ അവനൊരനുഭവം. മദനൻ പിന്നെയുമാശയങ്ങനെ കുത്തിവെയ്ക്കുകയാണു്: ആ സന്ധ്യയിൽ,

‘‘മദനനും തോഴനും തോളുരുമ്മി
മരതകക്കുന്നുകൾ വിട്ടിറങ്ങി;
അഴകു കണ്ടാനന്ദമാളിയാളി,
വഴിനീളെപ്പാട്ടുകൾ മൂളി മൂളി,
ഇടവഴിത്താരയിൽക്കൂടിയാ ര-
ണ്ടിടയത്തിരകളൊലിച്ചു പോയി.’’

മററിടയന്മാരുടെ വാക്കിൽ വണ്ണിതമായ ഈ പോക്കു് ആക്കും കണ്ണിലങ്ങനെ കാണാം. രംഗമവസാനിക്കുന്നതു ലോലമധുരമായ രാഗാലാപം കേട്ടുകേട്ടു് അതിൻെറ മറേറത്തല രമണനാണെന്നുറച്ചു കാത്തിരിക്കുന്ന ചന്ദ്രികയുടെ മണിമാളികയിലേയ്ക്കാകഷിക്കുന്നൊരു നല്ല ഇടയപ്പാട്ടോടുകൂടിയാണു്. പിന്നത്തെ രംഗം ചന്ദ്രികയുടെ മനോഹരഹമ്മ്യോപവനത്തിൽ. ഇടക്കണ്ണിയുടെ വ

ഫൻ

Digitized By Kerala Sahitya Akademi

ളക്കൊത്തിട്ടുണ്ട്. ചന്ദ്രികാരമണന്മാരുടെ ഭിന്നപ്രകൃതികളെ വി ശദീകരിക്കുന്നൊരു ദീർഘഭാഷണമാണ് ആ രംഗം. പക്ഷേ അസ്വാരസ്യം തോന്നിക്കുമാറ് അതിഭാഷണം ഒരു ഭാഗത്തും ഉ ണ്ടാകുന്നില്ല. നേരേമറിച്ച്,

"തുച്ഛനാമെന്നെ നീ സ്വീകരിച്ചാ-
ലച്ഛനുമമ്മയ്ക്കുമെന്തു തോന്നും?"
"കൊച്ചുമകളുടെ രാഗവായ്പി-
ലച്ഛനുമമ്മയ്ക്കുമെന്തു തോന്നാൻ!"

എന്നിങ്ങനെ നായകപക്ഷത്തിലെ ആശങ്കാകൃതമായ സംയമ വും നായികാപക്ഷത്തിലെ ആവേഗകൃതമായ ഉത്സാഹവും ഒപ്പമാ വിഷ്കരിക്കുന്ന ചോദ്യോത്തരങ്ങൾ ആ സല്ലാപത്തിന്റെ മർമ്മസ്പൃ ക്കുകളായിത്തീർന്നിട്ടുണ്ട്. ഒന്നു വായിക്കുമ്പോഴയ്ക്കും അവ നാവി ലങ്ങനെ പാറിപ്പിടിച്ചുപോകുന്നതിലെന്താണാശ്ചര്യം? ഭാവന യ്ക്കു പരിണതി വന്നുകഴിഞ്ഞ വലിയ വലിയ സാഹിത്യകാര ന്മാർ ഏതാദൃശപാത്രങ്ങളെ വിജനസങ്കേതത്തിലവതരിപ്പിച്ചു നി ബന്ധിക്കാറുള്ള ഹൃദയസല്ലാപങ്ങൾക്കരികേ നില്പാൻ ഒട്ടും ഭയ പ്പെടേണ്ടതില്ല പ്രസ്തുതരംഗത്തിന്ന്. അതിനെത്തുടരുന്നത്, ഒരു പനിനീർപ്പൂ സമ്മാനിച്ചിട്ട്,

"അച്ഛനുമമ്മയുമല്പവുമെ-
ന്നിച്ഛക്കെതിർത്തു പറകയില്ല:
സമ്മതിക്കുന്നു ഞാനൊന്നിലെങ്കിൽ,
സമ്മതമാണവർക്കുമപ്പോൾ.
അത്രയ്ക്കു വാത്സല്യമാണവർക്കീ-
പ്പുത്രിയിലെന്തിനു ശങ്ക പിന്നെ?"

എന്നാത്മവിശ്വാസം വെളിവാക്കി പ്രാണേശനുമായിപ്പിരിഞ്ഞു പോന്ന ചന്ദ്രിക ആ കഥ പ്രിയസഖിയായ ഭാനുമതിയെ പറ ഞ്ഞുകേൾപ്പിക്കുന്ന രംഗമാണ്. ഈ കാവ്യത്തിന്റെ വശീകര



Digitized By Kerala Sahitya Akademi

ണശക്തി ഏററവും സാന്ദ്രീഭവിച്ചുനില്ക്കുന്നതെവിടെയെന്നു ചോദിക്കുന്നതായാൽ, ഒരുപക്ഷേ, ആ രണ്ടാത്മസഖിമാർ കൈകോർത്തുപിടിച്ച് അപ്സരോലോകത്തിലേയ്ക്കുയരുന്ന സംഭാഷണത്തിലെന്നു പറയാം. അനുരാഗത്താൽ അത്യുത്കൃഷ്ടമായ ഒരു കന്യകാഹൃദയത്തേയും അതിന്നനുരോധമായി സ്പന്ദിക്കുന്നൊരു സഖീഹൃദയത്തേയും തന്മയത്വത്തോടുകൂടി ചിത്രീകരിക്കുവാൻ കവിക്കു സാധിച്ചിട്ടുണ്ട്. നീണ്ടും, അപ്പോഴപ്പോ കുറുകിയും, വീണ്ടുമൊന്നു നീണ്ടും പോകുന്ന ആ വികാരഭരിതമായ സല്ലാപം ക്രമേണ കററയൊററ ഈരടികളിലായി ത്വരിതഗതിയിൽ കയറി ആ കന്യകമാരെ സാങ്കല്പികസ്വർഗ്ഗത്തിൽ എത്തിച്ചതു കാണാനെന്തൊരു കൌതുകം! 'ഷീല'യിലെ രണ്ടാംസർഗ്ഗത്തിന്നുശേഷം, റബ്ബർപന്തുകണക്കടിച്ചടിച്ചുയരുന്ന ദിപ്ലവികാരം ഈ രംഗത്തിലേ കണ്ടിട്ടുള്ളൂ. ഇനിയും ഇനിയും എന്നാകാംക്ഷ കയറിക്കൊണ്ടിരിക്കുന്നതിനിടയ്ക്കു പെട്ടെന്ന്,

> "മണി പതിനൊന്നു കഴിഞ്ഞുവല്ലോ;
> മകളേ, നിനക്കിന്നുറക്കമില്ലേ?"

എന്നണിയറയിൽനിന്നെത്തുന്ന ഹ്രസ്വസ്നിഗ്ദ്ധമായ മാതൃശാസനം തികച്ചും സ്വാഭാവികമായിരിക്കുന്നു. നാലാംരംഗത്തിൽ രമണമദനന്മാരുടെ മറെറാരു സന്ദർശനമാണ്. ആ അനുരാഗബന്ധം പിന്നേയും മുറുകിവരുന്നു എന്നതാണ് അവരുടെ പ്രതിപാദ്യം.

> "ആദർശവീണയിൽ പാട്ടുപാടുന്ന ര-
> ണ്ടാനന്ദതന്ത്രികളാണു നിങ്ങൾ;
> എത്താതിരിക്കുമോ നിങ്ങൾതൻ ചാരത്തു
> നിത്യാനുഭൂതിതന്നംഗുലികൾ?"

എന്നിങ്ങനെ മദനൻ സോത്സാഹം ഭാവിയെ സ്വാഗതം ചെയ്യുന്നു. സംശയമെന്നൊന്ന് അയാൾക്കില്ല. പക്ഷേ,



Digitized By Kerala Sahitya Akademi

"വഞ്ചിതനാവുകയില്ലേ ഞാനീന്നിതിൻ
പുഞ്ചിരി നോക്കി മദിച്ചുനിന്നാൽ!"

എന്നന്തർമ്മാരകമായി ശങ്കാവിഷം കയറിക്കയറിവരികയാണ് രമണനിൽ. മററിടയന്മാർ വരുന്നതു കണ്ട് ആ സ്നേഹിതന്മാർ സംഭാഷണം മതിയാക്കി ആ രസികപ്പരിഷയൊന്നിച്ചു വനത്തിന്റെ വേറൊരു ഭാഗത്തേയ്ക്കു മറയുന്നതോടെ, അണിയറയിൽ നിന്നു്,

"ഏകാന്തകാമുക, നിന്റെ രഹസ്യങ്ങൾ
ലോകം മുഴുവൻ നിറഞ്ഞുപോയ!"

എന്നാരംഭിച്ച്

"സങ്കല്പലോകമല്ലീപ്രപഞ്ചം"

എന്നവസാനിക്കുന്നൊരു കൊച്ചുഗാനം പുറപ്പെടുന്നതു രമണനാശങ്കിച്ചവിധം കഥ ദുർഘടസന്ധിയിലേയ്ക്കു കടക്കുകയാണെന്നു സൂചിപ്പിക്കുന്നു. പിന്നത്തെ രംഗത്തിൽ ചന്ദ്രികാരമണന്മാരുടെ മധുരസല്ലാപങ്ങൾ—ഒരാണ്ടിനുള്ളിൽ പരിണതമായി പരമാസ്വാദ്യമായിത്തീർന്ന രാഗമധുരിമ വഴിഞ്ഞൊഴുകുന്ന സല്ലാപം. 'റോമിയോ ആൻറ് ജൂലിയററ്' എന്ന ഷെക്സ്പീരിയൻനാടകത്തിലെ ഗൃഹാന്തവാടികാരംഗത്തെ അനുസ്മരിപ്പിക്കുന്ന ഈ സന്ദർശനത്തിന്റെ അവസാനത്തിൽ ചന്ദ്രിക മാളിക വിട്ടു രമണനൊന്നിച്ചിറങ്ങി വനാന്തരവിഹാരത്തിനൊരുങ്ങുന്നതും ദുഷ്കിണാമശങ്കിയായ രമണൻ,

"നിന്നെയൊരിക്കൽ ഞാൻ കൊണ്ടുപോകാം;—
മിന്നു വേ,ണ്ടിന്നു വേ,ണ്ടോമലാളേ!"

എന്നു പറഞ്ഞു് ആ സംരംഭത്തെ വിലക്കുന്നതും

"ഏകനായ്ത്തന്നിന്നാക്കാട്ടിലേയ്ക്കു
പോകട്ടേ, പോകട്ടേ, ചന്ദ്രികേ ഞാൻ"



Digitized By Kerala Sahitya Akademi

എന്നിറങ്ങുന്ന പ്രാണപ്രിയനെ,

"ഭാവനാലോലനായേകനായ് നീ
പോവുക പോവുക, ജീവനാഥ!"

എന്നു് ആ രാഗപരവശയായ കന്യക സമംഗളാശംസം യാത്രയാക്കുന്നതും രസികൻകല്പനകൾതന്നെ! രമണൻ പോകുന്നപോക്കും ആ സുകുമാരരൂപത്തെ അപ്രത്യക്ഷമാകുംവരെ നോക്കിയങ്ങനെ നില്ക്കുന്ന ചന്ദ്രികയുടെ ആ നില്പും ഒന്നു കാണേണ്ടതാണു്. ജീവിതത്തിൽനിന്നു ചീന്തിയെടുത്ത ഒരൊന്നാന്തരം ചിത്രം. കാമുകരൂപം പച്ചപ്പടപ്പിൽ മറയുന്നതോടുകൂടി അവളുടെ കണ്ണുകളിൽനിന്നു രണ്ടശ്രുകണങ്ങൾ അടന്നുവീഴുന്നതും ഒപ്പം അണിയറയിൽനിന്നു 'ചന്ദ്രികേ!' എന്നൊരു വിളി ഉണ്ടാകുന്നതും രംഗസമാപ്തിയെ സുഭദ്രമാക്കിയിട്ടുണ്ടു്.

രണ്ടാംഭാഗത്തിന്റെ ഉപക്രമരംഗം വിശേഷിച്ചൊരു മട്ടാണു്. പ്രകൃതിയുടെ പൂമച്ചായ വനസങ്കേതത്തിൽവെച്ചു്, നായികാനായകന്മാർ കൈമെയ് മറന്നു മേളിച്ചാനന്ദപുളകംകൊള്ളുന്നതിനെ അത്രയും കമനീയമായും എന്നാൽ അനഭിനേയമെന്നൊട്ടും തോന്നിക്കാതെയും കാണിക്കണമെന്നതാണു് അവിടെ കവിക്കുദ്ദേശം. അതിനു് അദ്ദേഹമെടുത്ത വിദ്യ മലയാളത്തിൽ നവീനവും അത്യഭിനന്ദനീയവുമായ ഒന്നാണു്. രമണൻ ആ വനസങ്കേതത്തിൽ ഓടക്കുഴൽ വായിച്ചു് ആരണ്യകലോകത്തെ 'ചാരുസംഗീതത്തിൽ മുക്കി' സകലവും വിസ്മരിച്ചങ്ങനെ നടക്കുന്നു. അണിയറയിലേയ്ക്കു തിരിഞ്ഞു് അവന്റെ ആ നടപ്പിനെച്ചൊല്ലി ഒരു ഗണം ഗായകന്മാർ പാടുന്നതായിട്ടാണു് രംഗാരംഭം. അവർ പോയ്ക്കഴിയുമ്പോൾ അതാ മറ്റൊരു സംഘം ഗായകന്മാർ. അവർ കാണുന്നതു പാടിപ്പാടി,

"ഒരു പൂത്ത മരത്തിന്റെ തണൽച്ചുവട്ടിൽ
ഓമൽത്തൃണങ്ങൾ വിരിച്ച പട്ടിൽ
കമനീയമായൊരു കവിതപോലെ
രമണനുറങ്ങിക്കിട"ക്കുന്നതായിട്ടാണു്. അരങ്ങത്തു നി



Digitized By Kerala Sahitya Akademi

ന്നണിയറയിലേയ്ക്കു നോക്കി ആ കാമുകന്റെ മധുരസ്വപ്നങ്ങളെക്കുറിച്ച് അവർ പാടുന്നു. ആ സംഘത്തിന്റെ തിരോധാനത്തിന്നുശേഷം വനത്തിലൊരു ഭാഗത്തുനിന്നു ചന്ദ്രിക പ്രവേശിച്ചു രംഗത്തിന്റെ മറുഭാഗത്തൂടെ മറയുന്നു. ചന്ദ്രികാരമണന്മാരുടെ രഹസ്സമാഗമമായെന്നാണ് അവിടെ വിവക്ഷയെന്നു പറയേണ്ടല്ലോ. താമസിയാതെ ഗായകസംഘങ്ങൾ ഒന്നിനു പിന്നിൽ മറ്റൊന്നെന്ന ക്രമത്തിൽ പ്രവേശിക്കുന്നു. രമണന്റെ ഭാഗ്യാനുഭൂതിയെക്കുറിച്ചാണ് അവരുടെ സംഭാഷണം. രണ്ടാമത്തെ സംഘക്കാർ അതിനിടയ്ക്ക് അണിയറയിലേയ്ക്കു സൂക്ഷിച്ചുനോക്കി ആ കാമിനീകാമുകന്മാരുടെ ഹൃദയാനുരഞ്ജനപാരമ്യത്തിൽ വിരിഞ്ഞു വിളങ്ങിയ നിഷ്കപടലീലാകലവികൾ വാഴ്ത്തിപ്പാടി,

“ഒരിക്കലും മറക്കുകില്ലീ വനാന്തം
നേരിട്ടുകണ്ടൊരീ രാഗരംഗം”

എന്നു കൃതാർത്ഥരാകുന്നു. കാനനസൗഭഗവായ്പിനേയും അതൊന്നിച്ചൊഴുകുന്ന ആയർകുലജീവിതത്തേയും, ചുറ്റിത്തിരിഞ്ഞുകൊണ്ടിരിക്കുന്നൊരു ചിത്രപംക്തികൊണ്ടെന്ന കണക്ക്, ഒന്നു കാട്ടി ഉടനെ മാറ്റി അങ്ങനെ പല രംഗങ്ങളിലായി പ്രദർശിപ്പിക്കുകയും അതിനിടയിൽ മേൽപ്പറഞ്ഞ രഹസ്സമാഗമത്തെ വേണ്ടിടത്തോളംമാത്രം സമാവിഷ്കരിക്കുകയും ചെയ്യുന്ന ഈ കല്പനാവിശേഷം മഹാകവികൾക്കുപോലുമഭ്യസൂയാർഹമായ ഒന്നാണ്. അടുത്ത രംഗത്തിൽ വെളുപ്പിനു കുളിച്ചു ദേവദർശനം കഴിഞ്ഞു മടങ്ങുന്ന ചന്ദ്രികയും ഭാനുമതിയും പ്രത്യക്ഷപ്പെടുന്നു. സംഭാഷണവിഷയം ‘സംഗീതദേവതയാമൊരു ഗന്ധർവ്വ’നായ ആ കൊച്ചാട്ടിടയൻതന്നെ. തന്റെ ജീവിതത്തിന്നു് ഒരുത്സവമാണ് അവനെന്നും,

“രോമഹർഷങ്ങൾ വിതച്ചുകൊണ്ടീ വഴി_
യാ മദനോപമൻ പോയിടുമ്പോൾ”



Digitized By Kerala Sahitya Akademi

താനാനന്ദനിൎവ്വാണമടയുന്നുവെന്നുമൊക്കെ അവളാവൎത്തിച്ചാവൎത്തിച്ചു പറയുന്നു. പക്ഷേ—അതേ ഒരു 'പക്ഷേ' അവളെ വിഷമിപ്പിച്ചുതുടങ്ങീട്ടുണ്ടു്. ഭാനുമതി ആ പരിണാമത്തെപ്പിടിച്ചു തോഴിയെ വിദഗ്ദ്ധമായനുശാസിക്കുന്നു. എന്തായാലും,

“മാമകജീവിതമാകന്ദത്തോപ്പിലാ
മാന്മഥകോമളനല്ലാതാരും
തേൻപെയ്യും ഗാനം പൊഴിച്ചണയില്ലൊരു
ദാമ്പത്യമാല്യവും കയ്യിലേന്തി.”

എന്നു ശപഥംചെയ്തിട്ടേ അവളടങ്ങുന്നുള്ളു. തുടൎന്ന രംഗം ചന്ദ്രികയുടെ ഗൃഹോപവനത്തിൽവെച്ചാണു്. സാധകബാധകങ്ങൾ സകലവും പൎയ്യാലോചിച്ചു ചന്ദ്രിക രമണനെ മാലയിട്ടു വരിക്കുന്നു. സ്വയംവരത്തിലെത്തിക്കുന്ന ആ സമാഗമത്തിന്റെ പടികളോരോന്നും സ്ഥാനസ്ഥിതമായിട്ടും അന്യോന്യഭാഷണങ്ങളുടെ ദൈൎഘ്യം വികാരോജ്ജ്വലതയ്ക്കു ബാധകമായിരിക്കുന്നു. പൂൎവ്വരംഗങ്ങളിൽ ഗുളികാപ്രായം മുറുകിക്കണ്ട ഏൽഭാവങ്ങൾ ഈ രംഗംതൊട്ടു് ആസവപ്രായം അയഞ്ഞയഞ്ഞുപോകുന്നില്ലേ എന്നൊരു തോന്നൽ. രംഗാവസാനത്തിൽ,

“കഷ്ടമായി, നിന്നാശകളെല്ലാം
വ്യൎത്ഥമാണിനിച്ചന്ദ്രികേ!
അസ്സുമുഖനാമാട്ടിടയനെ
വിസ്മരിക്കുവാൻ നോക്കു നീ!
താവകാമലാകാശത്തിലിതാ
താവുന്നുണ്ടൊരു കാർമുകിൽ
നിശ്ചയിച്ചുകഴിഞ്ഞു, നിൻ വിവാ-
ഹോത്സവത്തിൻ സമസ്തവും.”

എന്നു തിരശ്ശീലയ്ക്കു പിന്നിൽനിന്നുണ്ടാകുന്ന അറിയിപ്പു രാഗബന്ധത്തിൽ അടിച്ചു കയററിയ ചിററാണി ഊരിത്തെറിക്കാൻ വളരെ താമസമില്ലെന്നു സൂചിപ്പിക്കുന്നുണ്ടു്. ഇനിയത്തെ രാഗ



Digitized By Kerala Sahitya Akademi

അർദ്ധരാത്രി ചന്ദ്രികയുടെ മണിയറയിൽവെച്ചാണ്. അവൾ മാത്രമേയുള്ളു. ഒരു ഭാഗത്തു സമുദായമപ്പാടെയും അതിനെ പരിരക്ഷിക്കുന്നതു വലിയൊരു കരണീയമായെണ്ണുന്ന പിതൃജനങ്ങളുടെ ശാസനവും, എതിർഭാഗത്തു് ആ കാമുകോത്തമനോടു പ്രതിജ്ഞാതമായ പ്രണയവുമായി, ഒരു മഹാസമരം നടക്കുന്നു അവളുടെ മനസ്സിൽ. അതിന്റെ ഭിന്നഭിന്നഘട്ടങ്ങൾ ഇടയ്ക്കിടയ്ക്കു 'ടോർച്ചടിച്ചു' കാണിക്കുന്നതാണു് അവളുടെ ദീർഘാത്മഗതം. അതിൽവെച്ചു് അവൾക്കുണ്ടാകുന്ന ഹൃദയപരിണാമം അല്പം വിചിന്തനീയമായിരിക്കുന്നു. എതിരറ്റുക്രൂരമ്പാരത്തേയും രാഗരശ്മി വീശിപ്പിളന്നു നവമായൊരു സുപ്രഭാതത്തെ സൃഷ്ടിക്കാമെന്നുറച്ചു് ആത്മാർപ്പണം ചെയ്തുകഴിഞ്ഞ ഒരു നായിക പെട്ടെന്നിങ്ങനെ പിന്മാറുകയോ! യാഥാർത്ഥ്യം മറച്ചിട്ടില്ലെന്നേയുള്ളു എന്നു പറഞ്ഞേയ്ക്കാം കവി. എന്നാലും അവളെക്കൊണ്ടു കഠാരിയെടുപ്പിച്ചതു വായനക്കാരനോ പ്രേക്ഷകനോ പ്രതീക്ഷിക്കാത്തത്ര വേഗത്തിലായെന്നും അവളുടെ പിന്മാററത്തിന്നു പ്രേരകമാകുന്ന പ്രതിപക്ഷത്തിന്റെ ശക്തി കാണിച്ചതു മതിയായില്ലെന്നും ഒരാവലാതിക്കിടയുണ്ടു്. Truth is stranger than fiction (സംഭവം കല്പിതത്തേക്കാളും അസംഗതമാകാം) എന്നുണ്ടല്ലോ. ഈ ഘട്ടത്തോടെ നായികയുടെ സ്വഭാവം അധഃപതിക്കുകയാണു്.

"എന്തു വന്നാലുമെനിക്കാസ്വദിക്കണം
മുന്തിരിച്ചാറുപോലുള്ളൊരിജ്ജീവിതം!"

എന്നൊരു തിളച്ചുമറിയുന്ന ഭോഗലാലസയായി തരംതാഴുന്നു, അവളുടെ പ്രേമം. അതേവരെ പൂജിച്ചിരുന്നതൊക്കെ അവളെടുത്തു വലിച്ചെറിയുന്നു. പിതൃജനാദരവ്രതത്തിനു ബലിയോ ചന്ദ്രിക? അതു വിശ്വസിക്കുവാൻകഴിയുന്നില്ല. അവൾ സ്ത്രീഹൃദയത്തിന്റെ പ്രവാഹത്തെ ഒരു രാത്രികൊണ്ടണകെട്ടി പിന്നോക്കമിറക്കിയിരിക്കുകയാണു്. അതിനു നാം വേണ്ട, അവളെ കുററപ്പെടുത്താൻ.

വന്ന

Digitized By Kerala Sahitya Akademi

അവളുടെ ഇഷ്ടതോഴി, ആ വിവേകിനിയായ ഭാനുമതിതന്നെ അവളെ വിളിച്ചുനിർത്തി 'ക്രോസ്' ചെയ്യുന്നുണ്ട്—ശ്രീരാമനോടു ഞായം ചോദിക്കുന്ന വാസന്തിയുടെ വൈഭവത്തോടുകൂടി. നാലാംരംഗം നോക്കുക. അതവസാനിക്കുമ്പോൾ കുററം സമുദായനീതിക്കെന്നതിലുമധികം ചന്ദ്രികയ്ക്കുതന്നെയെന്നു സ്പഷ്ടം. ഗായകസംഘത്തിൻെറ ഉപസംഹാരം നായകനൈരാശ്യത്തിൻെറ കൊടുംവിഷനാളത്തിലൂടെ വരാനിരിക്കുന്ന സംഹാരത്തിനുപക്രമമായിട്ടുണ്ട്. അഞ്ചാംരംഗം വനാന്തരാളത്തിൽനിന്നു കേൾക്കുന്നു വിഷാദപര്യാകുലമായ ഗാനംകൊണ്ടാരംഭിക്കുന്നു. ഇതു കേട്ടുണരുന്ന മദനൻ സ്നേഹിതൻെറ ദുർദ്ദശാപരിപാകത്തെക്കുറിച്ചോർത്തു മുഖം വിളറി ഒരു മരച്ചുവട്ടിൽ പൊങ്ങിനില്ക്കുന്നൊരു വേരിന്മേൽ തലയും കയ്യുംകൊടുത്തു ചാരിയിരിക്കുകയാണ്. അവൻെറ സഹാനുഭൂതിയിൽനിന്നു് ഒരു വ്യാകുലഗാനം പൊഴിയുന്നു. ആ ഗാനത്തോടുകൂടി മദനൻെറ സൗഹാർദ്ദത്തിനു വിലയല്പം ഇടിയുന്നില്ലേ? ആരംഭംതൊട്ടേ രമണനിൽ നിഴലടിച്ചിരുന്ന പരാജയഭീതിയെ തടിപ്പിക്കേണ്ടെന്നു കരുതി വകതിരിവോടെ അയാളെ പ്രോത്സാഹിപ്പിച്ചുപോന്നു എന്നു വെച്ചിട്ടു മദനൻ ആ രാഗകഥയിലെ അപകടസന്ധിയെപ്പററി അതേവരെ ആലോചിച്ചിട്ടില്ലെന്നു വരാമോ? എന്നല്ല അങ്ങനെയൊരു വിപരീതഗതിക്കു വിളംബമില്ലെന്നു തോന്നുമ്പോഴും,

"നീ മറഞ്ഞാലും തിരയടിക്കും
നീലക്കുയിലേ, നിൻ ഗാനമെന്നും!"

എന്നൊരാശംസയോടെ ചുമലൊഴിഞ്ഞു നില്ക്കുന്നതു് ഉറച്ച സൗഹാർദ്ദത്തിനിണങ്ങിയതോ? ഏതായാലും ആ നിസ്സഹായതാഗാനത്തെ രമണൻെറ പ്രവേശം വിച്ഛേദിച്ചതു നന്നായി. ഇരുപേരും കട്ടാദ്ദുഃഖത്തിനു പുഞ്ചിരികൊണ്ടു വെങ്കളിയിടുവാൻ ക്ലേശിക്കുന്നു. പിന്നെ ഒരു കൊച്ചുകുശലാനുയോഗമാണ്.



Digitized By Kerala Sahitya Akademi

“അക്കൊച്ചുതേന്മാവിൻ മുട്ടിൽനിന്നീ-
ശ്ശർക്കരമാമ്പഴം വീണുകിട്ടി;
ഞാനതും സൂക്ഷിച്ചുവെച്ചു, നിന്നെ-
ദ്ധ്യാനിച്ചിരിക്കുകയായിരുന്നു!”

എന്ന മദനോക്തി എററവും ഹൃദയാവർജ്ജകമായിട്ടുണ്ടു്. ഇടിഞ്ഞ സൗഹാർദ്ദത്തിനു് അതു നല്ലൊരൂന്നായിരിക്കുന്നു. അപ്പുറം ആ പ്രാണമിത്രങ്ങളുടെ കരളുരുക്കുന്ന വികാരവിനിമയമാണു്.

“നിസ്സാരയാമൊരു പെണ്ണുമൂലം
നിത്യനിരാശയിൽ നിൻെറ കാലം
ഈവിധം പാഴാക്കുകെന്നതാണോ
ജീവിതധർമ്മം? ഒന്നോർത്തുനോക്കൂ!”

എന്നിങ്ങനെ സ്നേഹിതൻെറ പ്രണയത്തെ വിരോപണംചെയ്യാൻ മദനൻ ശ്രമിക്കുന്നുണ്ടു്. പക്ഷേ,

“കഷ്ടം കൊതിയുണ്ടു പാടുവാനെൻ-
ചിത്തമുരളി തകർന്നുപോയി!
ഇക്കണ്ണുനീരും നിരാശയുമാ-
യൊററയ്ക്കു ഞാനീ വനാന്തരത്തിൽ
ഹാ! മരണത്തിൻ സമാഗമം കാ-
ത്തീമട്ടിരുന്നു കരഞ്ഞുകൊള്ളാം.”

എന്നുവരെ മജ്ജാതന്തുക്കളെ കരണ്ടൊടുക്കിയിരിക്കുന്ന ആ പ്രണയം പിന്നെ ഒന്നഴിച്ചുകെട്ടിയാലുണ്ടോ വാടുന്നു, ഉണങ്ങുന്നു?

ഇനിയത്തെ ഭാഗത്തിൽ, രമണമദനന്മാരുടെ അന്തിമസന്ദർശനം, ചന്ദ്രികയുടെ വിവാഹദിവസം രാവിലെ മദനൻെറ സകലകാര്യപരാമർശകമായ വിലാപം, അന്നുതന്നെ അർദ്ധരാത്രി മരണത്തെ സ്വാഗതംചെയ്യുന്ന രമണൻെറ മാനസോപപ്ലവവിജ്ഞാപനം, രമണൻെറ ജഡം കണ്ടമ്പരന്നു മിത്രമരണത്തോടു



Digitized By Kerala Sahitya Akademi

ബന്ധപ്പെട്ട സകലത്തിനോടും തട്ടിക്കയറിക്കൊണ്ടുള്ള മദനന്റെ നിലവിളി എന്നിങ്ങനെയാണ് രംഗങ്ങൾ. അവയ്ക്കു പൊതുവേ ഒരു തരക്കേട് പററിയിട്ടുണ്ട്. എത്തേണ്ടിടത്തെത്തുംമുമ്പു പൊട്ടിപ്പുറപ്പെടുന്ന അമിട്ടുപോലെയാണ് ആദ്യത്തെ രംഗം രണ്ടും. കഥാഗതിയനുസരിച്ചു നടക്കാനിരിക്കുന്നതേയുള്ളു മരണം. പക്ഷേ, അനുഭവമനുസരിച്ച് അതങ്ങു നടന്നുകഴിഞ്ഞതായി വെച്ചുംകൊണ്ടല്ലേ ആ രംഗങ്ങളിലെ പ്രസ്താവനകളുടെ ഗതി എന്നു തോന്നിപ്പോകുന്നു. തീരുമാനപ്പെട്ടൊരു സംഗതിയിൽ ഇനിയൊന്നും തനിക്കു കരണീയമായില്ലെന്നൊരു മട്ടിലാണ് മദനന്റെ ദീർഘദീർഘമായ നിരൂപണം. ആ രംഗങ്ങളിലും ശരി, അന്തിമരംഗങ്ങളിലും ശരി, പാത്രങ്ങൾ കഥയുടെ പൊഴിയിൽ നിന്നു തെററി കഥാകാരന്റെ കൈപ്പമ്പരങ്ങളായിത്തീർന്നിരിക്കുന്നു. അതിഭാഷണം എല്ലാററിലും—വിശേഷിച്ചവസാനത്തേതിൽ—വിപരീതഫലം ചെയ്തിരിക്കുന്നു. ശാന്തഗംഭീരമായിത്തീരേണ്ട കരുണം പരഭാഗശോഭ കളഞ്ഞു രൗദ്രബീഭത്സഭയാനകസങ്കുലമായിപ്പോയിരിക്കുന്നു. ഇതൊരു വല്ലാത്ത അനൗചിത്യമായെന്നാരും പറയും. പക്ഷേ, കവിയുടെ ഭാഗത്തുനിന്ന് അല്പം വാദിക്കാൻ വകയില്ലെന്നില്ല. ചെറുപ്പത്തിൽ തനിക്കുണ്ടായൊരു സ്വതീവ്രാനുഭവത്തെ ആ ചെറുപ്പത്തിന്റെ കത്തിക്കാളുന്ന വികാരത്തോടും ഭാവനയോടുംകൂടി രൂപപ്പെടുത്തി പ്രതിപാദിച്ചതാണിക്കാവ്യം. അതിന്റെ അന്തിമഘട്ടത്തിൽ—ദാരുണദാരുണമായ പരിണാമത്തിന്റെ ഘട്ടത്തിൽ—അദ്ദേഹം അനുഭവസ്മരണാകുലനായി അനീതിപക്ഷത്തോട് അല്പം അരിശപ്പെട്ടുവെന്നതു് ഒരുവിധത്തിൽ മർഷണീയമായിരിക്കുന്നു. യാതൊരനുഭവത്തോടും കടപ്പാടില്ലാതെ കലാശില്പത്തിനൊത്തവിധത്തിൽ ഭാവനയെ സഞ്ചരിപ്പിക്കാൻ തികച്ചും സ്വാതന്ത്ര്യം സുപരീക്ഷിതവൈഭവരുമായ മഹാകവികൾതന്നെ ഒട്ടുക്കുമെന്നല്ല, ഇടയ്ക്കിടയ്ക്കും, അപകവൻ

Digitized By Kerala Sahitya Akademi

ടങ്ങൾ കാണിച്ചിട്ട് അതെല്ലാം 'മാപ്പാക്കിക്കളയാ'നേയുള്ളൂ" എന്നൊരാശ്യം കാണിക്കുന്ന നമ്മുടെ സഹൃദയന്മാക്ക് അതു തീച്ചയായും മഷണീയമായിരിക്കും.

പ്രണയവൈഫല്യംവഴി ശോകപയ്യവസിതമായ രമണജീവിതം നമ്മുടെ സഹാനുഭൂതിയെ അഹിക്കുന്നുവോ? കാവ്യത്തിൽ കാണുന്ന പടിക്കു രമണനുള്ളതു്, ഒരാദശത്തിനുവേണ്ടി ജീവിച്ചു്, പരിതസ്ഥിതലോകം അതിനെ യഥോചിതമറിഞ്ഞഭിനന്ദിക്കുന്നില്ലെന്നു വരുമ്പോൾ കണ്ണിതപ്പെട്ടു പരാജയം വരിക്കുന്ന ഒരു കലാകാരൻെറ വികാരംനിറഞ്ഞ ഹൃദയമാണ്. തനിക്കൊരു മാഹാത്മ്യം—അനിതരസാധാരണമായൊരു മാഹാത്മ്യം—ഉണ്ടെന്നാത്മാത്ഥമായി വിശ്വസിക്കുക, അതു് അതഹിക്കുന്നത്ര അഭിവന്ദിതമല്ലാതാകുമ്പോൾ മനസ്സുകൊണ്ടപകഷപ്പെട്ടുപോവുക, ആ അപകഷബോധം നീറിപ്പിടിച്ചു ജീവിതത്തോടാകെ വല്ലാത്ത വെറുപ്പായിത്തീരുക, എന്നിട്ട് അപരാധമെല്ലാം യാഥാസ്ഥിതികലോകത്തിൻെറ നെറുകയിൽ വെച്ചുകെട്ടി താനേ അന്തരിക്കുക—ഈ പ്രകൃതിക്കാരായ ഒരു ഗണം റൊമാൻറിക്കവികളില്ലേ? രമണനെ അത്തരത്തിലൊരാളായെടുക്കാം. അഭിജാതന്മാരുടെ നീതിയാൽ പിൻതള്ളപ്പെട്ട പിൻതള്ളപ്പെട്ട് അയാൾ പൊട്ടിത്തെറിക്കാറായ ഒരഗ്നിപവ്വതംപോലെയായി. അയാളുടെ ആത്മഹത്യ The inevitable defeat of the 'ideal' by the 'real' (അനുഭവത്താൽ അവശ്യം തോല്പിക്കപ്പെടുന്ന ആദശം) എന്നതിനു ദൃഷ്ടാന്തമായിരിക്കുകയാണ്. ചന്ദ്രികയെ അയാൾ സ്നേഹിച്ചു; തനിക്കുള്ളതെന്തെന്നും തന്നോടടുത്തുള്ളാവുന്ന ബാഹിസ്സക്തികളേവയെന്നും പലവട്ടം വെളിപ്പെടുത്തി അധികമധികം സ്നേഹിച്ചു. എന്നല്ല, സവ്വാദശവിഗ്രഹമായാരാധിക്കുകയും ചെയ്തു—'ഡാൻറി' 'ബിയട്രിസി'നെ എന്നപോലെ. ആ ഗാഢബന്ധം നിഷേധിക്കപ്പെട്ടപ്പോൾ തൻെറ സകലവൈഭ



Digitized By Kerala Sahitya Akademi

വങ്ങളും—തന്റെ അസ്തിത്വംപോലും—നിഷേധിക്കപ്പെട്ടെന്നു തോന്നി; അയാളങ്ങാത്മഹത്യ ചെയ്തു.

താൻ ജീവിതചന്ദ്രികയായി പൂജിച്ച ആ ചന്ദ്രികയിൽ രമണൻ യാതൊരു കളങ്കവും കണ്ടില്ല. കാണുമെന്നു മദനൻതന്നെ പറഞ്ഞിട്ടും അയാൾ വിശ്വസിച്ചില്ല. കാട്ടിക്കൊടുത്തിരുന്നെങ്കിലോ, കണ്ണു വഞ്ചിച്ചതായേ അയാൾ എണ്ണുമായിരുന്നുള്ളൂ. അയാൾ എതിർത്തതു ചന്ദ്രികയുടെ മനംമാററത്തോടോ? അല്ല, അഭിജാതപ്പരിഷയുടെ വ്യക്തിപ്രഭാവാവധീരണത്തോടാണ്. ആ പ്രത്യാഖ്യാനം അല്പം അർത്ഥവത്താണെന്നു സമ്മതിക്കണം. സമുദായത്തിന്നു് അതിൽനിന്നൊരു പാഠം പഠിക്കാനുണ്ടു്; പക്ഷേ, ഒരു പ്രണയവൈഫല്യത്തിന്റെപേരിൽ—മറുഭാഗത്തെ വികാരസ്ഫുരിതമായ അഭിനന്ദനത്തെ, 'മെനി' അഭിപ്രായപ്പെട്ടുംപോലെ, ആദർശപ്രേമത്തിന്റെ പര്യായമായി തെററിദ്ധരിച്ചിട്ടുണ്ടു യൊരു പ്രണയനൈരാശ്യത്തിന്റെ പേരിൽ—സ്വജീവിതത്തെ ഹനിച്ച് സമുദായഭർത്സനം ചെയ്യുന്നതു് എത്രത്തോളം ഫലവത്താണു്? അതിലും ഭേദം ഒരുപടി യാഥാർത്ഥ്യങ്ങളിലേയ്ക്കിറങ്ങി നിന്നു പൗരുഷത്തോടെ നീതിപരിഷ്കാരത്തിന്നുവേണ്ടി പൊരുതുന്നതല്ലേ? പക്ഷേ, അതിനു വേണ്ട മനോബലം—സംസ്കാരത്തിൽ കാച്ചിയെടുത്ത മനോബലം—രമണനില്ലാതെ പോയി.

''കണ്ണുനീരോടെതിർത്തു നില്ക്കുവാൻ
കർമ്മധീരനുമല്ലവൻ.''

കർമ്മവിരക്തി—അതു രമണനെപ്പോലുള്ള ഒരു ഗണം റൊമാൻറിക്കവികളുടെ ഭാഗ്യക്കേടാണു്. ചുരുക്കത്തിൽ രമണന്റെ പരാജയസമ്മതം അയാളുടെ പ്രായത്തിന്നും പ്രകൃതിക്കും ഒത്തതായെന്നേയുള്ളൂ. Life, which is a comedy for those who think, is a tragedy for those who fell—Walpole. (ജീ



Digitized By Kerala Sahitya Akademi

പിതം വിചാരശീലന്മാൎക്കു ശുഭാന്തമാണെങ്കിൽ വികാരഭരിതന്മാൎക്കു് അശുഭാന്തമാണു്.)

കഥയുടെ മുതൽ അഴിഞ്ഞഴിഞ്ഞു പോകുന്തോറും രമണന്റെ ആദൎശാനുരൂപമായ ആത്മവത്തയും അതു വിലമതിക്കപ്പെടാത്തതിനാൽ അകത്തു പുകഞ്ഞുകൊണ്ടിരുന്ന വിഷാദവും അവതമ്മിൽ മത്സരിച്ചു ഉന്മാദത്തിലെത്തിച്ച ജീവിതവും യഥാരൂപം പ്രദൎശിതമാകുന്നതിനാൽ സഹൃദയന്മാൎക്കു് അയാളോടുണ്ടാകുന്ന സഹതാപത്തെ അടിസ്ഥാനപ്പെടുത്തി ഈ കാവ്യം ഒരു യഥാൎത്ഥവിലാപകൃതിയുടെ ഫലം ചെയ്യുന്നുണ്ടെന്നു പറയാം. ഒരു നാടകീയാരണ്യകകാവ്യത്തിന്റെ രൂപത്തിൽ ഒളിഞ്ഞുനിന്നതുകൊണ്ടു നായകോല്ക്കൎഷം മങ്ങിപ്പോയിട്ടില്ല. വിലപിക്കുന്നവന്റെ ആത്മവിശുദ്ധിക്കു കോട്ടം തട്ടിയിട്ടുമില്ല. അന്തിമഘട്ടത്തിൽ മദനന്റെ രോദനങ്ങൾ വേറിട്ടു നില്ക്കുന്ന വിലാപങ്ങളാവുകയും, എന്നാൽ കഥയാൽ ജാഗരിതമായ ശോകത്തെ ശക്തപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്. ദുരന്തത്തെ കണ്ടുംകൊണ്ടു നിന്നു പൊട്ടിപ്പുളരുന്ന ഒരു മിത്രമനസ്സിന്റെ വിലാപം വികാരവിപ്ലവമായിരിക്കുമെങ്കിൽ പൂൎണ്ണമായും അതായിട്ടുണ്ടു്, മദനന്റെ രോദനം. സംഭവത്തിൽനിന്നു കുറെ അകന്നു വികാരത്തെ സംയമനംചെയ്തു നല്ലൊരു വിചിന്തനത്തിന്റെ ഫലമായെഴുതുന്ന വിലാപകൃതികളിലെ ഒഴിച്ചാലും ഒഴിയാത്ത കൃത്രിമത മദനോക്തികൾക്കു പററിയിട്ടില്ല. പക്ഷേ, വികാരത്തിന്റെ പരക്കംപാച്ചലിൽ മനുഷ്യന്റെ കനക്കുറവു കാണിക്കുന്ന കുറെ പ്രലപനങ്ങൾ വന്നുപോയിട്ടുണ്ടു്. നായകൻ ഏതൊരു നീതിസംഹിതയുടെ നേരെ ഉഗ്രപരിഹാസംകൊണ്ടൊരു ചോദ്യചിഹ്നമുയൎത്തിയോ, അതിന്റെ സവിസ്തരമായ ഭാഷ്യമാണു് ആ പ്രലപനങ്ങളെന്നിരുന്നാലും അവ കാവ്യശില്പത്തിന്റെ ചടിപ്പൊന്നു കുറച്ചിരിക്കുന്നു.



Digitized By Kerala Sahitya Akademi

ശ്രീ: ചങ്ങമ്പുഴയുടെ ശൈലിക്കു പേർപെററ ചില മേന്മകളുണ്ട് — കണ്ണും കരളും കുളുർപ്പിക്കുന്ന സാംഗീതമാധുര്യവും, കണ്ണഞ്ചിക്കുന്ന രൂപകല്പനാപാടവവും, ഹൃദയം കവരുന്ന സാരള്യവും. ബാല്യകൃതിയായ രമണനിൽത്തന്നെ തെളിഞ്ഞിട്ടുണ്ട് അവയെല്ലാം. നോക്കുക:

"കണ്ടിട്ടില്ല ഞാനിവിധം മലർ-
ച്ചെണ്ടുപോലൊരു മാനസം
എന്തൊരത്ഭുതപ്രേമസൗഭഗം
എന്തൊരാദർശസൗരഭം!
ആ നിധി നേടാനാകയാൽ, സഖീ,
ഞാനൊരു ഭാഗ്യശാലിനി!
സിദ്ധിയാണവൻ, ശുദ്ധിയാണവൻ,
സത്യസന്ധതയാണവൻ!
വിത്തമെന്തിനു, വിദ്യയെന്തിനാ
വിദ്യുതാംഗനു വേറിനി?
ആട്ടുമേഷ്ക്കളും കാടകങ്ങളിൽ-
പ്പാടിയാടി നടക്കലും;
ഒററ ഞെട്ടിൽ വിടന്നു സൗരഭം
മററിടും രണ്ടു പൂക്കൾപോൽ,
പ്രാണസോദരനായിട്ടൊരു
ഗാനലോലനാം തോഴനും;
വിശ്രമിക്കാൻ തണലെഴുമോരോ
പച്ചക്കുന്നും, വനങ്ങളും;
നിത്യശാന്തിയും, തൃപ്തിയും, രാഗ-
സക്തിയും, മനശ്ശുദ്ധിയും—
ചിന്തതൻ നിഴല്പാടു വീഴാത്തൊ-
രെന്തു മോഹനജീവിതം!"

*　　　*　　　*



Digitized By Kerala Sahitya Akademi

"അവനിയിൽ ഞാനാരൊരാട്ടിടയൻ
അവഗണിതൈകാന്തജീവിതാപ്തൻ!
പുഴകളും കാടും മലയുമായി-
ക്കഴിയും വെറുമൊരധഃപതിതൻ!
അവളോ?—വിശാലഭാഗ്യാതിരേക-
പ്പവിഴപ്പൂങ്കാവിലെ രത്നവല്ലി
കനകവസനങ്ങളോടൊത്തുകൂടി-
ക്കതിരിട്ടുനില്പുണ്ടും കല്പവല്ലി!"

*　　　　　*　　　　　*

"നിശിതമദ്ധ്യാഹ്നമിക്കാനനത്തിൻ
നിറുകയിൽത്തീമഴ പെയ്യു നില്ക്കേ,
അവിടുത്തെച്ഛായാതലങ്ങൾ, കാൺകെ-
ന്നനുപമശീതളകോമളങ്ങൾ!"

ദ്രാവിഡശീലുകളിൽ സംഗീതം പകർന്നുകൊടുക്കുന്നതിൽ ഇക്കാലേ ഒന്നാംസമ്മാനം വാങ്ങിയ കവി വേറെയില്ലെന്നുവേണം പറയാൻ. നയനാവർജ്ജകമാംവണ്ണം വികാരങ്ങൾക്കു തങ്കരേക്കിട്ട രൂപം കൊടുക്കുന്നതിനും ശ്രീ: ചങ്ങമ്പുഴയ്ക്കു നല്ല മിടുക്കുണ്ടു്. വേണ്ടേടത്തോളം അതു ചെയ്യാറുമുണ്ടു്. പക്ഷേ, ഇതിലുമധികം അദ്ദേഹത്തിന്റെ ശൈലിയെ സമകാലികന്മാരുടേതിൽനിന്നു വേർതിരിച്ചുൽക്കർഷപ്പെടുത്തുന്നതു് അതിന്റെ സാരള്യമാണു്. പറയാനുള്ളതു് അദ്ദേഹമങ്ങു പറഞ്ഞാൽ ഉടനെ മനസ്സിലാകുന്നു. അതാണു് പലരേയും അന്ധാളിപ്പിക്കുമാറു് അദ്ദേഹത്തിന്റെ കൃതികൾ സാധാരണന്മാർക്കിടയിൽക്കൂടി ചുഴിഞ്ഞിറങ്ങുന്നതിനിടയാക്കിയ ഹേതുക്കളിൽ പ്രധാനം. വിവക്ഷിതത്തിന്റെ വാക്കെന്നല്ലാതെ വാക്കിന്റെ വിവക്ഷിതം എന്ന നയം അദ്ദേഹത്തെ ബാധിച്ചിട്ടില്ലെന്നു തോന്നുന്നു. അദ്ദേഹം പഴമക്കാരുടെ നോട്ടത്തിൽ വ്യുൽപന്നനോ? അല്ലെന്നേ കാവ്യങ്ങൾ വിളിച്ചുപറയുകയുള്ളു. അ-



Digitized By Kerala Sahitya Akademi

രോ, മലയാളികൾക്കൊരനുഗ്രഹവുമായി. ലിംഗശ്ലേഷങ്ങൾക്കരികെ കുന്തിച്ചിരുന്ന യാതൊരു ഹൃദയസാത്മ്യവുമില്ലാത്ത ഒരുവകമായികാർത്ഥങ്ങൾ തൈക്കിത്തുറപ്പിച്ച്, അതൊരു വലിയ കലാവിദ്യയാണെന്നു ദ്വ്യാശിപിടിച്ച്, സാഹിത്യത്തിനുവേണ്ടി അത്യാർത്തിയോടെ വരുന്ന പാവപ്പെട്ട മലയാളികളെ അമ്പരപ്പിക്കാനും വഞ്ചിക്കാനും അദ്ദേഹത്തിന്നു തോന്നിയില്ലല്ലോ എന്നോർത്താണ് അനുഗ്രഹമെന്നു പറഞ്ഞത്. പിന്നെ അർത്ഥസാന്ദ്രിമയുടെ കാര്യം—ധ്വനിദീക്ഷകൊണ്ടുണ്ടാകേണ്ടതുതന്നെ. അതിലദ്ദേഹത്തിന്റെ നിഷ്കർഷം ഇനി വരേണ്ടതായിട്ടാണിരിപ്പ്. പക്ഷേ, അതൊരു പോരായ്മയല്ല ഇക്കാവ്യത്തിൽ. നാടകീയമാണല്ലോ രൂപം. പാത്രഭാഷണങ്ങളിൽ തുറന്നുപറയലുകൾക്കാണ് അധികം ഔചിത്യമെന്നു പ്രസിദ്ധം. ഒന്നും രണ്ടും ഭാഗങ്ങളിൽ സംഭാഷണങ്ങളൊരോന്നിന്നും ആകപ്പാടെ ഒരുടുക്കുണ്ട്. ധ്വനികാര്യത്തിന്റെ ഒരെത്തിനോട്ടംതന്നെ. അപ്പുറത്തേയ്ക്കു കടന്നപ്പോൾ പറഞ്ഞുപറഞ്ഞങ്ങേറിപ്പോയി.

ഗ്രാമീണസൗന്ദര്യപ്പുളപ്പിന്റെ ഒരു പശ്ചാത്തലമൊരുക്കുക, അതിൽ ഗ്രാമീണാനുരാഗകഥയുടെ കോരിത്തരിപ്പിക്കുന്ന രംഗങ്ങൾ സ്വരൂപിച്ചു യഥാസ്ഥാനം വിനിവേശിപ്പിക്കുക, പാത്രങ്ങളേയും കർമ്മഭാവങ്ങളേയും അത്യുപായകരമായി ഔചിത്യക്ഷതി പററാത്തവിധം ഇണക്കിക്കൊള്ളിക്കുക, യവനനാടകങ്ങളിലെ 'കോറസ്'പോലുള്ള ഗായകസംഘങ്ങളെക്കൊണ്ടിടക്കൊളുത്തിട്ടുവിച്ചു കഥയെ സുഘടിതാവയവമാക്കുക—ഇത്രയും ഈ കാവ്യത്തിലെ നേട്ടങ്ങളാണ്. യൂറോപ്യൻസാഹിത്യത്തിൽനിന്നു് ആരണ്യകകാവ്യങ്ങളുടെ കമനീയശില്പത്തെ നമ്മുടെ ഭാഷയിലേയ്ക്കൊന്നാമതായവതരിപ്പിച്ചതു രമണന്റെ കർത്താവാണ്. അദ്ദേഹം തന്റെ ഏതാനും അനന്തരകൃതികളാൽ ആ കലാസമ്പ്രദായത്തെ അവഗണിക്കാൻ വയ്യാത്തൊരു സാഹിത്യവിഭാഗമാകത്തക്കവണ്ണം പരി



Digitized By Kerala Sahitya Akademi

പോഷിപ്പിച്ചിട്ടുമുണ്ട്. പല കാവ്യങ്ങളും പഴയ കോലങ്ങൾതന്നെ പിന്നെയും പിന്നെയും ചായംതേച്ചുഴിഞ്ഞുവെയ്ക്കുന്നതിൽമാത്രം മനസ്സിരുത്തിക്കൊണ്ടിരിക്കേ, പുതിയൊരു കലാരൂപം ഇത്രയും പണിക്കുററം തീർത്തുതന്നതിൽ ശ്രീ: ചങ്ങമ്പുഴയ്ക്കു ശകാരമല്ലാതെ മററൊന്നുമവകാശപ്പെടാനില്ലെന്നോ? അദ്ദേഹം ചെയ്യുന്നതെന്തു കാണാൻ കണ്ണില്ലാതെ, അല്ലെങ്കിൽ മനസ്സില്ലാതെ, അദ്ദേഹം 'എന്തുചെയ്തു? എന്തുചെയ്തു?' എന്നു വെല്ലുവിളിക്കുന്നവർ ഒരാവേശത്തിന്നു് അങ്ങനെ പറയുമായിരിക്കും. വാസ്തവത്തിൽ ആ അഭിനവകലാരൂപം തീരെ കൊള്ളരുതാത്തതൊന്നാണെന്നു തെളിയിക്കപ്പെടാത്ത കാലംവരെ അതൊരു അസഹിഷ്ണുതയുടെ വെറും പിട്ടുത്തമായേ തീരൂ. മനുഷ്യന്റെ വികാരാംശത്തെപ്പോലെതന്നെ വിചാരാംശത്തെയും ഉജ്ജീവിപ്പിക്കുന്ന സാംസ്കാരികമായൊരു സിദ്ധൗഷധമല്ലായിരിക്കാം രമണൻ. പക്ഷേ, കരുണത്തിൽപ്പോയി തലതല്ലുന്ന ശൃംഗാരത്തെ, തട്ടിത്തടഞ്ഞനൗചിത്യങ്ങളിൽ വീണു കുട്ടിച്ചോറാകാതെ, നാവിൽ വെള്ളംതെളിയിക്കുന്ന ഭോഗലാലസയായി തരംതാഴാതെ, ഉപനിബന്ധിക്കുവാൻ നല്ല ചോരത്തിളപ്പുള്ളൊരു കവിക്കും വേണമെന്നുവെച്ചാൽ കഴിയുമെന്നതിനു രമണൻ നിദർശനമായിരിക്കുന്നുണ്ട്. എനിക്കു് അതിലെ വികാരം 'രാധയുടെ കൃതാർത്ഥത'വരെയുള്ള സുപ്രഥിതകൃതികളിലേതോളംതന്നെ വൈഷയികമായി തോന്നിയിട്ടില്ല.

തൃശ്ശിവപേരൂർ,
30—12—1120.

ജെ. മുണ്ടശ്ശേരി.



Digitized By Kerala Sahitya Akademi

# ഉപക്രമരംഗം

[ഗായകസംഘം]

ഒന്നാമത്തെ ഗായകൻ

മലരണിക്കാടുകൾ തിങ്ങിവിങ്ങി
മരതകകാന്തിയിൽ മുങ്ങിമുങ്ങി,
കരളും മിഴിയും കവർന്നു മിന്നി
കറയറ്റൊരാ ലസൽഗ്രാമഭംഗി!

പുളകംപോൽക്കുന്നിൻപുറത്തു വീണ
പുതുമൂടൽമഞ്ഞല പുല്കിനീക്കി,
പുലരൊളി മാമലശ്രേണികൾതൻ
പുറകിലായ് വന്നുനിന്നെത്തിനോക്കി.

എവിടെത്തിരിഞ്ഞൊന്നു നോക്കിയാലെ-
ന്തവിടെല്ലാം പൂത്ത മരങ്ങൾമാത്രം;
ഒരു കൊച്ചുകാറ്റെറങ്ങാൻ വന്നുപോയാൽ
തുരുതുരെപ്പൂമഴയായി പിന്നെ!

രണ്ടാമത്തെ ഗായകൻ

തളിരും, മലരും, തരുപ്പടപ്പും,
തണലും, തണവണിപ്പുല്പരപ്പും,
കളകളം ചെയ്തുപെയ്തങ്ങുമിങ്ങു-
മിളകിപ്പറക്കുന്ന പക്ഷികളും;



Digitized By Kerala Sahitya Akademi

പരിപൂർണ്ണകല്ലോലവീണ മീട്ടി-
പ്പുതറിപ്പുതഞ്ഞുപോം ചോലകളും;
ഒരു നല്ല ചിത്രം വരച്ചപോലെ
വരിവരി നില്ക്കുന്ന കുന്നുകളും;

പരശതസസ്യവിതാനിതമാം
പല പല താഴ്വരത്തോപ്പുകളും;
പവിഴക്കതിക്കുലച്ചാർത്തണിഞ്ഞ
പരിചെഴും നെല്പാടവീഥികളും;

ഇടയൻെറ പാട്ടിലലിഞ്ഞൊഴുകും
തടിനിയും, താമരപ്പൊയ്കകളും—
ഇവയെല്ലാ,മാ വെറും ഗ്രാമരംഗം
ഭുവനൈകസ്വർഗ്ഗമായ്ത്തീർത്തിരുന്നു!

മൂന്നാമത്തെ ഗായകൻ

അവികലശാന്തിതൻ പൊൻതിരക-
ളവിടെത്തുളുമ്പിത്തുളുമ്പിനിന്നു;
അഴകുമാരോഗ്യവും സ്വാസ്ഥ്യവു-
മവിടത്തിൽ മൊട്ടിട്ടുനിന്നിരുന്നു;

അവിടമൊരൈശ്വര്യദേവത-
ന്നനഘദേവാലയമായിരുന്നു;
മതി മമ വർണ്ണനം;—നിങ്ങളൊന്നാ
മലനാടു കണ്ടാൽക്കൊതിച്ചുപോകും!

* * *



Digitized By Kerala Sahitya Akademi

## ഒന്നാമത്തെ ഗായകൻ

അവിടേക്കു നോക്കുക, താഴ്വരയി-
ലരുവിക്കരയിലെപ്പുൽത്തടത്തിൽ,
ഒരു മരച്ചോട്ടിൽ രണ്ടാട്ടിടയ-
രൊരുമിച്ചിരുന്നതാ, സല്ലപിപ്പൂ!
നിശീതമധ്യാഹ്നമാകാനനത്തിൻ
നിറുകയിൽത്തീമഴ പെയ്യുന്നില്ലേ,
അവിടത്തെച്ഛായാതലങ്ങൾ, കാൺകെ-
ന്തനുപമശീതളകോമളങ്ങൾ!

    പരിമൃദുചന്ദനപല്ലവങ്ങൾ
പരിചിൽ പുണർന്നുവരുന്ന തെന്നൽ
അവരെത്തഴുകിയുറക്കിടുംമു-
മ്പ,വിടെ നമുക്കൊന്നു ചെന്നുപാറാം!
അവരുടെയോമൽസ്സ്വകാര്യമെന്തെ-
ന്നറിയുവാൻ നിങ്ങൾക്കും മോഹമില്ലേ?
വരു വരു, വേഗം നടക്കു, നമ്മൾ-
ക്കൊരുമിച്ചങ്ങെത്തിടാം, കൂട്ടുകാരേ!



Digitized By Kerala Sahitya Akademi

## രംഗം രണ്ട്

[രമണൻ ഒരു മരച്ചോട്ടിൽ കിടക്കുന്നു. അവനോടുതൊട്ടു മദനൻ കൊട്ടുംകൈയുംകുത്തി ഇരിക്കുന്നു. രമണനു് ഇരുപത്തിയേഴുവയസ്സു പ്രായം. മദനനു് ഇരുപത്തിമൂന്നുവയസ്സു പ്രായം. രണ്ടുപേരും ഇടയന്മാരുടെ സാധാരണവേഷത്തിൽ. നീണ്ടു കൃശമായ ശരീരം. ശാന്തസുന്ദരമായ മുഖം. സമയം മദ്ധ്യാഹ്നം.]

മദനൻ

രമണ, നീയെന്നിൽനിന്നാ രഹസ്യ-
മിനിയും മറച്ചു പിടിക്കയാണോ?
ഇരുമെയ്യാണെങ്കിലും നമ്മളൊറ്റ-
ക്കരളല്ലേ, നീയെൻെറ ജീവനല്ലേ?
ഒരു തുള്ളി രക്തത്തിൻ രേഖപോലും
കുറെ നാളായ് നിന്മുഖത്തില്ലയല്ലോ!
കരളുന്നതുണ്ടൊരു ചിന്ത നിൻെറ
കരളിനെ നിത്യമെനിക്കറിയാം.
പറയൂ, തുറന്നതു,തിനുവേണ്ടി-
പ്പുണയപ്പെട്ടത്താമെൻജീവനും ഞാൻ!
വദനം യഥാർത്ഥത്തിൽ മാനവൻെറ
ഹൃദയത്തിൻ കണ്ണാടിതന്നെയെങ്കിൽ,
ലവലേശം സംശയമില്ല, ചിന്താ-
വിവശമാണിന്നു നിന്നന്തരംഗം!
അതിനുള്ള കാരണ,മെന്തുതാനാ-
ട്ടഖിലം തുറന്നെന്നോടോതണം നീ.



Digitized By Kerala Sahitya Akademi

ബലമെൻമനസ്സിനില്ലല്പവും, നിൻ-
വിളറിയോരീ മുഖം നോക്കിനില്ക്കാൻ.
കനിവെന്നിലുണ്ടെങ്കിലാ രഹസ്യ-
മിനിയും മറച്ചു നീ വെയ്ക്കരുതേ!
മുഖമൊന്നുയർത്തൂ, നിൻ സങ്കടങ്ങ-
ളഖിലവുമെന്നെ മനസ്സിലാക്കൂ!

[തളിർമരക്കൊമ്പത്തു രണ്ടു മഞ്ഞ-
ക്കിളികൾ ചിലച്ചു പറന്നുപോയി;
കുറെ വെള്ളിപ്പൂക്കളക്കൂട്ടുകാർതൻ
നിറുകയിൽ, ഞെട്ടററടർന്നുവീണു;
അരുവിയിൽ, വെള്ളം കുടിച്ചുപോകാ-
നൊരു കൊച്ചുമാൻപേട വന്നുചേർന്നു;
ഒരു കൊച്ചുമീനിനെ കൊക്കിലാക്കി-
യൊരു നീലപ്പൊൻമാൻ പകച്ചുപൊങ്ങി.]

രമണൻ

മമ മനം നീറുന്നു—കഷ്ടം,മെൻെറ
മദന, നീയിങ്ങിനെ ചൊല്ലരുതേ!
പറയൂ, പരസ്പരം നാമറിയാ-
തൊരു രഹസ്യംപോലും നമ്മിലുണ്ടോ?
പരിഭവിക്കായ്കെന്നോടിപ്രകാരം;
പറയാം ഞാനെല്ലാം, നീ കേട്ടുകൊള്ളൂ:
ശരദഭ്രവീഥിയിലുല്ലസിക്കു-
മൊരു വെള്ളിനക്ഷത്രം,മെന്തുകൊണ്ടോ,
അനുരക്തയായിപോൽപ്പുഴിമണ്ണി-
ലമരും വെറുമൊരു പുല്ക്കൊടിയിൽ;



Digitized By Kerala Sahitya Akademi

ഉയരണം പുല്ക്കൊടിയൊന്നുകിലാ
വിയദങ്കകത്തിലേയ്ക്കു,ല്ലെന്നാകിൽ
സുരപഥം വിട്ടസ്സുരമ്യതാരം
വരണമിത്താഴത്തെപ്പൂഴിമണ്ണിൽ!
ഇതു രണ്ടും സാദ്ധ്യവുമല്ല—പിന്നാ-
പ്പുതുനിഴലാട്ടംകൊണ്ടെന്തു കാര്യം?
അനുചിതവ്യാമോഹമാത്രമാകു-
മതു ലോകമെമ്മട്ടനുവദിക്കും?
പറയട്ടെ, ഞാനാണപ്പുല്ക്കൊടി;-യാ
നിരവദ്യനക്ഷത്രം 'ചന്ദ്രിക'യും!

കനകശൈലാഗ്രത്തിലാവിലാസം
കതിർവീശി നില്പോരമൂല്യഭാഗ്യം!—
ഒരു പൊന്നുകിലുമായൊത്തുചേർന്നു
പരിലസിക്കേണ്ടും മയൂഖകേന്ദ്രം!—
അതു വന്നിപ്പുൽത്തുമ്പിലൂന്നുവീണാ-
ലതു മഹാസാഹസമായിരിക്കും.
നിരസിച്ചുനോക്കി പലപ്പൊഴു,മാ
നിരഘാനുരാഗസമർപ്പണം ഞാൻ;
ഫലമില്ല,പ്പൊൻകതിർ മാറുകില്ല;
കലഹിക്കാൻ ശക്തി വരുന്നുമില്ല.

[ഒരു നെടുവീർപ്പിൻ തിരകളിലാ
സ്വപ്നസുധ പെട്ടെന്നലിഞ്ഞുപോയി!]

മദനൻ

മഹിയിൽ നീയക്കാമ്യമായൊരോമ-
ന്മഹിമതൻ മുന്നിൽ നമസ്കരിക്കൂ!



Digitized By Kerala Sahitya Akademi

അവളെന്തു ദേവത, ദിവ്യയാമൊ-
രവതാരചാരുത, രാഗപൂത!
അവളുടെ രാഗത്തിനർഹനാവാൻ
കഴിവതുതന്നെന്തു ഭാഗധേയം!
നിരഘമായുള്ളൊരിപ്രേമദാനം
നിരസിച്ചിടുന്നതൊരുഗ്രപാപം!
അതിനെ നീയെന്നെന്നുമാദരിക്കൂ!
അതിനെ നീ സസുഖം സ്വീകരിക്കൂ!

രമണൻ

ശരിതന്നെ—പക്ഷേ മദന, നീയെൻ-
പരമാർത്ഥവസ്ഥതയോർത്തുനോക്കൂ:
അവനിയിൽ ഞാനാരൊ,രാട്ടിടയൻ
അവഗണിതൈകാന്തജീവിതാപ്തൻ!
പുഴകളും കാടും മലയുമായി-
ക്കഴിയും വെറുമൊരധഃപതിതൻ!
അവളോ?—വിശാലഭാഗ്യാതിരേക-
പ്പവിഴപ്പൂങ്കാവിലെ രത്നവല്ലി!
കനകവസന്തത്തോടൊത്തുകൂടി-
ക്കതിരിട്ടുനില്പൂണ്ടും കല്പവല്ലി!
അവളെയാശിക്കുവാൻപോലുമിന്നൊ-
രവകാശമില്ലെനിക്കെന്തുകൊണ്ടും.
ഇതുവിധം, നിർബ്ബാധ,മീ വനത്തിൽ
ഇടയനായ്ത്തന്നെ ഞാൻ വാണിടട്ടെ.
ചപലവ്യാമോഹങ്ങളാനയിക്കും
ചതിയിൽപ്പെടാൻ ഞാനൊരുക്കമില്ല.



Digitized By Kerala Sahitya Akademi

മദനൻ

രമണ, നിൻ ചിന്തകൾക്കർത്ഥമില്ല;
ഭ്രമവും പ്രണയവുമേകമല്ല;
പണവും പ്രതാപവുമററിടത്തും
പ്രണയം മുളച്ചുകൂടായ്കയില്ല.
സമുദായനീതികളല്ലതിന്റെ
വിമലസാമ്രാജ്യത്തിൻ മാനദണ്ഡം.
അതിലിശ്ശരീരം ശരീരമല്ല;
ഹൃദയം ഹൃദയത്തെയാണു കാണ്മു!
അറിവൂ ഞാൻ: ചന്ദ്രിക നിഷ്കളങ്ക,
പരിശുദ്ധസ്നേഹത്തിൻ സ്വർഗ്ഗഗംഗ.
കഴിയുമവൾക്കു,വളുല്ലസിക്കും
കനകസോപാനത്തെക്കൈവെടിയാൻ!
ഇടയന്റെ ചിത്തവിശുദ്ധി വിങ്ങും
കുടിലിലെപ്പൊൻവിളക്കായി മാറാൻ!
അതുമിനിസ്സാദ്ധ്യമല്ലെങ്കിൽ വേണ്ട,
ക്ഷിതിയിലവൾക്കിതു സാദ്ധ്യമല്ലേ—
ഇടയനെപ്പാഴ്ക്കുടിലിങ്കൽനിന്നും
മട്ടുമലർമേടയിലേക്കുയർത്താൻ?
അവളിലുണ്ടത്രയ്ക്കനഘമാക-
മനുരാഗമോലും ഹൃദയമേകം;
അതിനെ നീയെന്നെന്നുമാദരിക്കൂ!
അതിനെ നീ കൈക്കൂപ്പി സ്വീകരിക്കൂ!

രമണൻ

അറിവതില്ലി,പ്രേമനാടകത്തിൻ
പരിണാമമെമ്മട്ടിലായിരിക്കും.



Digitized By Kerala Sahitya Akademi

ഇനി ഞാൻ പറയട്ടെ, തോഴ, ഞാനാ
പ്രണയത്തിടമ്പിലലിഞ്ഞുപോയി.
ശരിയാണതെന്നാലു,മിക്കഥയി-
ധരയൊരുനാളുമറിഞ്ഞുകൂടാ!
അറിയിപ്പാതാവോളം കാത്തുനോക്ക-
മവളെയുംകൂടി ഞാനീ രഹസ്യം;
ഒരുനാളും കാണിപ്പയില്ല ഞാന-
ക്കിരണത്തെയെൻെറ യഥാർത്ഥവർണ്ണം.
കഴിവോള,മീ മായാമണ്ഡലം വി-
ട്ടൊഴിയുവാൻ മാത്രമേ നോക്കിട്ടു ഞാൻ!

മദനൻ

സഹകരിപ്പൂട്ടെ, സഹജ, നിന്നെ-
സ്സകലസൗഭാഗ്യവും മേല്ക്കുമേലേ!
ഒരു പുഷ്പകല്യാണമണ്ഡപത്തി-
ലൊരു ദിനം നിങ്ങളെ രണ്ടുപേരെ,
ഒരുമിച്ചു കണ്ടു കൃതാർത്ഥനാകും
പരിചിലിയോമനക്കൊച്ചുരാജൻ!
ഭൃത,മാ മുഹൂർത്തം പറന്നണയാൻ
സതതം ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരിപ്പും!

[രമണനും മദനനും എഴുന്നേററു വനത്തിൻെറ മറെറാരു ഭാഗത്തേക്കു പോകുന്നു.]

ഗായകസംഘം

അരുണൻ പടിഞ്ഞാറെക്കൊച്ചുകുന്നിൻ
ചെരുവിലല്പാല്പമായ്ത്താണിരുന്നു.



Digitized By Kerala Sahitya Akademi

പതിവുപോലാലയിലേക്കു പോകുവാൻ
പുഴവക്കത്താടുകൾ വന്നുചേർന്നു.
മദനനും തോഴനും തോളുരുമ്മി
മരതകക്കുന്നുകൾ വിട്ടിറങ്ങി;
അഴകു കണ്ടാനന്ദമാളിയാളി,
വഴിനീളെപ്പാട്ടുകൾ മൂളിമൂളി,
ഇടവഴിത്താരയിൽക്കൂടിയാര-
ണ്ടിടയത്തിരകളൊലിച്ചുപോയി!

മറ്റൊരു ഗായകസംഘം

അരികത്തരികത്താ ലോലഗാന-
മൊരു സുഖസ്വപ്നംപോലലഞ്ഞെത്തിക്കെ,
വഴിവക്കിലുള്ളൊരക്കോമളമാ-
മെഴുനിലപ്പൂമണിമാളികയിൽ,
അതിനെയും കാത്തൊരു നിർവൃതിയിൻ
ഹൃദയമിരുന്നു മിടിച്ചിരുന്നു.
വിഭവപ്രഭാവമേ, നിൻപരുത്ത
വിരിമാറിലിമ്മട്ടൊരോമനത്തം
എളിമയെപ്പുല്കുവാൻ കാത്തിരിപ്പു—
വെളിപാടുകൊള്ളുകയില്ലയോ, നീ?
സമയമായ്, വേഗം നീ കെട്ടഴിക്കൂ,
സമുദായമേ, നിന്റെ നീതിശാസ്ത്രം!
തിരതല്ലിയാർക്കും സ്ഥിതിസമത്വം
വെറുമൊരെറുമ്പുചാലാകയാണോ!
നിയമാനുസാരം നിൻകൃത്യമെല്ലാം
സ്വയമൊന്നു വേഗം നീ ചെയ്തുതീർക്കൂ!

ര്ന്ന

Digitized By Kerala Sahitya Akademi

## രംഗം രണ്ടു്

[ചന്ദ്രികയുടെ മനോഹരഹർമ്മ്യത്തിനോടു തൊട്ടുള്ള ഉദ്യാനം. സമയം സന്ധ്യ. രമണനും ചന്ദ്രികയും പുൽത്തകിടിയിൽ ഇരിക്കുന്നു. ആദിത്യൻ അസ്തമിച്ചുകഴിഞ്ഞു. നേരിയ നിലാവു പരന്നു തുടങ്ങുന്നു. ഹൃദയാകർഷകമായ പ്രകൃതി. അവരുടെ ചുററും പലപല പൂവല്ലികൾ പൂത്തുനില്ക്കുന്നു. സുഖകരമായ ഒരിളംകാററു് ഇടയ്ക്കിടെ വീശിക്കൊണ്ടിരിക്കുന്നു. വികാരോദ്ദീപകമായ പുഷ്പസൗരഭ്യം അവിടെയാകമാനം പ്രസരിക്കുന്നു.]

രമണൻ

എങ്കിലും, ചന്ദ്രികേ, നമ്മൾ കാണും
സങ്കല്പലോകമല്ലീയുലകം;
സംഗീതസാന്ദ്രമാം മാനസങ്ങ-
ളിങ്ങോട്ടു നോക്കിയാൽ ഞെട്ടുമേതും.
ഘോരസമുദായഗൃദ്ധ്രനേത്രം
കൂരിരുട്ടത്തും തുറിച്ചുനില്പൂ!
ചിന്തുമച്ചെന്തീപ്പൊരികൾ തട്ടി
ഹന്ത, പൊള്ളുന്നിതെൻചിന്തയെല്ലാം!

ചന്ദ്രിക

അന്യോന്യം നമ്മുടെ മാനസങ്ങ-
ളൊന്നിച്ചുചേർന്നു ലയിച്ചുപോയി.
പൊട്ടിച്ചെടുക്കില്ലിനിയതു ഞാ-
നെത്രയീ ലോകം പുലമ്പിയാലും.
കററം പറയുവാനിത്രമാത്രം
മററുള്ളവർക്കിതിലെന്തു കാര്യം?



Digitized By Kerala Sahitya Akademi

രമണൻ

എങ്കിലും, ചന്ദ്രികേ, ലോകമല്ലേ?
പങ്കിലമാനസർ കാണുകില്ലേ?
ഹന്ത, നാം രണ്ടുപേർ തമ്മിലുള്ളോ–
രന്തരമൊന്നു നീയോർത്തുനോക്കൂ!
സ്വപ്നത്തിൽപ്പോലും ഞാൻ നിൻപ്രണയ–
സ്വർഗ്ഗസംപ്രാപ്തിക്കിന്നർഹനാണോ?.

ചന്ദ്രിക

എന്തു നിരർത്ഥമാം ചോദ്യമാണി–
തെന്തിനിന്നീ വെറും ശങ്കയെല്ലാം?
മന്നിതിൽ ഞാനൊരു വിത്തനാഥ–
നന്ദിനിയായിപ്പിറന്നുപോയി.
കഷ്ടമതുകൊണ്ടെൻമാനസവും
ദുഷ്ടമാകേണമെന്നില്ലയല്ലോ!
മാഹാത്മ്യധാമമാമൊന്നിനെ ഞാൻ
സ്നേഹിയ്ക്കാൻ പാടില്ലെന്നില്ലയല്ലോ!
ഈടാർന്ന രാഗാപദാനഗാനം
പാടരുതെന്നൊന്നുമില്ലയല്ലോ!

രമണൻ

തുച്ഛനാമെന്നെ നീ സ്വീകരിച്ചാ–
ലച്ഛനുമമ്മയ്ക്കുമെന്തു തോന്നും?

ചന്ദ്രിക

കൊച്ചുമകളുടെ രാഗവാപ്തി–
ലച്ഛനുമമ്മയ്ക്കുമെന്തു തോന്നാൻ?



Digitized By Kerala Sahitya Akademi

രമണൻ

കാരോ നിമേഷവും ലോകമെയ്യും
കൂരമ്പഖിലം ഞാനേററുകൊള്ളാം;
എന്നെപ്പൊഴിയ്ക്കുന്ന കുട്ടുകാരോ-
ടെണ്ണം ഞാൻ നേരിട്ടെതിർത്തുനില്ക്കാം;
എന്തിനീ, നശ്വരജീവിതത്തി-
ലെന്തു വേണെങ്കിലും ഞാൻ സഹിയ്ക്കാം!
നിൻതാതമാതാക്കൾക്കിണ്ടലേകാ-
നെന്താകിലും ഞാനൊരുക്കമില്ല!
നിന്നെയവരെല്ലാമത്രമാത്രം
പൊന്നുപോൽക്കാത്തു വളർത്തിടുന്നു.
ആ മഹാവാത്സല്യമൂർത്തികൾത-
ന്നാശയും ശാന്തിയുമല്ലയോ നീ?
അങ്ങിനെയുള്ള നീയിപ്രകാരം
കണ്ണുമടച്ചെന്നെ സ്വീകരിച്ചാൽ,
ഇന്നതെന്തെക്രമമായിരിക്കും,
ഒന്നു നീ ഗാഢമായോർത്തുനോക്കൂ!
ഹന്ത, നിൻകൃത്യമവർക്കതെന്തൊ-
രന്തരംഗാഘാതമായിരിയ്ക്കും?
നേരിട്ടിടാനൊരു തുച്ഛമാകും
നേരമ്പോക്കാണോ, വിവാഹകാര്യം?
എന്തെല്ലാമുണ്ടതിൽ ഗാഢമായി
ചിന്തിക്കാൻ, ചിന്തിച്ചു ചെയ്യാൻ?
ഒട്ടുമേ സംസ്കാരശിക്ഷണങ്ങൾ
തൊട്ടുതെറിയ്ക്കാത്തൊരാട്ടിടയൻ



Digitized By Kerala Sahitya Akademi

ഉത്തമസംസ്കൃതയായ നിന്നെ-
ത്തത്ത്വോപദേശങ്ങളെന്തു ചെയ്യാൻ?
പ്രേമമായ്ത്തെററിദ്ധരിച്ചതാമീ
വ്യാമോഹമൊന്നു മറക്കുമോ നീ?

ചന്ദ്രിക

നോക്കുകെ,ന്തുജ്ജ്വലവാഗ്വിലാസം!
കേൾക്കേണ്ടെനിയ്ക്കീ പ്രസംഗമൊന്നും!
പ്രേമമല്ലെന്നാകിൽ വേണ്ട;—പോട്ടെ,
വ്യാമോഹമാകട്ടെ മിഥ്യയാട്ടെ;
മാച്ചാലും മായാത്ത മട്ടിലേതോ
മാർദ്ദവമുള്ളതാണീ വികാരം!
ഇഷ്ടംപോലിന്നിതിനെന്തു പേരു-
മിട്ടോളൂ, പാടില്ലെന്നാർ പറഞ്ഞു?
എന്തു പേരിട്ടാലു,മെത്രമാത്രം
നിന്ദ്യമാണിന്നിതെന്നോതിയാലും,
എന്നുമിതിനെ ഞാനോമനിയ്ക്കു-
മെന്നന്തരാത്മാവിനുള്ളറയിൽ.
ആരെല്ലാമെന്തെല്ലാമോതിയാലും,
നേരിട്ടു കുററപ്പെടുത്തിയാലും,
മോഹിച്ചുപോയൊരാ മൗക്തികത്തെ-
സ്സ്നേഹിക്കാൻ മാത്രമെനിയ്ക്കറിയാം.
അസ്വപ്നഫലലക്ഷ്യത്തിനായിനിയെ-
ന്തദ്ഭുതത്യാഗവും ചെയ്യുവൻ ഞാൻ!



Digitized By Kerala Sahitya Akademi

രമണൻ

നിൻമനസ്ഥൈര്യാപശങ്കമൂല-
മിമ്മട്ടെതിർത്തു ഞാൻ ചൊന്നതല്ല.
കൊച്ചുകുഞ്ഞാണു നീ, നിന്റെ കണ്ണിൽ
വിശ്വം മുഴുവൻ വെളുത്തു കാണും;
വാസ്തവത്തിങ്കൽ, കരിനിഴലും
സ്വാർത്ഥാന്ധകാരവുമാണിതെല്ലാം!

ചന്ദ്രിക

നമ്മുടെ ചുറ്റുമായുള്ള ലോക-
മെമ്മട്ടായാൽ നമുക്കെന്തു ചേതം?
നിർമ്മലസ്നേഹാർദ്രചിത്തരാകും
നമ്മളെന്തായാലും നമ്മളല്ലേ?

രമണൻ

എല്ലാം സഹിക്കാം;—വിഷമയമാ-
മെല്ലാറ്റിനേക്കാളും ഭയങ്കരമായ്,
ഉഗ്രഫണവുമായ് ചീറ്റിനില്പൂ
ദുഷ്ടസമുദായകാളസർപ്പം!
ഒന്നതിൻ ദംശനമേറ്റുപോയാൽ-
പ്പിന്നെ, മരിച്ചവരായി നമ്മൾ!

ചന്ദ്രിക

നിന്ദ്യസമുദായനീതിയെല്ലാം
കണ്ണുമടച്ചു നാം സമ്മതിച്ചാൽ,
ചിന്തിക്കുവാനുള്ള ശക്തിയെന്നൊ-
ന്നെന്തിനു, ഹാ, നാം കരസ്ഥമാക്കി?



Digitized By Kerala Sahitya Akademi

പ്രേമാമൃതത്താലനശ്വരാത്മ-
ക്ഷേമസമ്പന്നരാകുന്ന നമ്മൾ,
ഒട്ടും ഭയപ്പെടാനില്ല, വന്നി-
ട്ടുകാളസർപ്പം കടിയ്ക്കുകിലും!

രമണൻ

ഒക്കെശ്ശരിതന്നെ;—യെങ്കിലും, നി-
ന്നച്ഛനുമമ്മയും—കാത്തുനോക്കൂ:
പാകതയില്ലാത്ത നമ്മളെക്കാൾ
ലോകപരിചയം നേടി[illegible]നടി;
നന്മയും തിന്മയും വേർതിരിയ്ക്കാൻ
നമ്മളെക്കാളും മനസ്സിലാക്കി;
എന്തു ചെയ്യാനുമഗാധമായി-
ച്ചിന്തിച്ചു ചിന്തിച്ചു മൂച്ചുകൂട്ടി;
ഉല്ലസിക്കുന്ന ഗുരുക്കളാണാ
വെള്ളിത്തലമുടിയുള്ള കൂട്ടർ!
അമ്മഹാത്മാക്കൾക്കഹിതമായി
നമ്മളൊരിയ്ക്കലും ചെയ്തുകൂടാ!

ചന്ദ്രിക

സമ്മതിയ്ക്കുന്നു ഞാനാത്തമോദം
സൗമ്യമായുള്ളൊരീ യുക്തിവാദം;
എന്നാൽ, ത്തുറന്നുപറഞ്ഞിടാം ഞാ-
നൊ,ന്നിനിയെങ്കിലുമാശ്വസിയ്ക്കൂ.

[രമണനു് ഒരു പനിനീർപ്പൂ സമ്മാനിച്ചിട്ടു്]

അച്ഛനുമമ്മയുമല്ലവുമെ-
ന്നിച്ചുയ്യെതിർത്തു പറയുകില്ല:



Digitized By Kerala Sahitya Akademi

സമ്മതിയ്ക്കുന്നു ഞാനൊന്നിലെങ്കിൽ,
സമ്മതമാണതവർക്കുമപ്പോൾ.
അത്രയ്ക്കു വാത്സല്യമാണവർക്കീ-
പ്പുത്രിയി,ലെന്തിനു ശങ്ക പിന്നെ?

രമണൻ

എന്തെല്ലാമായാലും, നീയിതിന്മേൽ
ചിന്തിച്ചുവേണമുറച്ചുനില്ക്കാൻ:
ലോകം പനീരലർത്തോട്ടമല്ല—
പോകുന്നു, പോകുന്നു, ചന്ദ്രികേ, ഞാൻ!
ഏകാന്തതയിലൊഴിഞ്ഞിരുന്നീ
രാഗത്തെപ്പറ്റിയും നീയോർത്തുനോക്കൂ!
തീക്കനലാണിതെന്നാൽ, മാറി-
ക്കാട്ടാറിലേയ്ക്കിതെറിയണം നീ;
അല്ല, പനീരലരാണിതെങ്കിൽ-
ക്കല്യാണകല്ലോലരേഖപോലെ,
നിന്നന്തരാത്മാവിൽ, ഗൂഢമായ്, നീ-
യെന്നുമണിഞ്ഞു സുഖിച്ചുകൊള്ളൂ!
എങ്കിലും, ഹാ, നിനക്കോർമ്മവേണം:
സങ്കല്പലോകമല്ലീയുലകം!



Digitized By Kerala Sahitya Akademi

## രംഗം മൂന്നു്

[ചന്ദ്രികയുടെ മനോഹരഹർമ്മ്യത്തിന്റെ രണ്ടാമത്തെ നിലയിലുള്ള ഒരു മണിയറ. ചന്ദ്രിക പുഷ്പശയ്യാലംകൃതമായ ഒരു സോഫയിൽ കിടക്കുന്നു. അവളോടു ചേർന്നു സോഫയിൽത്തന്നെ ഭാനുമതിയും ഇരിക്കുന്നു. നിരയോടു ചേർന്നു് അനവധി നിലക്കണ്ണാടികൾ. മുറിയുടെ നടുവിലായി പ്രകാശപരിപൂരിതമായ ഒരു വിളക്കു തൂക്കിയിട്ടിരിക്കുന്നു. അതിനു ചുവട്ടിൽ ഒരു വട്ടമേശയും ചുററും കസേരകളും. സമയം രാത്രി പത്തരമണി. ഭാനുമതി ചന്ദ്രികയെ വീശിക്കൊണ്ടിരിക്കുന്നു. ഒടുവിൽ ഒരു ദീർഘനിശ്വാസത്തോടെ ഒരു വശത്തേക്കു ചരിഞ്ഞു്, ഇടതുകൈമുട്ടു് ഉപധാനത്തിൽ കുത്തി, ശിരസ്സു താങ്ങിക്കൊണ്ടു ഭാനുമതിയോടു പറയുന്നു.]

ചന്ദ്രിക

കണ്ടിട്ടില്ല ഞാനീവിധം മലർ-
ച്ചെണ്ടുപോലൊരു മാനസം.
എന്തൊരത്ഭുതപ്രേമസൗഭഗം!
എന്തൊരാദർശസൗരഭം!
ആ നിധി നേടാനാകയാൽ, സഖി,
ഞാനൊരു ഭാഗ്യശാലിനി!
സിദ്ധിയാണവൻ, ശുദ്ധിയാണവൻ,
സത്യസന്ധതയാണവൻ!
വിത്തമെന്തിനു, വിദ്യയെന്തിനാ
വിദ്യുതാംഗനു വേറിനി?
ആട്ടമേശ്ശാലും, കാടകങ്ങളിൽ-
പ്പാടിയാടി നടക്കലും;



Digitized By Kerala Sahitya Akademi

ഈറ ഞെട്ടിൽ വിടൎന്നു സൗരഭം
മുററിടും രണ്ടു പൂക്കൾപോലവേ,
പ്രാണസോദരനായിടുമൊരു
ഗാനലോലനാം തോഴനും;
വിശ്രമിയ്ക്കാൻ തണലെഴുമോരോ
പച്ചക്കാനനം, വനങ്ങളും;
നിത്യശാന്തിയും, തൃപ്തിയും, രാഗ-
സക്തിയും, മനഃശുദ്ധിയും—
ചിന്തതൻ നിഴൽപ്പാടു വീഴാത്തൊ-
രെന്തു മോഹനജീവിതം!

ഭാനുമതി

അസ്വാതന്ത്ര്യതയേശിടാത്തൊരെ-
ന്തത്യനഘമാം ജീവിതം!

ചന്ദ്രിക

സ്വൎഗ്ഗശാന്തി തുളുമ്പിടും ലസൽ-
സ്വപ്നസാന്ദ്രമാം ജീവിതം!

ഭാനുമതി

കാട്ടുപൂങ്കുളിർച്ചോലയെപ്പോലെ
പാട്ടുപാടുന്ന ജീവിതം!

ചന്ദ്രിക

വെണ്ണിലാവിലും വെണ്മ താവിടും
പുണ്യപൂൎണ്ണമാം ജീവിതം!
കട്ടധികം കൊതിപ്പൂ ഞാനതി-
ലൊട്ടിയൊട്ടിപ്പിടിയ്ക്കുവാൻ!



Digitized By Kerala Sahitya Akademi

ഭാനുമതി

അത്ഭുതമാണാ വേഴ്ചമൂലമൊ-
രപ്സരസ്സായിത്തീർന്നു നീ!

- ചന്ദ്രിക

മാമകാശാമയൂഖചുംബിത-
രോമഹർഷകമണ്ഡലം,
കർമ്മഭീരുതകാരണമൊരു
കന്മതിലാൽ മറയ്ക്കുവാൻ,
എത്രമാത്രം ശ്രമിച്ചുനോക്കിയാ
നിസ്തുലാമലമാനസൻ!
മാമകാർദ്രനയോക്തിയാലൊരു
മാനസാന്തരമേകി ഞാൻ;
മാറിമാറിയണഞ്ഞ രശ്മിയെ
മാറോടുചേർത്തണച്ചു ഞാൻ!

ഭാനുമതി

അത്രമാത്രം വിജയമായി നിൻ
സ്തുത്യരാഗാത്മകോദ്യമം!

ചന്ദ്രിക [എഴുന്നേററിരുന്നിട്ട്]

പൊട്ടുകില്ലിനി ഞങ്ങളിലുള്ളോ—
രിപ്രണയത്തിൻ ശൃംഖല—
നിർവ്വൃതിതന്നപാരതയുടെ
നിർമ്മലസ്വപ്നമേഖല—
കാലദേശങ്ങൾക്കപ്പുറം പൂത്തു
ലാലസിക്കുന്ന പൂങ്കുല—

ഇന്നു

Digitized By Kerala Sahitya Akademi

ദുഃഖജീവിതം ഗാനശീകര-
മഗ്നമാക്കുന്ന പൊന്നല!
ഇല്ലിനി,സ്സഖി, കൈവെടിയുക-
യില്ലതു ഞാനൊരിക്കലും!

ഭാനുമതി

ആ മുരളീധരൻെറയുജ്ജ്വല-
പ്രേമവൃന്ദാവനികയിൽ,
സ്വപ്നവും കാത്തിരുന്നിടുമൊരു
കൊച്ചുരാധയായ്ത്തീൎന്നു നീ!

ചന്ദ്രിക

ഞങ്ങളാദ്യമായ്ക്കണ്ടുമുട്ടിയ
മംഗളാനന്ദവാസരം,
ഒററവത്സരമായിടാറായു-
മെട്ടുനാളുംകൂടിപ്പോവുകിൽ!

ഭാനുമതി

അന്നതിൻ ദിവ്യവാൎഷികോത്സവം
ഭംഗിയായിക്കഴിക്കണം!

ചന്ദ്രിക [ധ്യാനാത്മകതയോടെ]

ഭംഗിയായ്—അതേ ഭംഗിയായ്—അതി-
ഭംഗിയായിക്കഴിക്കണം!

ഭാനുമതി

മംഗളത്തിനു മാററുകൂട്ടണം!
മന്ദതയൊക്കെ മാറണം!

 5*

Digitized By Kerala Sahitya Akademi

ചന്ദ്രിക

മുഗ്ദ്ധരാഗമെൻജീവനേകിയ
മുത്തുമാലയുമായി ഞാൻ,
അന്നു, മൽപ്രേമദൈവതത്തിനെ-
ച്ചെന്നു, കൂപ്പി വണങ്ങിടും!

ഭാനുമതി

തന്നിടും നിനക്കെ,ങ്കിൽ, നൂനമാ-
ധന്യനന്നൊരനുഗ്രഹം!

ചന്ദ്രിക

ഉൾപ്പുളകാംഗിയാകയാണു ഞാ-
നപ്രതീക്ഷയിൽപ്പോലുമേ!

ഭാനുമതി

അപ്രതീക്ഷയും ശക്തമാണിന്നൊ-
രത്ഭുതോന്മദമേകുവാൻ!

ചന്ദ്രിക

ഇന്നതിന്നൊരു മാററുകൂട്ടുവാൻ
വന്നുചേർന്നു വസന്തവും!

ഭാനുമതി

മന്ദമാരുതൻ വീശിടുന്നിതാ
ചമ്പകത്തിൻ പരിമളം!

ചന്ദ്രിക

ചേലിലെന്നിൽ ത്രസിപ്പൂ, സങ്കല്പ-
ലോലസായുജ്യവീചികൾ!

ഒപ്പം

Digitized By Kerala Sahitya Akademi

ഭാനുമതി

പ്രാണഹർഷവിശാലസാമ്രാജ്യ-
റാണിതന്നെ നീ, ചന്ദ്രികേ!

ചന്ദ്രിക [എഴുന്നേററുനിന്നു ഭാനുമതിയുടെ
കൈയ്യു പിടിച്ചുകൊണ്ടു്]

എന്നെയുംകൂടി വിസ്മരിച്ചിതാ,
വിണ്ണിലേയ്ക്കുയരുന്നു ഞാൻ!

ഭാനുമതി

വിസ്മയനീയംതന്നെയാണാത്മ-
വിസ്മൃതിതൻ കിനാവുകൾ!

ചന്ദ്രിക [മതിമറന്നു ഭാനുമതിയുടെ കൈ
കോർത്തു നൃത്തംചെയ്തുകൊണ്ടു്]

എങ്ങെ,വിടെ നീ, മാമകപ്രേമ-
രംഗസംഗീതസാരമേ?
എങ്ങു, ഹാ, മന്മനം കവർന്ന നീ-
യെങ്ങു ഗന്ധർവ്വരത്നമേ?
ദേഹമല്ല മജ്ജീവനുംകൂടി
ദേവ, നിൻതൃപ്പദങ്ങളിൽ
ഉൾപ്പുളകമാർന്നർപ്പണം ചെയ്തു
സസ്പൃഹം ഭക്തദാസി ഞാൻ!

[അണിയറയിൽ]

മണി പതിനൊന്നു കഴിഞ്ഞുവല്ലോ;
മകളേ, നിനക്കിന്നുറക്കമില്ലേ?

ചന്ദ്രിക

ഞാനുറങ്ങുവാൻ പോകയാണമ്മേ,
ഭാനു, ദീപമണച്ചേയ്ക്കൂ!



Digitized By Kerala Sahitya Akademi

## രംഗം നാല്

[വനം. ഒരു മരച്ചുവട്ടിൽ രമണനും മദനനും ഇരിക്കുന്നു. ഇടതുഭാഗത്തായി കളകളാരവത്തോടെ പുളഞ്ഞൊഴുകുന്ന ഒരു കൊച്ചരുവി. ചുററുപാടും പുഷ്പനിബിഡങ്ങളായ വല്ലിപ്പടപ്പുകൾ. അരുവിക്കരയിൽ ആടുകൾ പുല്ലുമേഞ്ഞുകൊണ്ടു സ്വച്ഛന്ദം വിഹരിക്കുന്നു. സമയം മദ്ധ്യാഹ്നത്തോടടുത്തിട്ടുണ്ട്. രമണന്റെ മുഖം അവ്യക്തമായ എന്തോ ഒരാശങ്കയെ ദ്യോതിപ്പിക്കുന്നതെങ്കിലും പ്രസന്നവും സുസ്മേരസുന്ദരവുമായി കാണപ്പെടുന്നു.]

രമണൻ

ആനന്ദത്തിന്റെ വെളിച്ചത്തിലിങ്ങിനെ
ഞാനെന്നുമെന്നും കഴിഞ്ഞുവെങ്കിൽ!
സങ്കല്പലോകത്തിലെങ്കില്പ,മിങ്ങിനെ
സംഗീതമായിട്ടലഞ്ഞുവെങ്കിൽ!
എന്നോടു ചൊല്ലു മദന, നീ,യിസ്സ്വർഗ്ഗ-
മെന്നെന്നുമെൻമുന്നിൽ നില്പതാണോ?
വഞ്ചിതനാവുകയില്ലല്ലോ ഞാനിന്നിതിൻ
പുഞ്ചിരി നോക്കി മദിച്ചു നിന്നാൽ?

മദനൻ [ദൃഢസ്വരത്തിൽ]

എന്തിനു പേർത്തുമിസ്സംശയ,മാനന്ദ-
ചിന്തകൾകൊണ്ടു നീയാശ്വസിക്കു!
അപ്രേമതാരകമേതിരുളിങ്കലും
സുപ്രഭമാക്കും നിൻ ജീവിതാങ്കം!

രമണൻ [വികസിച്ച മുഖത്തോടുകൂടി]

നിത്യവുമന്തിയിൽക്കണ്ടിടാറുണ്ടു ഞാ-
നൊററയ്ക്കാ പ്രേമസ്വരൂപിണിയെ.

Digitized By Kerala Sahitya Akademi

രമണൻ

എൻമുരളീരവം കേൾക്കുമ്പോഴെല്ലു,മാ-
പ്പൊൻമുഖപ്പൂവിൽച്ചുവപ്പു വീശും!
അക്കവിൾത്തട്ടിലൊരായിരം മാരിവിൽ
തിക്കിത്തിരക്കിവന്നെത്തിനോക്കും!
അത്തളിർച്ചുണ്ടിൽനിന്നോമനപ്പുഞ്ചിരി-
പ്പിച്ചകപ്പൂക്കളടർന്നുവീഴും!
മന്ദാക്ഷലോലമാമാ മധുരസ്വര-
ബിന്ദുക്കളോരോന്നും മന്ദമന്ദം
എന്നന്തരാത്മാവിൽ വീണലിയുമ്പോഴേ-
ല്ലെന്നെ ഞാൻ തീരെ മറന്നുപോകും!
എന്തൊരു മായാവിലാസമാണോ,ക്കില-
തെന്തൊരു വിഭ്രമരംഗമാവോ!

മദനൻ

അല്ലിയലാത്ത രണ്ടുജ്ജ്വലരശ്മിക-
ളുല്ലസൽപ്രേമത്തിൻ മേഖലയിൽ,
അന്യോന്യം കാണുന്ന രംഗങ്ങളൊക്കെയു-
മിങ്ങനെയുള്ളവയായിരിക്കും!

രമണൻ

അന്യോന്യദർശനമമ്മട്ടു ഞങ്ങൾക്കൊ-
രന്യൂനനിർവൃതിയേകിയിട്ടും,
നിർണ്ണയമംഗലീസ്സ്വപ്നമെങ്കിലു-
മിന്നോളമുണ്ടായിട്ടില്ല തമ്മിൽ—
പങ്കിലമാക്കുകില്ലാ രാഗരശ്മി ഞാൻ
സങ്കല്പരംഗത്തിൽവെച്ചുപോലും!



Digitized By Kerala Sahitya Akademi

മദനൻ

നിൻമനോനൈർമ്മല്യം ഞാനറിയാത്തത;-
ല്ലെന്നുമതിനെ ഞാനാദരിപ്പൂ!
ആദർശവീണയിൽപ്പാട്ടുപാടുന്ന ര-
ണ്ടാറാദതന്ത്രികളാണു നിങ്ങൾ!
എത്താതിരിക്കുമോ, നിങ്ങൾതൻ ചാരത്തു
നിത്യാനുഭൂതിതന്നംഗുലികൾ?

രമണൻ

മാമകജീവിതാകാശത്തിലുണ്ടു, ര-
ണ്ടോമനത്താരങ്ങൾ നിർമ്മലങ്ങൾ:
ഒന്നു നീ, മററതക്കണ്മണി—നിങ്ങളോ-
ടൊന്നിച്ചിതുപോൽക്കഴിയുമെങ്കിൽ,
മൃത്യുവിനപ്പുറത്തുണ്ടെന്നു കേൾക്കുമാ
സ്വർഗ്ഗവുംകൂടി ത്യജിക്കുവൻ ഞാൻ!
നിങ്ങളെക്കണ്ടെൻെറ കണ്ണടഞ്ഞീടുകിൽ
മന്നിലെൻജന്മം സഫലമായി!

[കാടിൻെറ മറെറാരു ഭാഗത്തുകൂടി കൂട്ടുകാരായ മററു ചില ഇടയന്മാർ പ്രവേശിക്കുന്നു. രമണൻെറ സംഭാഷണം പെട്ടെന്നു നിലയ്ക്കുന്നു. അവർ എല്ലാവരും ഒത്തൊരുമിച്ചു വനത്തിൻെറ വേറൊരു ഭാഗത്തേയ്ക്കു് അത്യുത്സാഹത്തോടെ ആർത്തുവിളിച്ചുകൊണ്ടു മറയുന്നു.]

(അണിയറയിൽ)

ഗായകസംഘം

ഏകാന്തകാമുക, നിൻെറ രഹസ്യങ്ങൾ
ലോകം മുഴുവനറിഞ്ഞുപോയി!
കററപ്പെടുത്തലിൻ ക്രൂരമ്പേല്ക്കാൻ, പട-
ച്ചട്ട നീ വേഗം തിരഞ്ഞുകൊള്ളൂ!
തങ്കക്കിനാവേ, നീ താലോലിക്കുന്നൊര-
സ്സങ്കല്പലോകമല്ലിപ്രപഞ്ചം!



Digitized By Kerala Sahitya Akademi

# രംഗം അഞ്ച്

[സമയം പ്രഭാതം. ഗ്രാമത്തിന്റെ പൂർവ്വഭാഗത്തുള്ള കുന്നുകൾ ഉദയസൂര്യന്റെ ചെങ്കതിരുകൾ തട്ടി മിന്നിത്തിളങ്ങുന്നു. ഒരു നേരിയ മൂടൽമഞ്ഞ്. ചന്ദ്രികയുടെ മനോഹരഹർമ്മ്യത്തിന്റെ മുൻവശത്തുള്ള നടപ്പാതയിലൂടെ രമണൻ ആടുകളേയും തെളിച്ചുകൊണ്ടു വരുന്നു. ചന്ദ്രിക ഉദ്യാനത്തിൽ പൂപറിച്ചുകൊണ്ടു നില്ക്കുന്നു. രമണനെ കണ്ടമാത്രയിൽ അവളുടെ മുഖം മന്ദാക്ഷമധുരമായ ഒരു മന്ദഹാസത്താൽ വികസിക്കുന്നു. അവൾ ഉദ്യാനത്തിനു ചുററും കെട്ടിയിട്ടുള്ള അരമതിലിന്റെ സമീപത്തേയ്ക്കു് ഓടിച്ചെന്നു്, ഒരു പനിനീർപ്പുഷ്പം രമണനു സമ്മാനിക്കുന്നു.]

ചന്ദ്രിക

എന്താണിന്നീവിധമേകനാവാൻ?
എങ്ങു പോയെ,ങ്ങു പോയ്ക്കൂട്ടുകാരൻ?

രമണൻ

ഇന്നവൻ മറേറതോ ജോലിമൂലം
വന്നില്ല;—ഞാനിങ്ങു പോന്നു വേഗം.

ചന്ദ്രിക

കാനനച്ഛായയിലാടുമേയ്ക്കാൻ
ഞാനും വരട്ടെയോ നിന്റെ കൂടെ?
ആ വനവീഥികളീ വസന്ത—
ശ്രീവിലാസത്തിൽത്തെളിഞ്ഞിരിക്കും;
ഇപ്പോളവിടത്തെ മാമരങ്ങൾ
പുഷ്പങ്ങൾകൊണ്ടു നിറഞ്ഞിരിക്കും;

ന്നമു

Digitized By Kerala Sahitya Akademi

ആഡംബരങ്ങൾ നിനക്കു നിത്യ-
മാനന്ദമഞ്ചമലങ്കരിക്കെ,
നിർവൃതിപ്പൂക്കൾ നിനക്കു ചുറ്റും
ദിവ്യപരിമളം വീശിനില്ക്കെ,
ആസ്വാദനങ്ങൾ നിൻവാതിലിങ്ക-
ലാശ്രയിച്ചെപ്പൊഴും കാവൽനില്ക്കെ,
പോരുന്നതെന്തിനു, ചന്ദ്രികേ, നീ
പാറകൾ ചൂഴുമക്കാനനത്തിൽ?

ചന്ദ്രിക

ഈ മണിമേടയിലെൻവിപുല-
പ്രേമസമുദ്രമൊതുങ്ങുകില്ല;
ഇക്കിളിക്കൂട്ടിലെൻഭാവനതൻ
സ്വർഗ്ഗസാമ്രാജ്യമടങ്ങുകില്ല;
നമ്മൾക്കാ വിശ്വപ്രകൃതിമാതിൻ
രമ്യവിശാലമാം മാറിടത്തിൽ,
ഒന്നിച്ചിരുന്നു കുറച്ചു നേരം
നൽസല്ലാപങ്ങൾ നിർവ്വഹിക്കാം!

രമണൻ

പാടില്ല, പാടില്ല, നമ്മെ നമ്മൾ
പാടേ മറന്നൊന്നും ചെയ്തുകൂടാ!

ചന്ദ്രിക

ആലോലവല്ലികളെത്രയിന്നാ
നീലമലകളിൽ പൂത്തുകാണും!

രമണൻ

ഇക്കളിത്തോപ്പിൽ നീ കണ്ടിടാത്തൊ-
രൊറ്റപ്പൂപോലുമില്ലാ വനത്തിൽ.



Digitized By Kerala Sahitya Akademi

അങ്ങിപ്പോളോമൽക്കയിലിണകൾ
സംഗീതം ചെയ്യുകയായിരിക്കും;
പുഷ്പനികുഞ്ജങ്ങളാകമാനം
തല്പതലങ്ങൾ വിരിച്ചിരിക്കും;
കൊച്ചുപൂഞ്ചോലകൾ വെൺനുരയാൽ-
പ്പൊട്ടിച്ചിരിക്കുകയായിരിക്കും—
ഇന്നാ വനത്തിലെക്കാഴ്ച കാണാ-
നെന്നെയും കൂടൊന്നു കൊണ്ടുപോകൂ!

രമണൻ

ആരണ്യച്ഛാത്തിലേക്കെൻെറ കൂടെ-
പ്പോരേണ്ട, പോരേണ്ട, ചന്ദ്രികേ, നീ:
നിൻകഴൽപ്പൂമ്പൊടി പൂശിനില്ക്കാൻ,
ശങ്കയി,ല്ലാ വനമർഹമല്ല!
എന്നെപ്പോൽ തുച്ഛരാമാട്ടിടയർ
ചെന്നിടാനുള്ളതാണപ്രദേശം
വെണ്ണക്കളിർക്കൽവിരിപ്പുകളാൽ
കണ്ണാടിയിട്ട നിലത്തു നീളെ,
ചെമ്പനിനീരലർ ചിന്നിച്ചിന്നി-
സ്സഞ്ചരിക്കുന്നോ നിൻ ചേവടികൾ,
കല്ലിലും മുള്ളിലും വിന്യസിക്കാ-
നില്ല, ഞാൻ സമ്മതമേകുകില്ല!
ഈ മണിമേടയിൽ വിശ്വഭാഗ്യ-
സീമ വന്നോളംതുള്ളുമ്പിനില്ക്കേ,



Digitized By Kerala Sahitya Akademi

ആഡംബരങ്ങൾ നിനക്കു നിത്യ-
മാനന്ദമഞ്ചമലങ്കരിക്കെ,
നിർവൃതിപ്പൂക്കൾ നിനക്കു ചുററും
ദിവ്യപരിമളം വീശിനില്ക്കെ,
ആസ്വാദനങ്ങൾ നിൻപാതിലിങ്ക-
ലാശ്രയിച്ചെപ്പൊഴും കാവൽനില്ക്കെ,
പോരുന്നതെന്തിനു, ചന്ദ്രികേ, നീ
പാറകൾ ചൂഴുമക്കാനനത്തിൽ?

ചന്ദ്രിക

ഈ മണിമേടയിലെൻവിപുല-
പ്രേമസമുദ്രമൊതുങ്ങുകില്ല;
ഇക്കിളിക്കൂട്ടിലെൻഭാവനതൻ
സ്വർഗ്ഗസാമ്രാജ്യമടങ്ങുകില്ല;
നമ്മൾക്കാ വിശ്വപ്രകൃതിമാതിൻ
രമ്യവിശാലമാം മാറിടത്തിൽ,
ഒന്നിച്ചിരുന്നു കുറച്ചു നേരം
നർമ്മസല്ലാപങ്ങൾ നിർവ്വഹിക്കാം!

രമണൻ

പാടില്ല, പാടില്ല, നമ്മെ നമ്മൾ
പാടേ മറന്നൊന്നും ചെയ്തുകൂടാ!

ചന്ദ്രിക

ആലോലവല്ലികളെത്രയിന്നാ
നീലമലകളിൽ പൂത്തുകാണും!

രമണൻ

ഇക്കളിത്തോപ്പിൽ നീ കണ്ടിടാത്തൊ-
രൊററപ്പൂപോലുമില്ലാ വനത്തിൽ.



Digitized By Kerala Sahitya Akademi

ചന്ദ്രിക

അങ്ങിപ്പോൾപ്പാടിപ്പറന്നീടുന്ന-
തെന്തെല്ലാം പക്ഷികളായിരിക്കും!

രമണൻ

ഇപ്പുഷ്പവാടിയിലെത്തിടാത്തൊ-
രൊററക്കിളിയുമില്ലാ വനത്തിൽ.

ചന്ദ്രിക

എന്നെ വർണ്ണിച്ചൊരു പാട്ടു പാടാ-
നൊന്നാ മുരളിയെ സമ്മതിക്കൂ!

രമണൻ

നിന്നെക്കുറിച്ചുള്ള ഗാനമല്ലാ-
തിന്നീ മുരളിയിലൊന്നുമില്ലാ.

ചന്ദ്രിക

എന്നാലിന്നാ നല്ല പാട്ടു കേൾക്കാൻ
നിന്നോടുകൂടി വരുന്നു ഞാനും!

രമണൻ

എന്നുമതെന്നിലിരിപ്പതല്ലേ?
എന്നുവേണെങ്കിലും കേൾക്കരുതേ?

ചന്ദ്രിക

എന്നാലതിന്നീ വിളംബമെന്തി-
നെന്നെയും കൂടിന്നു കൊണ്ടുപോകൂ!



Digitized By Kerala Sahitya Akademi

രമണൻ

നിന്നെയൊരിസ്കൂൾ ഞാൻ കൊണ്ടുപോകാം,—
മിന്നു വേണ്ടി,ന്നു വേണ്ടോമലാളേ!

ചന്ദ്രിക

എന്തപേക്ഷിയ്ക്കിലു,മപ്പൊഴെല്ലാ—
മെന്തിനെന്നോടിത്തടസ്സമെല്ലാം?

രമണൻ

കുററങ്ങളൊക്കെ ഞാനേററുകൊള്ളാം,
തെററിദ്ധരിക്കരുതെങ്കിലും നീ;
നിന്നിലുപരിയായില്ലയൊന്നും
മന്നിലെനിക്കെൻറ ജീവിതത്തിൽ!

ചന്ദ്രിക

നമ്മളിൽ പ്രേമം കിളുന്തിൽപ്പി—
ന്നിന്നൊരു വഷം തികച്ചുമായി.
അത്രയ്ക്കനഘമാണീ ദിവസം!
തുഷ്ടി മൊട്ടിട്ടതാണീ ദിവസം!
ഇന്നൊന്നപേക്ഷയെക്കൈവെടിയാ—
തൊന്നെന്നെക്കൂടങ്ങു കൊണ്ടുപോകൂ!

രമണൻ

ഇന്നു മുഴുവൻ ഞാനേകനായ—
ക്കുന്നിൻചെരുവിലിരുന്നു പാടും;
ഉച്ചയ്ക്കു പച്ചമരത്തണലിൽ
സ്വപ്നവും കണ്ടു കിടന്നുറങ്ങും;

നാളെ

Digitized By Kerala Sahitya Akademi

രമണൻ

ഇന്നു ഞാൻ കാണും കിനാക്കളെല്ലാം
പൊന്നിൽക്കുളിച്ചുള്ളതായിരിക്കും;
ഇന്നു ഞാൻ കാണും കിനാക്കളെല്ലാം
നിന്നെക്കുറിച്ചുള്ളതായിരിക്കും;
നിർബ്ബാധം ഞാനിന്നാ നിർവൃതിയിൽ-
പ്പററിപ്പിടിക്കുവാൻ സമ്മതിക്കൂ!
ഏകനായ്ത്തന്നിന്നാക്കാട്ടിലേക്കു
പോകട്ടേ, പോകട്ടേ, ചന്ദ്രികേ, ഞാൻ!

ചന്ദ്രിക

ജീവേശ, നിൻവഴിത്താരകളിൽ-
പ്പൂവിരിക്കട്ടെ തരുനിരകൾ
ഉച്ചത്തണലിലെ നിന്നുറക്കം
സ്വപ്നങ്ങൾകൊണ്ടു മിനുങ്ങിടട്ടെ!
ഇന്നു നിൻചിന്തകളാകമാനം
സംഗീതസാന്ദ്രങ്ങളായിടട്ടെ!
ഭാവനാലോലനായേകനായ് നീ
പോവുക, പോവുക, ജീവനാഥ!

[രമണൻ പോകുന്നു. ദൃഷ്ടിപഥത്തിൽനിന്നു മറയുന്നതുവരെ ചന്ദ്രിക അവനെത്തന്നെ നോക്കിക്കൊണ്ടു നില്ക്കുന്നു. അകലെ, പച്ചപ്പടപ്പുകൾക്കിടയിൽ, ആ സുകുമാരരൂപം അപ്രത്യക്ഷമായതോടുകൂടി, അവളുടെ കണ്ണുകളിൽനിന്നു രണ്ടു കണ്ണീർക്കണങ്ങൾ അടർന്നു നിലംപതിക്കുന്നു.]

(അണിയറയിൽ)

["ചന്ദ്രികേ!....... ചന്ദ്രികേ!!........"]



Digitized By Kerala Sahitya Akademi

# രണ്ടാം ഭാഗം

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# ഉപക്രമരംഗം

[ഗായകസംഘം]

ഒന്നാമത്തെ ഗായകൻ

ഒരു നവസുരഭിലഭാവനയെ
ഓമനിച്ചോമനിച്ചാട്ടിടയൻ
അനുപമസുലളിതവനതലത്തി-
ലാനന്ദലോലനായാഗമിപ്പൂ!

രണ്ടാമത്തെ ഗായകൻ

അവനുടെ വരവിലത്തരുനിരയി-
ലാലോലമർമ്മരമങ്കുരിപ്പൂ!

മൂന്നാമത്തെ ഗായകൻ

അവനുടെ കുളിർനീലശിലാതലത്തി-
ലാരണ്യവല്ലികൾ പൂപൊഴിപ്പൂ!

ഒന്നാമത്തെ ഗായകൻ

ഒരുമിച്ചു നിവസിച്ചോരജങ്ങളെല്ലാം
ഓരോ വഴിയായതാ, പിരിഞ്ഞു!

[അണിയറയിൽ മധുരമായ ഒരു ഓടക്കുഴൽവിളി]

രണ്ടാമത്തെ ഗായകൻ

മുരളിയുമെടുത്തവൻ വനതലങ്ങൾ
ചാരുസംഗീതത്തിൽ മുക്കിടുന്നു.



Digitized By Kerala Sahitya Akademi

മൂന്നാമത്തെ ഗായകൻ

ഉലകിനെ മറന്നവനുദിതരാഗൻ
നാദബ്രഹ്മത്തിലലിഞ്ഞിടുന്നു.

[പോകുന്നു]

[ഒരു പുതിയ ഗായകസംഘം]

ഒന്നാമത്തെ ഗായകൻ

പതിവുപോൽക്കനൽവെയിൽ ചൊരിഞ്ഞു,
മദ്ധ്യാഹ്നസൂര്യൻ ജ്വലിച്ചു നില്പൂ. (വാനിൽ

രണ്ടാമത്തെ ഗായകൻ

[അണിയറയിലേക്കു ചൂണ്ടിക്കാണിച്ച്]

ഒരു ചൂതമരത്തിൻെറ തണൽച്ചുവട്ടിൽ,
കോമളതൃണങ്ങൾ വിരിച്ച പട്ടിൽ,
കമനീയമായൊരു കവിതപോലെ,
രമണനുറങ്ങിക്കിടന്നിടുന്നു!

ഒന്നാമത്തെ ഗായകൻ

[അടുത്തുചെന്ന് അണിയറയിലേക്കു നോക്കിയിട്ട്]

ഇടയ്ക്കിടയ്ക്കത്തളിരധരകങ്ങൾ
ചൂടുന്നു നേരിയ പുഞ്ചിരികൾ!

രണ്ടാമത്തെ ഗായകൻ

ഒരു പക്ഷേ,യവനോമൽപ്രണയസ്വപ്ന-
മോരോന്നു കാണുകയായിരിക്കാം!

ഒന്നാമത്തെ ഗായകൻ

അവനിപ്പോളനുരാഗപരവശയാ-
മാരോമൽച്ചന്ദ്രികയോടുകൂടി,



Digitized By Kerala Sahitya Akademi

സുരഭിലനന്ദനവനികകളിൽ
സ്വൈരം വിഹരിയ്ക്കുകയായിരിയ്ക്കാം!

[പോകുന്നു]

*　　　*　　　*

[വനത്തിൻെറ ഒരു ഭാഗം പ്രത്യക്ഷപ്പെടുന്നു. ചന്ദ്രിക വിലാസലോലസയായി പ്രവേശിച്ച്, രംഗത്തിൻെറ മറുഭാഗത്തു്, വനത്തിൽ, അപ്രത്യക്ഷയാകുന്നു. പുറകെ ആമ്പൂടെ ഗായകസംഘം പ്രവേശിക്കുന്നു.]

[ഗായകസംഘം ഒരുമിച്ച്]

അനുപദ,മനുപദ,മതിമൃദു പാ-
മാലോലശിഞ്ജിതം വീശിവീശി;
മദഭരതരളിതതനുലതയിൽ
മാന്തളിർപ്പൂമ്പട്ടുസാരി ചാർത്തി;
മഴമുകിലെതിരൊളിക്കുളിർകുഴലിൽ
മാലതീമാലിക ചേർത്തു ചൂടി;
വളരൊളിത്തരിവളയണിഞ്ഞ കൈയിൽ
വാസന്തിപ്പൂങ്കുളിച്ചെണ്ടുമായി;
പവിഴച്ചെഞ്ചൊടിത്തളിരകന്നൊരോമൽ-
പ്പൂനിലാപ്പുഞ്ചിരി വെള്ളവീശി;
( നതലമിതിലണഞ്ഞധിവസിയ്ക്കും
വാസന്തദേവതയെന്നപോലെ,
എവിടേയ്ക്കാണെ,വിടേയ്ക്കാണ,മിതമോദ-
മേകയായ്പ്പോവതു പൊൻകതിരേ?

[പോകുന്നു.]



Digitized By Kerala Sahitya Akademi

[രണ്ടാമത്തെ ഗായകസംഘം]

ഒന്നാമത്തെ ഗായകൻ

അതുവെറുമൊരു സ്വപ്നസൃഷ്ടിയല്ല;
ചേതനാമൂർച്ഛതൻ മായയല്ല,
സകലതും മറന്നൊരാ പരക്ഷമേതോ
സായൂജ്യസംപ്രാപ്തിയായിരുന്നു!

[രണ്ടാമത്തെ ഗായകൻ]

അതിൻ പൊന്നുങ്കതിരുകളുതിർന്നുവീണൊ–
രാലവാലം ചമച്ചുല്ലസിപ്പൂ!
അതിനുള്ളിലൊരു കൊച്ചുകുമിളപോലീ
ബ്രഹ്മാണ്ഡമൊട്ടുക്കൊതുങ്ങിനില്പൂ!
അതിനകത്തവൻ കാണ്മതവളെ മാത്രം;
മററുള്ളതൊക്കെയുമെങ്ങു പോയി?

മൂന്നാമത്തെ ഗായകൻ

ചിറകില്ലാത്തൊരു പാറിപ്പറക്കലാണ–
ചിന്തിച്ചിരിക്കാത്ത ഭാവഭേദം!

ഒന്നാമത്തെ ഗായകൻ

പൊടുന്നനെപ്പിടഞ്ഞാത്മാവുണർന്നു കൂവാൻ
പോവുമതെന്തിൻ പ്രഭാതവാതം?

രണ്ടാമത്തെ ഗായകൻ

[അണിയറയിലേയ്ക്കു സൂക്ഷിച്ചുനോക്കി]
വിടർത്തുന്നിതവൻ—അല്ല, വിടർന്നുപോയി
വീണവായിച്ചുകൊണ്ടാ മിഴികൾ.



Digitized By Kerala Sahitya Akademi

മൂന്നാമത്തെ ഗായകൻ

അവനിപ്പോളാലസൽപ്രണയരംഗം
വെറുമൊരു കിനാവായിത്തോന്നിയേക്കാം.

ഒന്നാമത്തെ ഗായകൻ

അമരുന്നിതവന്റെ ശിരസ്സ്, നോക്കൂ,
ആരോമലാളിൻ മടിത്തടത്തിൽ!

രണ്ടാമത്തെ ഗായകൻ

വിരലിനാലവൾ മാടിത്തെരുപ്പിടിപ്പൂ
പാറിപ്പറന്ന തൽക്കുന്തളങ്ങൾ!

മൂന്നാമത്തെ ഗായകൻ

കരുനേത്ര പുളകപ്പൂമ്പുതപ്പിനുള്ളിൽ
ഓരോരോ കാവ്യപ്രചോദനങ്ങൾ
നുരിയിട്ടു നുരിയിട്ടു വരികയാകാം
നൂതനതത്വത്തിൻ നിലാവു വീശി!

ഒന്നാമത്തെ ഗായകൻ

കുലുങ്ങുന്നില്ലോ, തുളുമ്പുന്നില്ലലകിലെങ്ങു-
മോളംതുളുമ്പുമവന്റെ ചിത്തം.

രണ്ടാമത്തെ ഗായകൻ

അതിനൊന്നു നിലനില്ക്കാനിനിയും വേണം
ആയിരമണ്ഡകടാഹകങ്ങൾ.

മൂന്നാമത്തെ ഗായകൻ

അനവധി ചരിതങ്ങളവളോടോതാ-
നാശയില്ലാഞ്ഞയല്ലെ,ന്തു ചെയ്യാം?
കഴിയുന്നില്ലവനൊന്നു ചിരിക്കാൻപോലും
നാനാവികാരസമ്മർദ്ദനത്താൽ!



Digitized By Kerala Sahitya Akademi

ഒന്നാമത്തെ ഗായകൻ

ഒടുവി,'ലെന്നോമനേ,'യെന്നുമാത്രം
ഓതിയവനൊന്നു നിശ്വസിച്ചു!

രണ്ടാമത്തെ ഗായകൻ

അറിഞ്ഞിടാതവനുടെ കരങ്ങൾ ചെന്നി–
ട്ടാരാഗവല്ലിയെച്ചുറ്റിടുന്നു.

[എല്ലാവരും ഒരുമിച്ച്]

ഒരിക്കലും മറക്കുകില്ലീ വനാന്തം
നേരിട്ടു കണ്ടൊരീ രാഗരംഗം.
ചെറുമലർക്കുടംതോറുമതിൻ മഹത്താം
ചേതോഹരത്വം നിറഞ്ഞുപോയി!
കുളിർപ്പൂഞ്ചോലകൾതോറുമതിന്റെ ഗാനം
ചേലിലെന്നേക്കും പകർന്നുപോയി!
മലയിലപ്പ്രണയത്തിൻ പ്രശാന്തഭാവം
മാനം തൊട്ടുമാറുയർന്നുപോയി!
മകരന്ദമധുരമാമതിൻ രഹസ്യം
മാരുതമന്ത്രത്തിലായിപ്പോയി!
ഇനി മറന്നിടുകയില്ലൊരിക്കലുമി–
ക്കാനനം കണ്ടൊരീ രാഗരംഗം!



Digitized By Kerala Sahitya Akademi

## രംഗം ഒന്നു്

[ഒരൊററയടിപ്പാത. അതിന്റെ അഗ്രഭാഗത്തായി ഒരു ക്ഷേത്രം. ചന്ദ്രികയും ഭാനുമതിയും ദേവദർശനം കഴിഞ്ഞു് ഈറൻ മുണ്ടുകളോടുകൂടി മടങ്ങുന്നു. ചുററുപാടും മനോഹരമായ പ്രകൃതി വിലാസം. മൂടൽമഞ്ഞു ക്രമേണ നീങ്ങിനീങ്ങി ഇളംകാററു വീശുന്നുണ്ടു്. പക്ഷികളുടെ കളകളം നാനാഭാഗത്തുനിന്നും കേൾക്കപ്പെടുന്നു.]

ഭാനുമതി

ചന്ദ്രികേ, സംഗീതദേവതയാമൊരു
ഗന്ധർവ്വനാണക്കൊച്ചാട്ടിടയൻ!
ഏവനും കണ്ടാൽക്കൊതിതോന്നുമാറൊരു
പൂവമ്പനാണക്കൊച്ചാട്ടിടയൻ!
അത്ഭുതമില്ലെനിയ്ക്കല്പവും, നീയവ-
നർപ്പണംചെയ്കതിൽ നിന്റെ ചിത്തം.

ചന്ദ്രിക

മത്സഖി, മാമകജീവിതാങ്കത്തിനൊ-
രുത്സവമാണക്കൊച്ചാട്ടിടയൻ!
രോമഹർഷങ്ങൾ വിതച്ചുകൊണ്ടീവഴി-
യ്ക്കാ മദനോപമൻ പോയിടുമ്പോൾ
എന്തൊരാനന്ദമാണെ,ന്തു നിർവ്വാണമാ-
ണ,ന്തരംഗത്തിൽപ്പൊടിപ്പതെന്നോ !

ഭാനുമതി

ഒരുവർത്തനോത്സുകമാ വേണുസംഗീത-
മാവിഷ്കരിയ്ക്കുന്നതേതു ലോകം?



Digitized By Kerala Sahitya Akademi

ചന്ദ്രിക

മർത്ത്യൻെറ നീതിതൻ മുള്ളുവേലിയ്ക്കക-
ത്തൊട്ടുമൊതുങ്ങാത്ത ദിവ്യരാഗം
കാണിച്ചിടുന്നോരപാരതയാണ,തിൽ-
ക്കാണില്ല കാമാന്ധകാരലേശം.

ഭാനുമതി

എങ്കില്ലു,മണ്ടതിനേതോ നിഗൂഢമാം
സങ്കടത്തിൻെറ മുഖാവരണം.

ചന്ദ്രിക

ശങ്കയെന്നുണ്ടൊരു പാഴ്നിഴലേ,തൊരു
മന്ദസ്മിതത്തെയും മൂടിവെയ്ക്കാൻ!

ഭാനുമതി

കുററപ്പെടുത്തുവാനില്ലതിൽ: നാമൊക്കെ-
യെത്രയായാലും മനുഷ്യരല്ലേ?

ചന്ദ്രിക

എങ്കില്ലു,മൊന്നു ഞാൻ തീർത്തുചൊല്ലാമെൻെറ
സങ്കല്പമെന്നുമിതായിരിക്കും.
ബന്ധുജനങ്ങൾ മുഴുവനു,മീപ്രേമ-
ബന്ധത്തിലെന്നോടെതിർത്തു നില്ക്കൂ.
പ്രാണൻെറ ബന്ധവും തൂക്കിനോക്കുന്നതു
നാണയത്തുട്ടുകളാണുപോലും!
പുല്ലാണെനിയ്ക്കിപ്പണ,മവൻതൻ കൊച്ചു-
പുല്ലാങ്കുഴലുമായ് നോക്കിടുമ്പോൾ!

ഭാനുമതി

അപ്രേമസിദ്ധിയ്ക്കവകാശമോതുവാ-
നത്രയ്ക്കുതിനോടടുത്തുവോ നീ?



Digitized By Kerala Sahitya Akademi

ചന്ദ്രിക

സമ്പൂതമമപ്രേമസിദ്ധിക്കു, പച്ചില-
ക്കമ്പിളും കോട്ടി ഞാൻ പിച്ചതെണ്ടാം;
വേണെങ്കിലാ രാഗവേദിയിൽവെച്ചു മൽ-
പ്രാണനെക്കൂടി ഞാൻ സന്ത്യജിക്കാം;
എന്നാലു,മയ്യോ, മറക്കാനരുതെനി-
ക്കെന്നെ വാഴ്ത്തീടുമക്കോകിലത്തെ!
എൻമുന്നിലപ്പ്ണംചെയ്യുകയാണതു
തന്നാത്മഗീതങ്ങളാകമാനം!
അപ്പ്ണംചെയ്യുകയാണവൻ ഞാനായ
'നക്ഷത്ര'ത്തിന്നു തൻ 'ഗാനഹാരം!'
ആ വിശുദ്ധാദശ്വാനെ ത്യജിക്കുവാ-
നാവതല്ലൊട്ടുമെനിക്കു, തോഴി!

ഭാനുമതി

സംഭവചക്രമുരുണ്ടുരുണ്ടങ്ങിനെ
സംവത്സരോജ്ജ്വലസ്യന്ദനങ്ങൾ
ഭാരോന്നകന്നു മറയുമ്പോ,ളിപ്രേമ-
മാരിവില്ലും സ്വയം മാഞ്ഞുപോകാം!
കുററപ്പെടുത്താനുമില്ലതിൽ: നാമൊക്കെ-
യെത്രയായാലും മനുഷ്യരല്ലേ?

ചന്ദ്രിക

എന്നാലുമെന്നെ നീയാവിധം ശങ്കിക്കേ-
ണ്ടെന്നും ഞാൻ ഞാൻതന്നെയായിരിക്കും!
നാകത്തിലാദിത്യദീപ,മൊരുചക്ഷു,
നാളെപ്പൊടുന്നനെക്കെട്ടുപോകാം,

ഒൻ

പററിവരണ്ടുപോയേക്കാം സ്വച്ഛമതി-
ലററുകിടക്കും സമുദ്രമെല്ലാം;—
എന്നാലു,മിപ്രേമമെന്നുമിതുവിധം
മിന്നിത്തിളങ്ങും തിരയടിക്കും!

ഭാനുമതി

ആകട്ടെ, നിന്മനമെന്നെന്നുമിമ്മട്ടി-
ലാകണമെന്നാണെനിക്കു മോഹം!
ചിത്രവർണ്ണോജ്ജ്വലപത്രസമ്പന്നമാം
ചിത്രപതംഗത്തിൻ ദർശനത്തിൽ
ചഞ്ചലോദഞ്ചിത പ്രസൂനം ക്ഷണത്തില-
ച്ചഞ്ചരീകത്തെ മറന്നുപോകാം!
ലോകഗതിയാണ,തുകൊണ്ടു ചൊന്നതാ-
ണാകട്ടെ, കണ്ടിതം വേണ്ട തോഴി!

ചന്ദ്രിക

മാമകജീവിതമാകന്ദത്തോപ്പിലാ
മന്മഥകോമളനല്ലാതാരും
തേൻപെയ്യും ഗാനം പൊഴിച്ചണയില്ലൊരു
ദാമ്പത്യമാല്യവും കയ്യിലന്തി;
അപ്പുഷ്പബാണനോടൊന്നിച്ചു ചേർന്നിനി
മൽപ്രേമപ്പൂവല്ലി പൂത്തിടാവു!

ഭാനുമതി

നിന്നഭിലാഷം സഫലമായ്ത്തീരുവാ-
നെന്നുമർത്ഥിക്കുവോളാണയേ, ഞാൻ!
നിൻപ്രേമസാമ്രാജ്യനാഥനായീടുവാൻ
സമ്പന്നനാണക്കൊച്ചാട്ടിടയൻ!



Digitized By Kerala Sahitya Akademi

## രംഗം രണ്ടു്

[ചന്ദ്രികയുടെ ഉദ്യാനം. പൂവല്ലിപ്പടപ്പുകളുടെ ഒരു മറവു്. നേരിയ മൂടൽമഞ്ഞു്. ഹേമന്തത്തിലെ സുന്ദരമായ പൂനിലാവു്. സമയം അർദ്ധരാത്രി. ആകാശം നിറയെ നക്ഷത്രങ്ങൾ. ചന്ദ്രികയും രമണനും തൊട്ടുതൊട്ടു് ഒരു ശിലാതലത്തിൽ ഇരിക്കുന്നു. രമണൻെറ ഇടതുകൈ, ചന്ദ്രികയുടെ തോളോടുതോൾ, പുറകുവശത്തുകൂടി ചുററിയിരിക്കുന്നു. രമണൻെറ വലതുകൈ തൻെറ ഇരുകരങ്ങളിലും എടുത്തു ചന്ദ്രിക വിരലുകളെ പ്രേമപാരവശ്യത്തോടെ താലോലിച്ചുകൊണ്ടിരിക്കുന്നു.]

രമണൻ

ചന്ദ്രികേ, വല്ലപ്പോഴും പറയാറില്ലേ, ശുഭ-
സുന്ദരസുമാകീർണ്ണമല്ല ജീവിതമാർഗ്ഗം!
എൻചുററുമെരിയുന്നു സന്തതം, മനുഷ്യതൻ
വഞ്ചനാവിഷപ്പുക വമിക്കും തീജ്ജ്വാലകൾ!
ചാററിയോരവസരം കാത്തുകാത്തിരിക്കുന്നു
കഷ്ടമിന്നവയെന്നെപ്പൊതിയാൻ, പൊള്ളിക്കുവാൻ!
എന്തു ഞാൻ ചെയ്യും, നിൻെറ ജീവനുംപൂതുംപോലെ
നൊന്തുനൊന്തഹോരാത്രം മാഴ്കിക്കൊണ്ടിരിക്കുമ്പോൾ?

ചന്ദ്രിക

സാരമില്ലെൻ സന്താപ, മവിടന്നതോർത്തശ്രു-
ധാരയിൽക്കുളിക്കൊല്ലേ, ഹൃദയം പുണ്ണാക്കൊല്ലേ!
സാമ്പ്രതം പിടിച്ചെന്നെ വലിപ്പു ബന്ധുക്കളെ-
ദ്ദാമ്പത്യവാടികളുള്ളിൽ വിശ്രമിപ്പിക്കാനായി.
അഴലിൻ തീജ്ജ്വാലകളല്ലാതെ കാണ്മീല ഞാ-
നവിടെ, ബ്ഭവാനെന്നോടൊന്നിച്ചങ്ങില്ലെന്നാകിൽ!



Digitized By Kerala Sahitya Akademi

ശ്രമണൻ

മറ്റൊരാൾക്കൊന്നെന്ദ്രാനംചെയ്യതേക്കാളു,മെൻെറ
ചട്ടടയവർ വേഗം കൂട്ടുകയല്ലേ ഭേദം?

രമണൻ

ഈവിധം നിശിതമാം വാക്കുക,ളത്തോനോലും
നാവിൽനിന്നുതിർന്നാലോ? നീയിദം ക്ഷോഭിച്ചാലോ?
വാത്സല്യനിധികളാമഗ്ഗുരുക്കൾതൻ നേക്കു
മൂർച്ചയുള്ളൊരു വാക്കുമെറിയാൻ പാടില്ലാ നീ!
നിസ്സാരൻ ഞാനെ,ൻകാര്യമെമ്മട്ടമായിക്കോട്ടെ;
ചെറുതുമപ്പിതാക്കളോടഹിതം ഭാവിക്കൊല്ലേ!
കനിവാർന്നിക്കാര്യത്തിൽ കണ്ണയയ്ക്കുവാൻമാത്രം
കഴിയുംവിധമെല്ലാം യാചിക്കാൻമാത്രം നോക്കു!

[ചന്ദ്രിക സാരിയുടെ ഉള്ളിൽ ഒളിച്ചുവെച്ചിരുന്ന ഒരു മുല്ല മാല എടുത്തു നിവർത്തി സുസ്മേരവദനയായി രമണൻെറ കഴു ത്തിൽ അണിയിക്കുന്നു. അതേനിമിഷംതന്നെ കുറച്ചകലെയാ യി, ഏതോ അപകടത്തിലകപ്പെട്ടപോലെ ഒരു പക്ഷിയുടെ ദയനീയരോദനം ക്ഷണനേരം അവിടെ മുഴുവൻ വ്യാപിക്കുന്നു. ആദ്യം രമണൻെറ മുഖം വികസിക്കയും, രോദനം കേൾക്കുന്ന ഉടനെ ഏതോ ഒരവ്യക്തഭീതിയിൽ ആ വികാസശോണിമ നി ശ്ശേഷം അപ്രത്യക്ഷമായി, നിസ്തേജമായിത്തീരുകയും ചെയ്യുന്നു. രമണൻ ശിലാതലത്തിൽനിന്നും പിടച്ചെഴുന്നേല്ക്കുന്നു; ഒപ്പം ചന്ദ്രികയും. രമണൻെറ ശരീരം വിറയ്ക്കുന്നു. ചന്ദ്രിക അടുത്തു ചെന്നു രമണൻെറ കഴുത്തിൽ കൈചുററി, മുഖം മാറിൽ ചേർത്തു നില്ക്കുന്നു. അനന്തരം മുഖമുയർത്തി പ്രസന്നതയോടെ—]



Digitized By Kerala Sahitya Akademi

ചന്ദ്രിക

ആരെന്തു പറഞ്ഞോട്ടേ, ഞാനിതാ, സമർപ്പിച്ചു
ചാരുജീവിതമാല്യം മാമകം ഭവാനായി.
ഇനി ഞാനന്യന്റെയല്ലി,ല്ലാക്കുമധികാര-
മിനിമേലെന്നിൽ—ഭക്തദാസിയായ്ബ്ഭവാനു ഞാൻ!
ഈ മലർമാല്യത്തിന്റെ സുഗന്ധം നമുക്കെഴും
പ്രേമത്തിൻ പരിശുദ്ധിയെമ്പാടും പരത്തുന്നു.
അങ്ങതാ, നോക്കൂ, മുല്ലപ്പൂവൊളിനിലാവല്ലേ
തിങ്ങിനില്പതു ചുററും, നമ്മുടെ ഹർഷംപോലെ!
രാക്കുയിൽ പാടിപ്പാടിയുറങ്ങീ, നക്ഷത്രങ്ങൾ
നോക്കിനില്ക്കുന്നു വാനിൽ സാക്ഷിയായിതിനൊക്കെ.
ഈ വിശാലപ്രകൃതിതൻ പുണ്യക്ഷേത്രത്തിൽവെച്ചു
പാവനമാം ഗാന്ധർവ്വവിവാഹം നടത്തീ നാം!
ഏതു സന്താപത്തിന്റെ നീങ്ങാത്തോരിരുളിലും
ജ്യോതിസ്സൊന്നെതിരേ നാം കണ്ടിടും വിടന്നെന്നും!
ഈ മുഖം ദ്യോതിപ്പിയ്ക്കും മ്ലാനതമാത്രം കാണാൻ
ഹാ, മനസ്സിനു കരുത്തില്ലെനിയ്ക്കണുപോലും!

[നമ്രവദനനായി നില്ക്കുന്ന രമണന്റെ ശിരസ്സു പിടിച്ചു് ഉയർത്തിക്കൊണ്ടു് ഒരപേക്ഷാസ്വരത്തിൽ]

കണ്ണെന്റെ നേരേ നോക്കിച്ചിരിയ്ക്കൂ, കാണട്ടെ ഞാൻ,
സുന്ദരാനനമിതു മേല്ക്കുമേൽ വിളർത്താലോ!

രമണൻ

ചന്ദ്രികേ, മന്മാനസവീണയിലെഴും പ്രേമ-
തന്ത്രികേ, നീയിന്നെന്നെ മറെറാരാളാക്കിത്തീർത്തു.



Digitized By Kerala Sahitya Akademi

രമണൻ

ആയിരം ജന്മംകൊണ്ടു നേടുവാൻ കഴിയാവു-
ന്നാനന്ദമാജ്ജിപ്പൂ ഞാനൊരു മാത്രതന്നുള്ളിൽ.
അതുപോൽ പരകോടിജന്മത്താൽ സഹിക്കേണ്ടും
ഹൃദയവ്യഥയെന്നെക്കാത്തുനില്ക്കുന്നു ചാരേ.
ആയതിൻ മുഖം കാൺകെ വിറച്ചുപോകുന്നു ഞാ-
നാരോമലാളേ, പനീർപ്പൂന്തോട്ടമല്ലാ ലോകം!
ചലനം, ചലനം—ഹാ, മാത്രയ്ക്കു മാത്രയ്ക്കുണ്ടാം
ചലനം—പ്രപഞ്ചത്തെ മുന്നോട്ടു നയിക്കുന്നു.
അതിലെന്തെല്ലാം മാററ,മെന്തെല്ലാം പരിണാമ-
ഗതിവൈചിത്ര്യം വന്നുകൂടിടാ,മാലോചിക്കൂ!
നിസ്സഹായന്മാർ, വെറും പുഴക്കൾ, മർത്ത്യന്മാർ നാം
നിഷ്ഠുരവിധിയോടു മല്ലിടാനശക്തന്മാർ!
നാമൊന്നു നിരൂപിക്കും, മറെറാന്നായ്ത്തീരും ഫലം;
നാമതു കണ്ടാർത്തരായ് നിഷ്ഫലം വിലപിക്കും.
ജീവിതമൊരു കടങ്കഥയാ,ണോർത്താലാർക്കു-
മാവില്ല ശരിയായൊരുത്തരം സ്ഥാപിക്കുവാൻ!
അശുഭാസിതഭാവിസൂചനയായിട്ടെനി-
ക്കൂകതാരികലെ,ന്തോ തോന്നുകയാണാ നാദം!
മൽഗളത്തിലാ മലർമാല വീണതും, ദുഃഖ-
മഗ്നമാ നാദം പുറപ്പെട്ടതുമൊന്നിച്ചല്ലേ?
എന്തുകൊണ്ടാവാ, ഭാവിചിന്തയാൽ പ്രക്ഷുബ്ധമായ്
ഹന്ത, മന്മനമിതാ, മേല്ക്കുമേൽ തുടിക്കുന്നു!
കേൾപ്പൂ ഞാനന്തന്നാദമൊന്നെന്നി'ലീ നാടകം
തീർച്ചയാണവസാനം രക്തത്തിലാണെ'ന്നായി.

വൃത്

Digitized By Kerala Sahitya Akademi

**രമണൻ**

അശുഭത്തിലാണതിൻ പ്രാരംഭം; കലാശവു-
മശുഭത്തിങ്കലാവാൻതന്നെയാവണം യോഗം!

[വീണ്ടും ശിലാതലത്തിൽ ഇരിക്കുന്നു. ചന്ദ്രിക രമണന്റെ ഇരുകരങ്ങളും കൂട്ടിപ്പിടിച്ചുകൊണ്ട് അടുത്തിരുന്നിട്ട്]

ചന്ദ്രിക

മൂടൽമഞ്ഞിലാണെങ്ങോ, ദൂരത്തി,ലവ്യക്തമായ്
മൂളിക്കൊണ്ടിരിക്കുന്നാപ്പാവിയെപ്പേർത്തും പേർത്തും
ചിന്തിച്ചു ചിന്തിച്ചോരോ നവമാം വിഷാദത്തി-
നെന്തിനു വിധേയമാക്കീടുന്നു വൃഥാ ചിത്തം?
വേണുനാദത്തിലിതു പൊതിയൂ, നവോന്മേഷ-
ശോണമാം ചായം തൊട്ടു മിനുക്കു പ്രജ്ഞാങ്കുരം!
അശുഭം സൂചിപ്പിച്ചതായിരുന്നില്ലാപ്പക്ഷി
പിശുനപ്രകാശത്തിൻ നാന്ദിയോതിയതെന്യേ.
അങ്ങയെത്താലോലിക്കാൻ കാത്തുകാത്തിരിക്കുന്നു-
ണ്ടന്തികത്തിങ്കൽത്തന്നെയാർദ്രയാം പുരോഗതി!
ഗാനസാമ്രാജ്യത്തിലെസ്സാർവ്വഭൗമനാമങ്ങ-
യ്ക്കാനന്ദം ചരാചരമൊക്കെയും വിളമ്പുമ്പോൾ,
അവിടുന്നസംതൃപ്തനാകുവാനണുപോലു-
മവകാശമില്ലവ,—മാശ്വസിക്കുവാൻ നോക്കൂ!
ഭഗ്നഭാഗ്യയാം ഞാനാം നീർപ്പോളമൂലം, ഭവാ-
നഗ്നിപർവ്വതം ചുമന്നെന്തിനു ദഹിക്കുന്നു?
ആശ്വസിക്കുവാൻ നോക്കൂ!—നമ്മളേമാനിക്കുമീ-
ശ്ശാശ്വതസ്നേഹം നൽകും നമുക്കു സർവ്വോൽക്കർഷം!



Digitized By Kerala Sahitya Akademi

## രമണൻ

[ചന്ദ്രികയുടെ പുറത്തു തലോടിക്കൊണ്ടു്]

ധവളപ്രഭമാമിച്ചന്ദ്രികാസരിത്തിങ്ക-
ലിവിടം വെള്ളിച്ചാറു പൂശിക്കൊണ്ടിരിക്കിലും,
അങ്ങോട്ടു, ദൂരത്തേയ്ക്കാ മഞ്ഞണിക്കുന്നും കാടും
തിങ്ങിടും രംഗത്തിലേയ്ക്കൊ,ന്നു നീ കണ്ണോടിയ്ക്കൂ!
ആവൃതം തിമിരത്താലാകമാനമാ രംഗ-
മാവലിൻ ചിറകടിയൊച്ചയാൽ പ്രകമ്പിതം;
അതുപോ,ലിനിയെൻെറ ഭാവിയുമജ്ഞാതമാ-
മഴൽ തിങ്ങിടുമൊന്നാണി,ന്നു ഞാൻ ചിരിയ്ക്കിലും.
നിസ്തുലേ, നിന്നെക്കൊണ്ടെൻജീവിതം മധുരിച്ചാൽ
നിർദ്ദയപരിസരമതിനെച്ചവർപ്പിയ്ക്കും!
സമുദായമാം ബ്രഹ്മരക്ഷസ്സു പാഞ്ഞെത്തുന്നു
സരളസ്നേഹാർദ്രമാം ഹൃദയങ്ങൾക്കുപിൻപേ.
രക്ഷനേടുവാൻ മഹാവിഷമമസൂയതൻ
പക്ഷിപീഡയിൽനിന്നു, ദുർബ്ബലമാശാപോതം!
എമ്മട്ടെങ്കിലുമാകട്ടെ പരിണാമം; ഞാൻ നിന്നെ-
യെന്നാത്മക്ഷേത്രത്തിങ്കലെന്നേയ്ക്കും പ്രതിഷ്ഠിച്ചു.
ഞാനിതിൽ ദഹിയ്ക്കുവാനാണെങ്കിൽ, ദഹിയ്ക്കട്ടെ;
ഗാനലോലുപേ, പരിത്യജിയ്ക്കില്ലീ രാഗം ഞാൻ.
അങ്ങതാ, കോഴി കൂകിത്തുടങ്ങി; പോകുന്നു ഞാ-
നിങ്ങിനി നില്ക്കാൻ മേല—വെളുക്കാറായീ നേരം.

വൃന്ദ

Digitized By Kerala Sahitya Akademi

ചന്ദ്രിക

[എഴുന്നേല്ക്കുന്ന രമണനെ വീണ്ടും പിടിച്ചിരുത്തിയിട്ട്]

അതു 'പാതിരാക്കോഴി'യാണു, പേടിയ്ക്കാനില്ല;
പുതുപൂനിലാവസ്തമിച്ചിട്ടില്ലിതുവരെ.

രമണൻ

ഒന്നു നീ കിഴക്കോട്ടു നോക്കുക, ദൂരെക്കാണും
കുന്നിൻെറ പിന്നിൽ ശോണച്ഛായകൾ പൊടിച്ചല്ലോ.

ചന്ദ്രിക

ചെങ്കനൽനക്ഷത്രത്തിൻ തങ്കരശ്മികൾ തട്ടി-
ത്തങ്കിയതാണാ വർണ്ണസങ്കരം കിഴക്കെല്ലാം.

രമണൻ

അല്ലല്ല, പുലർകാലകന്യതൻ കാശ്മീരാങ്കി-
തോല്ലസൽപദപത്മസംഗമദ്യുതീയത്രേ.

ചന്ദ്രിക

പുലരാനിനിയുണ്ടൊരാറു നാഴികകൂടി-
പ്പുതുപൂനിലാവിതൊന്നസ്തമിച്ചോട്ടേ—പോകാം!

രമണൻ

ഞാനിങ്ങു നിന്നാൽ, നേരം വെളുത്താ,ലാരാനെന്നെ-
ക്കാണുവാനിടവന്നാൽ—നീയതൊന്നാലോചിയ്ക്കൂ!
നമ്മുടെ പരമാത്മമാരറിഞ്ഞിതീടും?—ഒരു
നിന്ദ്യമാം കഥയല്ലേ പരക്കുന്നതു നാളെ?
മിഥ്യാപവാദക്കൊടുങ്കാട്ടുതീയിലുംകൂടി-
ത്തപ്തമാനസം വീണ്ടും ഹോമിപ്പതെന്തിന്നായ് നാം?
ഞാനിനിപ്പോട്ടേ, നേരം വെളുക്കാറായിപ്പോയി;
കാണുവാൻ നമുക്കിടയിനിയും ലഭിയ്ക്കില്ലേ?



Digitized By Kerala Sahitya Akademi

ചന്ദ്രിക

പതിവില്ലാതിന്നിത്ര നേരത്തേ മനഃപൂർവ്വം
ഹതകുക്കുടമേ, നീയെന്തിനു കൂവിപ്പോയി?
അതുകൊണ്ടല്ലേ, പോകാൻ തിടുക്കം കൂട്ടുന്നതെൻ-
ഹൃദയേശ്വരൻ — ഹാ, നീയിത്ര നിഷ്ഠുരനാണോ?
ഒരു ചുംബനമാട്ടേ പൊയ്ക്കോളൂ — കാണാം നമു-
ക്കൊരു രാത്രിയിൽക്കൂടിനല്പനാളുകൾക്കുള്ളിൽ —
നില്ക്കൂ, ഞാനൊരു കാര്യം ചേർത്തുമൊന്നോതിക്കോട്ടേ:
കഷ്ടമാണിനിയുമീ ദുഃഖമഗ്നമാം ഭാവം!
എന്നോടെള്ളോളം സ്നേഹമുണ്ടെങ്കിൽ, പ്പൂവാനിനി-
യെങ്കിലു,മെന്നെയോർത്തു ഖേദിയ്ക്കാതിരിയ്ക്കണേ!

[രമണൻ പോകുന്നു]

അണിയറയിൽ

കഷ്ടമായി, നിന്നാശകളെല്ലാം
വ്യർത്ഥമാണിനി, ചന്ദ്രികേ!
അസ്സുമുഖനാമാട്ടിടയനെ
വിസ്മരിക്കുവാൻ നോക്കുക നീ!
താവകാശാകാശത്തിലിതാ,
താവുന്നുണ്ടൊരു കാർമുകിൽ.
നിശ്ചയിച്ചുകഴിഞ്ഞു, നിൻവിവാ-
ഹോത്സവത്തിൻ സമസ്തവും.



Digitized By Kerala Sahitya Akademi

## രംഗം മൂന്നു്

[അദ്ധരാത്രി. ചന്ദ്രികയുടെ മണിയറ. മേശപ്പുറത്തൊരു മങ്ങിയ വിളക്കു കത്തുന്നു. അവളുടെ മുഖം വിഷാദസമ്പൂൎണ്ണവും എന്നാൽ പൈശാചികമായ ഒരു ഭാവത്തോടുകൂടിയതുമായിരിക്കുന്നു. വലതുകൈയിൽ ഒരു കഠാരി]

ചന്ദ്രിക

നിർദ്ദയലോകമേ, സാധുവാമെന്നെ നീ
നിർദ്ദയമിട്ടിദം നീററുന്നതെന്തിനോ?
ഹന്ത,യെന്നോടു നീയീവിധം കാട്ടുവാ-
നെന്തെന്തു സാഹസം നിന്നോടു കാട്ടി ഞാൻ?
നൊന്തുനൊന്തേവം കഴിക്കുവാനാണെങ്കി-
ലെന്തിനെനിക്കിദം ജീൎണ്ണിച്ച ജീവിതം?

ഘോരകഠാരമേ, മൽക്കരളിങ്കലെ-
ച്ചോരക്കുവേണ്ടിപ്പുളയുകല്ലല്ലി നീ?
അല്പവുംകൂടി ക്ഷമിക്കൂ, നിൻ തൃഷ്ണയെ-
ത്തൃപ്തിപ്പെടുത്താനൊരുങ്ങുകയായി ഞാൻ!

അച്ഛനുമമ്മയും മാമകജീവിത-
പ്പിച്ചകപ്പൂമാലയെന്നേക്കുമായിതാ,
നാണയക്കാട്ടിലുള്ളേതോ കുരങ്ങിനു
കാണിക്കവെക്കുവാനൊരുങ്ങിക്കഴിഞ്ഞുപോയ്!
പുത്രീവാത്സല്യം നിറഞ്ഞുതുളുമ്പുമ-
ച്ചിത്തങ്ങൾ കാൺകെ,ത്തളൎന്നുപോകുന്നു ഞാൻ!
അമ്മയെൻകാല്ക്കു പിടിച്ചപേക്ഷിക്കുന്നു
പിന്നെയും പിന്നെയു,മെന്തു ചെയ്യട്ടെ ഞാൻ?
ഒന്നുകിൽ,ത്താതമാതാക്കളെക്കൈവെടി-
ഞ്ഞെന്നനുരാഗം പുലൎത്തുവാൻ നോക്കണം;

വ്വൻ

Digitized By Kerala Sahitya Akademi

അല്ലെങ്കി,ലിന്നുമുതല്ക്കു ഞാനക്കൊച്ചു-
പുല്ലാങ്കുഴലിനെപ്പാടേ മറക്കണം—
അച്ഛനുമമ്മയും കാട്ടുമാ ദാമ്പത്യ-
മുൾച്ചെടിക്കാട്ടിലലഞ്ഞു തളരണം—
ഭാവനാഗാനമധുരമായുള്ളോരു
ജീവിതംതന്നെ മറക്കുവാൻ നോക്കണം.
എന്തു ഞാൻ ചെയ്യും?—മതി, മതി, നീയെൻെറ
ചിന്തേ വിട്ടു വിട്ടു....പൊള്ളുന്നു....പോട്ടെ ഞാൻ!
സമ്പൂതമാ മനം നീഹാരസാന്ദ്രമാം
ചെമ്പനിനീരലർപോലത്ര മോഹനം!
തിങ്ങിത്തുളുമ്പുന്നതുണ്ടതിൽ, വററാത്ത
മംഗളരാഗമധുരപരിമളം.
അസ്സ്വര്ഗ്ഗസൗരഭാസ്വാദനത്തെപ്പോലൊ-
രുത്സവം മറെറന്തിനുണ്ടു ഭൂമിയിൽ?
കണ്ണോടവയൊക്കെ,യേതോ കടങ്കഥ-
യെന്നപോൽ, വിസ്മൃതി മൂടിക്കളകയോ?
എന്നിലൊട്ടിപ്പിടിച്ചീടിനോരാ ജീവ-
നെന്നേയ്ക്കുമായിപ്പറിച്ചുകളകയോ?
ഏതാദൃശം ഞാൻ പ്രവർത്തിയ്ക്കിലെന്തൊരു
പാതകകർമ്മമായ്ത്തീരുമതുഴിയിൽ!
ലോകം മുഴുവൻ പഴിയ്ക്കുന്നു, കഷ്ടം,മീ
രാഗകഥകൾ കേട്ടാ നിഷ്ക്കളങ്കനെ.
ആരറിയുന്നു പരമാത്ഥതത്ത്വങ്ങ-
ളാ,രവയല്ലെങ്കിലാരാഞ്ഞിടുന്നു ഹാ!
ഞാനല്ലി, കഷ്ടം,മീ നാശഗർത്തത്തിലേ-
യ്ക്കാനയിച്ചേവം ചതിപ്പതസ്സാധുവെ?



Digitized By Kerala Sahitya Akademi

എത്രയൊഴിഞ്ഞകന്നീടുവാൻ നോക്കിയി-
ല്ലുത്തമാദർശസ്വരൂപിയാം പൂമാൻ!
പാരിലിത്തിക്കണ്ണിയായി നിന്നാപ്പൂത്ത
പാരിജാതത്തെക്കരിച്ചുകളഞ്ഞു ഞാൻ!
എന്നിട്ടു,മാരുമാരോപിപ്പതില്ലയി-
ന്നെന്നിലൊരല്പമപരാധമെങ്കിലും!

തെററിദ്ധരിക്കുവാൻ മാത്രമറിയുന്ന
നിഷ്ഠുരനിന്ദ്യനിശിതപ്രപഞ്ചമേ,
അക്കൊച്ചുവേണുഗോപാലനിൽ സർവ്വത്ര
കുററവും വെച്ചു വിധിയെഴുതുന്നു നീ!
നീയും നനഞ്ഞ നീർ നീന്തിയും!—പോ, നിന്റെ
ന്യായവാദങ്ങൾതൻ ജല്പനക്കെട്ടുമായ്!
ഇല്ല, നീ നന്നാവുകില്ലൊരു നാളിലും,
പുല്ലുപോൽ നിന്നെയവഗണിക്കുന്നു ഞാൻ.

* * *

എന്തെ,ന്റെ കൈയിൽക്കറയേറുമോ?—ചെന്നിണം
ചിന്തുവാൻ വെമ്പിയിത്തസ്കരകുഠാരമോ?
ഞാനാത്മഹത്യക്കു പോകയോ?—ജീവിതം
ഞാനിതിൻ കൂർത്ത മുള്ളിലാഴ്ത്തുകയോ?
മൽസുഖം, മജ്ജയം, മന്മഹാസമ്പാദനം,
മൽസൗകുമാര്യം, മന്മോഹനയൗവനം,
മൽപ്രേമ,മീ മനസ്പന്ദനം, മാദക-
സ്വപ്ന,മാസ്വാദനം, മോഹം, മനോരഥം,
സർവ്വം—സമസ്തവും—കഷ്ടം, ഞൊടിക്കുള്ളി-
ലുർവ്വിയിൽ മങ്ങിപ്പൊലിഞ്ഞു മറകയോ?



Digitized By Kerala Sahitya Akademi

എന്റെയെന്നുള്ളതഖിലം വിറങ്ങലി-
ച്ചെന്തിവിടത്തിൽ ദ്രവിച്ചു നശിക്കയോ?
പച്ചപുതച്ചൊരിക്കാടും, മലകളും,
കൊച്ചുകൊച്ചോളങ്ങൾ പാടും പുഴകളും,
ഇക്കളിർപ്പൂങ്കുലച്ചാർത്തും, കിളികളും,
ചിത്രശലഭങ്ങൾ മൂളും തൊടികളും,
എല്ലാം—സമസ്തവും—വിട്ടുപിരിഞ്ഞു ഞാൻ
കല്ലറയ്ക്കുള്ളിൽ ദ്രവിക്കുവാൻ പോകയാ?
ഇല്ലില്ല—ജീവിതം, ജീവിതം! ഇന്നതിൻ
ഫുല്ലപ്രകാശം തെളിഞ്ഞു കാണുന്നു ഞാൻ.
ദുഷ്ടകാളകൂടമേ, ദൂരത്തു പോക നീ;
ഞെട്ടുന്നു നിന്റെ മുഖത്തു നോക്കുമ്പോൾ ഞാൻ!

[കാറി വലിച്ചെറിയുന്നു. അതു 'ഛിണ്ണം' എന്ന ഒരു ശബ്ദത്തോടെ നിലംപതിക്കുന്നു ]

[ഒരു ദീർഘനിശ്വാസത്തോടെ]

പാടേ തിരുത്തീല വീണ്ടും, ഹാ മൽപ്രേമ-
നാടകം തീർന്നു—ജയിച്ചു, ജയിച്ചു ഞാൻ!
ജീവിതം, ജീവിതം!—തേനിനെപ്പോലുള്ള
ജീവിതം!—ഹാ ഹാ, കിതയ്ക്കുന്നു മാനസം!
ഇല്ല, ഞാനെന്നെ നശിപ്പിക്കയില്ലൊരു
പുല്ലാങ്കുഴലിനുവേണ്ടിയൊരിക്കലും
എന്നെ ഞാനാക്കാൻ തപസ്സുചെയ്തിട്ടിനോ-
രെന്നുള്ളമമ്മമാരെന്നിഷ്ടദേവകൾ—
ഇന്നവർതൻ മുന്നിലെൻ മാതൃകടത്തിലെ-
ച്ചെന്നിണംകൊണ്ടു കുരുതിക്കൂട്ടില്ല ഞാൻ!



Digitized By Kerala Sahitya Akademi

പോവുക, നീയജപാലക, ഗായക,
ഭാവിയിലേയ്ക്കു നിന്നോടക്കുഴലുമായ്!
എന്നെ നീ പാടേ മറന്നേയ്ക്കു; ലോകത്തി-
ലിന്നുമുതൽ നിന്നനുജത്തിയാണു ഞാൻ!

എന്തു വന്നാലു,മെനിക്കാസ്വദിക്കണം
മുന്തിരിച്ചാറുപോലുള്ളൊരിജ്ജീവിതം!
എന്നുമിതിൻെറ ലഹരിയി,ലാനന്ദ-
ത്തുന്ദിലമെൻമനം മൂളിപ്പറക്കണം!
കണ്ണീർനിറഞ്ഞ നിൻപിഞ്ചുമനസ്സുമാ-
യെന്മുന്നിൽനിന്നൊന്നു വേർപെട്ടുപോകണേ!
എല്ലാം മറന്നേയ്ക്കു — മേലിൽ നാമന്യരാ-
ണെ,ല്ലാം കഴിഞ്ഞു — സ്വതന്ത്രയായ്ത്തീർന്നു ഞാൻ!

അങ്ങതാ, ദൂരത്തിലല്ലാതെ കാൺമൂ ഞാൻ
മംഗളകല്യാണമണ്ഡപം മാമകം!
ആസ്വാദനങ്ങളേ, നിങ്ങളെക്കേവല-
മാശ്രയിച്ചീടിടുന്നൊരിബ്ഭക്തദാസിയെ
വിശ്രമിപ്പിക്കു, ദയവാർന്നു, നിങ്ങൾതൻ
വിദ്രുമമഞ്ചത്തി,ലൊന്നിനിയെങ്കിലും!
ഇത്ര നാൾ നിർമ്മിച്ച സങ്കല്പമൊക്കെയും
മുഗ്ദ്ധയാഥാർത്ഥ്യത്തിലെത്തിക്ക സസ്പൃഹം!
ഇന്നോളമുള്ളെൻസമസ്താപരാധവു-
മൊന്നൊഴിയാതെ പൊറുക്കു, സഹോദര!
നമ്മൾക്കു രണ്ടുവഴിയായിവിടെവെ-
ച്ചെന്നേയ്ക്കുമായിപ്പിരിയാം — സുമംഗളം!

Digitized By Kerala Sahitya Akademi

# രംഗം നാലു്

[ചന്ദ്രികയുടെ മണിയറ. അവൾ ഒരു ചാരുകസേരയിൽ ഒരു പുസ്തകവും വായിച്ചുകൊണ്ടു കിടക്കുന്നു. തൊട്ടു വലതുവശത്തു് ഒരു വട്ടമേശ; അരികിൽ കൈയുള്ള ഒരിരുപ്പുകസേര. അതിൽ ഭാനുമതി ഇരിക്കുന്നു. സമയം വൈകുന്നേരം മൂന്നു മണി. ഒരു ഭൃത്യ പ്രവേശിച്ചു മേശപ്പുറത്തുനിന്നു് ഒഴിഞ്ഞ കാപ്പിപ്പാത്രങ്ങൾ എടുത്തുകൊണ്ടു പോകുന്നു.]

ഭാനുമതി

എന്തു നീയിന്നിച്ചൊല്ലുകിലും ഘോരമാം
വഞ്ചനയാണിച്ചെയ്തതു, ചന്ദ്രികേ!
കഷ്ടമൊന്നു നീ യോർത്തുനോക്കീടുക-
ക്കൊച്ചിടയന്റെ ദാരുണജീവിതം!
നിന്നെയോർത്തോർത്തുള്ളോരുൽക്കടസങ്കടം
വിങ്ങിമാഴ്കുമപ്പാവത്തിൻ മനസ്സിനെ,
നിഷ്ഠുരമായ് നീയാക്കിപ്പൊളളിവിധം
ചുട്ടെരിക്കുവാൻ തോന്നിയതെങ്ങിനെ?

ചന്ദ്രിക

അല്ല, തോഴി, നീ ചിന്തിച്ചിടുംവിധ-
മല്ലണഞ്ഞതിച്ചിത്തവ്യത്യാസം.
അററകുററങ്ങളെന്തു നീ ചൊല്ലുകിലും
തെററുകാരിയല്ലൊട്ടുമതിങ്കൽ ഞാൻ.
തീയെരിയുകയാണകക്കാമ്പില-
ഗ്ഗായകനെ ത്യജിച്ചതോർക്കുമ്പോൾ മേ!



Digitized By Kerala Sahitya Akademi

രമണൻ

എങ്കിലും, പ്രിയമാതാപിതാക്കളോ-
ടെൻകടമയെന്തെന്നു ചിന്തിയ്ക്കൂ നീ.

പുത്രിവത്സലരാമഗ്ഗുരുക്കളെ-
ദ്ധിക്കരിയ്ക്കുകിലാ മഹാപാതകം,

എന്നു തീരുവാൻ?—ഇല്ലതിന്നെന്തൊക്കെ
വന്നിടുകിലും ചെയ്യുകയില്ല ഞാൻ!

ഹാ, വിധിയാണിതാ,കട്ടെ—സർവ്വവും
ജീവിതത്തിൽ സഹിച്ചുകൊള്ളാമിവൾ.

ഭാനുമതി

എന്നിരിയ്ക്കിലും, പാതകംതന്നെയാ-
ണിന്നു നീയിദം ചെയ്യതും, ചന്ദ്രികേ!

ആദ്യമൊക്കെ നിൻപ്രേരണയിങ്കൽനി-
ന്നാത്തധീരമൊഴിഞ്ഞവനാണവൻ;

പിന്നെ നീതന്നെയാണവനെ സ്വയം
നിന്നിലേയ്ക്കു ബന്ധിയ്ക്കുവാൻ കാരണം.

ദൂരദൂരത്തൊഴിഞ്ഞു പോയ്പോയൊരു
ചാരുവാകും സുവർണ്ണമരീചിയെ,

മന്ദമന്ദമടുപ്പിച്ചൊ,ടുവിലീ
വൻതിമിരത്തിലാഴ്ത്തുകല്ലല്ലി നീ?

അന്നു നാനാശപഥവചസ്സുകൾ
ചൊന്നു നീ നിൻദൃഢത കാണിയ്ക്കുവെ,

ഓർത്തിയില്ലയോ, കാലക്രമത്തില-
സ്സ്ഥിരാഗവും മാഞ്ഞിടുമെന്നു ഞാൻ?



Digitized By Kerala Sahitya Akademi

അന്നു നീ വിശ്വസിച്ചില്ലതൊന്നുമേ—
മന്നിലെന്നാൽപ്പതിവാണിതു, സഖി!

ചന്ദ്രിക

എന്തു ചെയ്യാം?—മനുഷ്യരല്ലേ—പല
ബന്ധമല്ലേ—വിധിയൊഴിക്കാവതോ?

ഭാനുമതി

നന്നു—ഞാനും പറഞ്ഞതിതൊക്കെയാ-
ണന്നു—സുസ്ഥിരപ്രേമമില്ലൂഴിയിൽ!
കേവലമൊരു താല്ക്കാലികഭ്രമം—
പൂവുപോലുള്ളൊരോമനക്കൗതുകം
മാനസത്തെ മധുരീകരിപ്പൊരു
ഗാനസാന്ദ്രപ്രചോദനാമേളനം—
നാമതിനെ പ്രണയമെന്നായ്ഗ്ഗണി-
ച്ചോമനിപ്പാനൊരുങ്ങുക മാത്രമാം!
തെല്ലുനാളു കഴിയുകിലാ മഴ-
വില്ലു,മങ്ങിനെ മങ്ങിമറഞ്ഞുപോം!
ചുററുപാടും നാം കണ്ടുവരുന്നൊരു
സത്യമാണിതു സംശയിക്കേണ്ട നീ.
മന്നിലുള്ള മററവരെപ്പോലെയും-
തന്നെയാണയേ നീയും സഹോദരി!
അത്ഭുതമില്ലെനിക്കു, നിൻ ചിത്തത്തി-
നിത്തരം വ്യതിയാനമുണ്ടായതിൽ.
എങ്കിലും,മെന്തുകൊണ്ടോ, സ്വയമൊരു
ശങ്കയെപ്പുലത്തുന്നു മന്മാനസം.

ൻന്ന

Digitized By Kerala Sahitya Akademi

കേവലം മററു മർത്ത്യരെപ്പോലൊരു
ജീവിയാണെന്നു തോന്നുന്നതില്ലവൻ;
ഇപ്പരിണാമദുഃഖം സഹിക്കുവാ-
നൽക്കരുത്തു കാണില്ലവനേതുമേ!
സംഭവങ്ങൾ വരുവതെന്തൊക്കെയോ!
സംഭ്രമിപ്പൂ, ഹാ, മാമനം ഭീതിയാൽ!

ചന്ദ്രിക

എന്തു വന്നിടാൻ?—എന്നെയൊരു നീച-
ജന്തുവെപ്പോൽ വെറുക്കുമഗ്ഗായകൻ.

ഭാനുമതി

എങ്കിൽ നന്നായിരുന്നു—പക്ഷേ, ലവം
പങ്കിലമാവുകില്ലയാ മാനസം.
ഘോരസന്താപവഹ്നിയിൽപ്പെട്ടതു
നീറിനീറിയാ സ്വന്തം നിലച്ചിലോ?

ചന്ദ്രിക

എന്തിനാണീയശുഭപ്രതീക്ഷയും
ശങ്കയും?—വരില്ലൊന്നുമപകടം!
എന്നെ മേലിലൊരു പൊന്നനുജത്തി-
യെന്നപോലവൻ സ്നേഹിച്ചിടുമിനി!

ഭാനുമതി

ആക്കറിയാം?—മനുഷ്യരല്ലേ?—മനം
തീക്കനലിനെപ്പുല്കിടുമെത്രനാൾ?
കഷ്ടമൊന്നും വരാതിരിക്കട്ടെ—ഞാ-
നത്രയല്ലാതിതിലെന്തു ചൊല്ലുവാൻ?



Digitized By Kerala Sahitya Akademi

[ഗായകസംഘം]

കനലൊളിചൊരിഞ്ഞൊരാ വേനൽ പോയിക്കൊട്ടും
കരിമുകിലിഞ്ജാലതാ, മൂടുന്നു വാനിടം!

പ്രണയമയസുന്ദരസ്വപ്നങ്ങൾ മാഞ്ഞതാ,
പ്രണിതഹൃദയത്തിൽപ്പൊടിപ്പൂ നിരാശകൾ!

പരിമൃദുലസുസ്മിതപ്പൂക്കൾ കൊഴിഞ്ഞതാ,
പരവശത നിർമ്മിപ്പൂ ബാഷ്പകുടീരകം!

ഒരു ഭയദശ്രുപാന്തരാഗമ,മാർത്തിത–
ന്നിരുളടയുമാറതാ, മൂടുന്നു ജീവിതം!

ഭുവനമിതു മായികം, ചഞ്ചലം; വ്യർത്ഥമാ–
ണിവിടെയൊരു സുസ്ഥിരാത്മാനുരാഗവ്രതം!

അയി രമണ, വഞ്ചിതനായി നീ: താവക–
പ്രിയരജതതാരകം നിന്നെപ്പിരികയായ്!

ഉലകിതിൽ നിരാശയ്ക്കു പാത്രമായ്ത്തീർന്നു നീ;
ഫലരഹിതമായി നിന്നാദർശജീവിതം!



Digitized By Kerala Sahitya Akademi

## രംഗം അഞ്ച്

[വനത്തിന്റെ ഒരു ഭാഗം. സമയം മദ്ധ്യാഹ്നം. മദനൻ ചിന്താവിഷ്ടനായി ഒരു കുന്നിന്റെ ചെരുവിൽ കിടക്കുന്നു. ശോകാർദ്രമായ ഒരു വേണുഗാനം കേട്ട് അവൻ പിടഞ്ഞെഴുന്നേല്ക്കുന്നു. അവന്റെ മുഖം പെട്ടെന്നു വിളറുന്നു. ഗാനം അധികമായി വരുന്തോറും അതിലെ വികാരങ്ങൾക്കനുസരിച്ചു പല ഭാവഭേദങ്ങളും മദനന്റെ മുഖത്തു പ്രത്യക്ഷപ്പെടുന്നു.]

(അണിയറയിൽ)

### ഗാനം

ലോകാപവാദത്തിൻ മുന്നിൽ, നില്ക്കും
മൂകാനുരാഗമേ, നിന്നിൽ,
കെട്ടിപ്പിടിച്ചെന്റെ ചിത്തം, നിത്യം
പൊട്ടിക്കരയുന്നു, കഷ്ടം!
നീയൊരു ശാദ്വലമാണെ,ന്നോർത്തു
ഞാനയ്യോ, നിന്നെത്തിരഞ്ഞു.
നേക്കുന്നെത്തിയ നേരം—എന്തു
തീക്കനല്ക്കൂട്ടയോ, നീയും?
എന്നെ നീയിട്ടു പൊരിക്കും, അയ്യോ!
നിന്നിൽ ഞാൻ പൊള്ളി മരിക്കും!
കാലമതിന്നൊക്കെ മാറി, കരി-
ക്കാർകൊണ്ടൽ വന്നിതാ, കേറി
വെൺകളിവീരൽ കഴിഞ്ഞു, കണ്ട
തങ്കക്കിനാവൊക്കെ മാഞ്ഞു!



Digitized By Kerala Sahitya Akademi

നീ, ലോകമേ, സത്യമാണോ?—നിന്റെ
നീതിയുമിമ്മട്ടിലാണോ?
നിന്നെ ഞാൻ വിശ്വസിച്ചല്ലോ, കഷ്ടം!
നിൻമനമെന്തൊരു കല്ലോ!
ആശകളെല്ലാം പൊലിഞ്ഞു, നീണ്ടൊ-
രാശങ്കയായിക്കഴിഞ്ഞു!

*　　　*　　　*

വെള്ളിനക്ഷത്രമേ, നിന്നെ, നോക്കി-
ത്തുള്ളിത്തുളുമ്പുകയെന്നോ,
മാമകചിത്തത്തിലന്നും, ഇല്ല
മാദകവ്യാമോഹമൊന്നും!
നിന്നനുരാഗാങ്കുരങ്ങൾ, പൂത്ത
നന്ദനപ്പൂങ്കാവനങ്ങൾ,
കണ്ണൊഴിയാതെ ഞാൻ തേടി, നിന്നെ
വർണ്ണിച്ചു വർണ്ണിച്ചു പാടി!
വിശ്വപ്രകൃതിതൻ മുന്നിൽ, ഭദ്ര-
വിശ്വാസദീപത്തിൻ മുന്നിൽ,
നക്ഷത്രപ്പന്തലിൻ കീഴിൽ, നല്ലോ-
രക്ഷയതേജസ്സിൻ കീഴിൽ,
എൻഗളത്തിങ്കൽ നീ ചാർത്തി, അന്നാ
മംഗളമല്ലികാമാല്യം.
നമ്മൾ തുറന്നിതാ രാവിൽ, ചിത്ത-
മംഗളശ്രീമണികോവിൽ!



Digitized By Kerala Sahitya Akademi

ഒന്നാം മുഹൂർത്തത്തിൽ നമ്മിൽ, നമ്മ-
ളന്യോന്യം നമ്മളെക്കണ്ടു.
ത്യാഗോന്മുഖമായി നില്ക്കും, രണ്ടു
രാഗോന്മദങ്ങളെക്കണ്ടു!

ശർമ്മദശ്രീമയമാകു,മേതോ
കർമ്മബന്ധങ്ങളെക്കണ്ടു!
ജന്മാന്തരങ്ങളിലുള്ളോ,രേതോ
നർമ്മസല്ലാപങ്ങൾ കണ്ടു!

നമ്മളതു കണ്ടനേരം, അന്നു
നമ്മളെത്തന്നെ മറന്നു.
അദ്ദിവ്യവിസ്മൃതിയെത്താൻ, പിന്നീ-
ടെത്രമാത്രം ഞാൻ കൊതിച്ചു!

വന്ന വഴിക്കതു പോയി, ഞാനും
കണ്ണീരും, ഹാ, ബാക്കിയായി!
അക്കൊച്ചുപൂമാലയോരോ, നവ-
സ്വർഗ്ഗകവാടം തുറക്കെ,

മുൻപുപിൻപൊന്നു നോക്കാതെ, വേഗം
വെമ്പി ഞാനെങ്ങോ പറന്നു!

എൻമനതാരിനോടൊപ്പം, പിറ്റേ-
ന്നമ്മലർമാലയും വാടി;
ഇന്നതൊന്നോർക്കുമ്പോഴേയ്ക്കും, അയ്യോ,
മന്മനം നീറുന്നു, ദേവി!

എത്ര നിസ്സാരമാണോർത്താൽ, കഷ്ടം,
മർത്ത്യന്റെ മായികജന്മം!



Digitized By Kerala Sahitya Akademi

എന്തിന്മേൽപ്പറ്റിപ്പിടിയ്ക്കാം?—മന്നി–
ലെന്തിനെ വിശ്വസിച്ചീടാം?

കണ്ണീർക്കണികകൾമാത്രം, തിങ്ങു–
മിന്നെന്റെ യാചനാപാത്രം

പൊട്ടിയ്ക്കുവാനിതാ, ദേവി, നോക്കു,
തട്ടിപ്പറിയ്ക്കുന്നു ഭാവി.

ഏഴയാം ഞാനതിന്നേവം, ചെന്നു
കീഴടങ്ങാനാണു ഭാവം.

ഇത്തുച്ഛജീവിതസ്വേരം, മായാ–
നത്രമേലില്ലിനി നേരം.

വിസ്തൃതഭാഗ്യത്തണലിൽ, എന്നെ
വിസ്മരിച്ചേയ്ക്കു നീ മേലിൽ.

എൻമൂകഗീതവും ഞാനും പോട്ടേ!
നന്നായ്‌വരട്ടെ ജഗത്തേ!

എന്നെ നിനക്കിനി വേണ്ട, മേലി–
ലെന്നെ നീയോർമ്മിച്ചിടേണ്ട.

കൃത്യാന്തരങ്ങൾക്കിടയിൽ, ഞാനാം
കൊച്ചുനീർപ്പോളതൻ കാര്യം,

അല്ലെങ്കിൽത്തന്നെയൊന്നോർക്കാൻ, നിന–
ക്കില്ലല്ലോ തെല്ലും സമയം.

ഞാനൊരധഃകൃതനല്ലേ?—മമ
സ്ഥാനവും നിസ്സാരമല്ലേ?

ലോകമേ, യാത്രചൊല്ലുന്നേ,നെന്റെ
മൂകസംഗീതവും ഞാനും!



Digitized By Kerala Sahitya Akademi

[മദനന്റെ മുഖം നിശ്ശേഷം രക്തശൂന്യമായിരിക്കുന്നു. അ സ്വസ്ഥതയോടെ അവൻ ആ മരച്ചുവട്ടിൽ പൊങ്ങിനിന്ന ഒരു വേരിന്മേൽ, തലയും കൈയും കൊടുത്തു ചിന്താമഗ്നനായി കുറച്ചു നേരം ചാരിയിരിക്കുന്നു. അല്പം കഴിഞ്ഞു് ഒരു ദീർഘനിശ്വാസ ത്തോടെ നിവന്നിരിക്കുന്നു.]

മദനൻ

[വ്യാകുലസ്വരത്തിൽ]

കാടിനകത്തിപ്പോളെങ്ങുനിന്നീ-
യോടക്കുഴൽവിളിയുത്ഭവിപ്പൂ?
ഇത്രനാൾ കേട്ടപോലല്ലയല്ലോ
പുത്തനായുള്ളൊരിപ്രേമഗാനം.
ശങ്കിച്ചിരിയ്ക്കാതെവിടെനിന്നി-
സ്സങ്കടമിന്നിതിൽ വന്നു ചേർന്നു?
സ്പഷ്ടമായ്ക്കാണുന്നു ഞാനിതിങ്കൽ-
ദുഷ്ടാനുരാഗത്തിൻ ഗദ്ഗദങ്ങൾ.
എന്തിനുവേണ്ടിയുദിച്ചതാണി-
ച്ചിന്തിച്ചിരിയ്ക്കാഞ്ഞ മാററമാവോ!
ദിവ്യസംഗീതമേ, സുന്ദരമേ,
നിർവൃതിയാണു നീ വിസ്മയമേ!
പ്രേമവിശാലമേ, നിന്നിൽ മുങ്ങി-
ക്കോൾമയിർക്കൊള്ളട്ടെ ലോകമെന്നും!
നിൻമണിവേണുവിൽനിന്നുതിരും
നിർമ്മലരാഗസംഗീതസാരം,
ആശ്വസിപ്പിയ്ക്കട്ടെ മന്നിലെന്നു-
മാത്മക്ഷതത്തിന്റെ വേദനയെ!



Digitized By Kerala Sahitya Akademi

മദനൻ

നീ മറഞ്ഞാലും തീരയടിച്ചും,
നീലക്കുയിലേ, നിൻഗാനമെന്നും.
ഇങ്ങിതാ, മന്ദം വരികയാണ-
സ്സംഗീതസാമ്രാജ്യസാർവ്വഭൗമൻ.
ആ മുഖമയ്യോ, വിളർത്തുകാണ്മൂ—
കോമളമേ, നിനക്കെന്തു പററി?
മേല്ക്കുമേൽ നിന്നുള്ളിലിന്നൊരാരുതാ
തീക്കടലോളമടിച്ചുയല്ലേ?
നിർമ്മലമാനസ, നീ ചരിച്ചും
സ്യന്ദനമേതു വിഷാദമോഘം?
ഇസ്സങ്കടം കണ്ടു മാഴ്കയെന്യേ
നിസ്സാരജീവി ഞാനെന്തു ചെയ്യാൻ?

[രമണൻ പ്രവേശിക്കുന്നു. വിളർത്തു ക്ഷീണിച്ചു, വ്യസനച്ഛായ പരന്ന മുഖം. മദനനെ കണ്ടമാത്രയിൽ മുഖഭാവം മാററുവാൻ കഴിയുന്നിടത്തോളം ശ്രമിക്കുന്നു. ഒരു നേരിയ പുഞ്ചിരി.]

മദനൻ

[അതേ പുഞ്ചിരിയോടുകൂടി]

നട്ടുച്ചനേരത്തെരിവെയില-
ത്തെങ്ങററയ്ക്കിതുവരെയെങ്ങുപോയി?

രമണൻ

വെള്ളാരങ്കുന്നിൻെറ താഴ്വരയിൽ
വെള്ളിലക്കാട്ടിൽ കിടന്നുറങ്ങി.



Digitized By Kerala Sahitya Akademi

മദനൻ

അക്കൊച്ചുതേന്മാവിൻ മൂട്ടിൽനിന്നി–
ശ്ശുക്കരമാമ്പഴം വീണുകിട്ടി;
ഞാനിതും സൂക്ഷിച്ചുവെച്ചു, നിന്നെ–
ദ്ധ്യാനിച്ചിരിയ്ക്കുകയായിരുന്നു!

രമണൻ

നേരാണുകെട്ടോ, ചതിവില്ലമി–
ന്നേറെനേരം ഞാനുറങ്ങിപ്പോയി!

മദനൻ

കൂട്ടാളായി നീ കാട്ടിൽ വന്നാ–
ലൊററതിരിഞ്ഞു നടപ്പതെന്തേ?

രമണൻ

നാനാവിചിന്തകൾകൊണ്ടു പൊള്ളും
പ്രാണനെൻറ നീണ്ട ഞെരക്കമെല്ലാം,
ഏകാന്തതയിലലിഞ്ഞു ചേർന്നാൽ
ലോകമറിയാതിരിയ്ക്കുമല്ലോ!

മദനൻ

കഷ്ടം, സഹോദര, നിൻഹൃദന്തം
ചുട്ടുനീറുന്നതെന്തിനിക്കണ്ഡം?
തെല്ലുനാൾകൊണ്ടിക്കൊഴുത്ത ഗാത്രം
എല്ലും തൊലിയുമായ്ത്തീർന്നുവല്ലോ!
ആകസ്മികമായ് നിനക്കു നേരി–
ട്ടാകുലമെന്തെന്നോടോതണേ നീ.



Digitized By Kerala Sahitya Akademi

രമണൻ

അയ്യോ, മദന, മൽപ്പുറവുപാടും
തീയാണു, തീയാണു,ട്ടത്തുകൂടാ!
പൊള്ളുന്നു ജീവനെനിക്കു ഞാനീ-
യല്ലലിൽ നീറിദ്ദഹിച്ചുപോകും!
വിട്ടുമാറാത്തൊരച്ചിന്തയെന്റെ
പട്ടട കൂട്ടുവാനായിരിക്കും.
നിശ്ചയമിന്നീ നിരാശയയ്യോ
നിർമ്മിക്കയാണെൻശവകുടീരം!
ഞാനതിനുള്ളിൽ വെറുങ്ങലിച്ചെൻ-
ഗാനവും നിർത്തിക്കിടന്നിടട്ടെ!
പാഴിലിജ്ജ്യേഷ്ഠനെയോർത്തു മേലിൽ-
ക്കേഴരുതല്പവും, സോദര, നീ.

മദനൻ

എന്തയ്യോ, നീയിക്കഥിപ്പതെന്നോ-
ടെന്തൊരു വാക്കുകളാണിതെല്ലാം?
ഇത്തരം തീപ്പൊരിച്ചിന്തയെല്ലാ-
മിക്ഷണം ദൂരേ ത്യജിക്കണം നീ.
നിൻമുഖം കാണുമ്പോളെന്റെ ജീവൻ
വിങ്ങിക്കരയുന്നു വേദനയാൽ.
താവകജീവിതമിത്ര പെട്ടെ-
ന്നീവിധം മൂടിയിരുണ്ടതെന്തേ?

രമണൻ

അയ്യോ, മദന, നീയെന്തറിഞ്ഞു?
വയ്യെനിക്കിന്നാക്കഥ പറയാൻ.

ഫന്നു

Digitized By Kerala Sahitya Akademi

അത്രമേലുൽക്കടചിന്തകളാൽ
ക്ഷുബ്ധമാണിപ്പൊഴെന്നന്തരംഗം.
ഇക്കാണും കോടക്കാറെന്നു മാറാൻ?
ഇക്കാണും കൂരിരുട്ടെന്നു മായാൻ?
എൻമുന്നിലെല്ലാം നിരാശമാത്രം
കണ്ണീരിൽ മുക്കും നിരാശമാത്രം!
മാമകജീവിതഭാഗ്യതാര-
മായാമയൂഖങ്ങളസ്തമിച്ചു.
ഇല്ലി,നി വീണ്ടും വരില്ലടുത്താ
വെള്ളിക്കതിരുകളൊന്നുപോലും!
പണ്ടൊക്കെ, ഞാനപ്രണയതീർത്ഥം
കണ്ടിട്ടും, കാണാത്തമട്ടൊഴിഞ്ഞു.
ഇന്നിതാ, ഞാനതിൽ ഞാനറിയാ-
തെന്നോഷ്ടമായിട്ടടിഞ്ഞുപോയി!
പ്രാണരക്ഷാർത്ഥം തുടിച്ചുനീന്താൻ
ഞാനിക്കയത്തിൽ ശ്രമിക്കുവോളം,
അത്രമേൽ കൈകാൽ കുഴഞ്ഞു,ഭയം
കിട്ടാതെ, മേന്മേൽത്തളർന്നടിവൂ!
എന്നെയിതിൽനിന്നെടുത്തു കേറ്റാൻ
സമ്മതം മൂളുകയില്ലപോലും,
സന്തതമെന്നെയടിച്ചുതാഴ്ത്തും
സമ്പൽപ്രഭാവത്തിൻ നിർദ്ദയത്വം.
വേണ്ട, ഞാനാശിപ്പതില്ലതൊന്നു,-
മാണ്ടുപോകട്ടെ ഞാനിക്കയത്തിൽ!



Digitized By Kerala Sahitya Akademi

ജീവിതമീപ്രേമവല്ലരിയെ–
പ്പൂവണിയിയ്ക്കുകയില്ലയെങ്കിൽ,
മൃത്യുവിലെങ്കിലും ഞാനതിന്റെ
പുഷ്പങ്ങൾകൊണ്ടൊരു മാല കെട്ടും!

മദനൻ

നിസ്സാരയാമൊരു പെണ്ണുമൂലം
നിത്യനിരാശയിൽ നിന്റെ കാലം,
ഈവിധം പാഴാക്കുകെന്നതാണോ
ജീവിതധർമ്മം?—കുന്നോർത്തുനോക്കൂ!

[രമണന്റെ മുഖം ചാരംപോലെ വിളറിപ്പോകുന്നു. പെട്ടെന്നു വീണ്ടും അരുണവർണ്ണമായിത്തീരുന്നു.]

രമണൻ

യുക്തിവാദത്തിന്റെ സീമകൾക്കും
ശുഷ്കസമുദായനീതികൾക്കും
അപ്പുറം നില്ക്കുന്നതാണുലകിൽ
നിഷ്ഫലമെങ്കില്ലു,മെന്റെ രാഗം!

[അത്യന്തം വ്യസനസ്വരത്തിൽ]

നീയെന്നെയെന്തും പറഞ്ഞുകൊള്ളൂ!
നീതികൊണ്ടെന്നെയെറിഞ്ഞുകൊള്ളൂ!
എങ്കിലു....മക്കൊച്ചു....ബാ....ലി....ക....യെ

[ഗദ്ഗദത്താൽ തുടരാൻ സാധിക്കുന്നില്ല]
(കണ്ണിൽ ജലം നിറയുന്നു)



Digitized By Kerala Sahitya Akademi

[വിളറിയ മുഖത്തോടുകൂടി]

മദനൻ

മാപ്പുചോദിപ്പൂ ഞാൻ;—ഈയുതിരും
ബാഷ്പമെനിക്കു സഹിച്ചുകൂടാ!
മേലിലൊരിക്കലുമില്ല, ഞാനാ-
ബ്ബാലയെപ്പററും പഴിക്കയില്ല.

രമണൻ

അല്ലിലവളെൻറ സാന്ത്വനത്തിൻ
വെള്ളിനക്ഷത്രമാണോർക്കണം നീ.

മദനൻ

അത്താരകത്തെക്കുറിച്ചു പാടാൻ
പൊട്ടിത്തകർന്ന മുരളിയാണോ?

രമണൻ

ആ വെള്ളിനക്ഷത്രമിന്നിമേലെൻ-
ജീവിതത്തിന്നോടടുക്കുകില്ല.
കഷ്ടം, കൊതിയുണ്ടു പാടുവാനെൻ-
ചിത്തമുരളി തകർന്നുപോയി!
ഇക്കണ്ണുനീരും നിരാശയുമാ-
യൊററയ്ക്കു ഞാനീ വനാന്തരത്തിൽ,
ഹാ, മരണത്തിൻ സമാഗമം കാ-
ത്തീമട്ടിരുന്നു കരഞ്ഞുകൊള്ളാം!
വിത്തപ്രതാപാനുഭൂതിയിങ്കൽ
വിസ്മരിച്ചേയ്ക്കട്ടെ ലോകമെന്നെ!

ഫ൦ൻ

Digitized By Kerala Sahitya Akademi

മേനോൻ

ഞാനുമെൻഗാനവും മണ്ണടിഞ്ഞാൽ
മാനവലോകത്തിനെന്തു ചേതം?

[പോകുന്നു]

[ഗായകസംഘം പ്രവേശിക്കുന്നു]

ഒന്നാമത്തെ ഗായകൻ

ഇനിയൊരിക്കലും ഇനിയൊരിക്കലും
പ്രണയദീപമേ, തെളിയുകില്ല നീ;
കഴിഞ്ഞു നിന്നുടെ കരൾ കവർന്നൊരാ-
ക്കവനസാന്ദ്രമാം കനകകാന്തികൾ!
തകർന്നടിയുന്നു തവ പീഠത്തിങ്കൽ
തരളമാമൊരു തരുണമാനസം!
ഹതനിരാശതന്നിടിവെട്ടിൽ സ്വയം
ചിതറിപ്പോയൊരു ചകിതമാനസം!
കപടലോകമേ, പഴിച്ചിടായ്ക നീ
കറയെഴാത്തൊരക്കരുണജീവനെ!—
അഴൽക്കൊടുങ്കാറ്റിൽച്ചെറുചിറകുകൾ
കുഴഞ്ഞുവീണൊരക്കുരുവിക്കുഞ്ഞിനെ!—
അനുപമാദർശദ്യുതിയിലിത്രനാ-
ളലിഞ്ഞിരുന്നൊരാ ലസൽക്കിനാവിനെ!—
മലിനലോകത്തിൻ തിമിരത്തിൽ ദ്യുതി
മയങ്ങിമങ്ങുമാ മണിവിളക്കിനെ!—

രണ്ടാമത്തെ ഗായകൻ

കപടതകൾ തിങ്ങിയ ദുഷ്ടലോകം
കരൾ കരളുമാറൊരദൃഷ്ടശോകം;



Digitized By Kerala Sahitya Akademi

ഭുവനമിതിലെങ്ങും നികൃഷ്ടഭോഗം
അവനണിവതെന്നാൽ വിശിഷ്ടരാഗം!
വിഫലതയിലാ സ്വപ്നം തേഞ്ഞുമാഞ്ഞും;
വിധിവിഹിതമെന്താണെന്നാക്കറിയാം?
പൊരിവെയിലിൽപ്പെട്ടെന്നെരിഞ്ഞു വാടി
സുരസുഭഗപ്രേമത്തിൻ പുഷ്പവാടി!

### മൂന്നാമത്തെ ഗായകൻ

ഏകാന്തകാമുക, നിന്റെ മനോരഥം
ലോകാപവാദത്തിൻ കേന്ദ്രമായി!
നിസ്തുല, നിന്നെ നീയായിട്ടു കാണുവാ-
നത്രയ്ക്കുയർന്നിട്ടില്ലന്യരാരും!
രാഗൈകമൂർത്തിയാം നീയു,മീ നിഷ്ഠുര-
ലോകവും, ചേരുകയില്ല തമ്മിൽ.
നേരിന്റെ നേരിയ വെള്ളിവെളിച്ചത്തിൽ
നീയിന്നൊരു ദേവനായിരിക്കാം;
എന്നാലതൊന്നുമറിയുകയില്ലാരു-
മിന്നതുകൊണ്ടു നീ പിൻമടങ്ങൂ!
നിത്യനിരാശയിൽ നിന്നഭിലാഷങ്ങൾ
പൊത്തിപ്പിടിച്ചു കിടന്നുറങ്ങൂ!
വററാത്തൊരശ്രു ഗംഗയിൽപ്പെട്ടു നീ
ചുററിക്കറങ്ങിയിട്ടെന്തു കാര്യം?
നശ്വരമാണിങ്ങു കാണുന്നതൊക്കെയും
വിഭ്രമിക്കാതെ നീയാശ്വസിക്കൂ.



Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# മൂന്നാം ഭാഗം



Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# രംഗം ഒന്നു്

[വനം. രമണനും മദനനും പാറപ്പുറത്തിരിക്കുന്നു. സമയം മദ്ധ്യാഹ്നം. രമണന്റെ മുഖം നിശ്ശേഷം വിളറി വിഷാദകലുഷിതമായി കാണപ്പെടുന്നു.]

രമണൻ

മദന, ഞാനെന്തു പറയട്ടേ, മമ
ഹൃദയം നീറുന്നു, പുകയുന്നു!
സഹിയാനാകാത്ത കദനഭാരവും
സഹതാപമററ ജനതയും;—
ഇവിടെയെന്തിനി വിഫലജീവിത-
മിനിയും പേറി ഞാനലയണം?

[രമണന്റെ പുറത്തു തലോടിക്കൊണ്ടു്]

മദനൻ

കരയുന്നോ, കഷ്ടം, രമണ, നീയൊരു
കറയററ വെറും ശിശുപോലെ?
വിവരമുള്ള നീ വെറുതെയീവിധം
വിലപിച്ചീടുവതുചിതമോ?
സുഖവും ദുഃഖവുമിടകലർന്നൊരീ
മഹിയിൽ നാം വെറും നിഴലുകൾ!
അനുസരിക്കണമിവിടെ നാം വിധി-
യരുളുമാജ്ഞകളഖിലവും.
അനുഭവിക്കണം വരുവതൊക്കെയു-
മശരണന്മാർ നാമിവിടത്തിൽ.

ഹഹഹ

Digitized By Kerala Sahitya Akademi

അതിനു കീഴ്പ്പെടാൻ കടമപ്പെട്ടോർ നാ-
മഴലാത്താശ്വസിച്ചമരണം.
വരുവതൊക്കെയും ശുഭമാണെന്നോർത്തു
മരുവുകെന്നോമൽസഹജ, നീ!
ഒരു ദിവസമീയിരുളെല്ലാം നീങ്ങും,
വരുമുദയത്തിൻ നിഴലാട്ടം;
അതു വരുവോളം വഴിപോലാശ്വസി-
ച്ചയി സഹജ, നീയമരണേ!

രമണൻ

ഇരുളെല്ലാം നീങ്ങും, ഇരുളെല്ലാം നീങ്ങും,
വരുമുദയ,മെന്മരണത്തിൽ!
ശവകുടീരത്തിൻ ഹൃദയത്തിലാണെൻ-
ഭുവനശാന്തിതൻ കിരണങ്ങൾ.
അതുവരെയ്ക്കുമിശ്ശിഥിലമാനസ-
മെരിപൊരിക്കൊള്ളുമെരിതീയിൽ!

മദനൻ

അശുഭചിന്തകളിവകളെയൊന്നോ-
ടകലെ വിട്ടു നീ പിരിയണേ!
ശുഭസമാപ്തിതൻ ദൃഢവിശ്വാസത്തി-
ലഭയം തേടി നീ കഴിയണേ!
അരുതെനിക്കു, നിൻഹൃദയമീവിധ-
മെരിയും കാഴ്ച കണ്ടമരുവാൻ!

രമണൻ

മറവിൽ വെച്ചിട്ടില്ലൊരു രഹസ്യവും
മദന, ഞാൻ നിന്നോടിതുവരെ.

ഫഫന്ന

Digitized By Kerala Sahitya Akademi

അവനിയിൽ മമ പ്രണയനാടക-
മവസാനിക്കുവാൻ സമയമായ്!
അവളതിന്നന്ത്യയവനികയിടാ-
നവസരം നോക്കി മരുവുന്നു.
അവളെക്കാണുവാൻ തരമായീടാത്ത
കവനശൂന്യമാം ദിവസങ്ങൾ
കഴിയുന്നുണ്ടോരോന്നൊരുവിധ,മോരോ
കരിതേച്ച രാവും പകലുമായ്!
അവസാനമൊരു നീണ്ടമണിയലി-
ലവസാനിക്കുമീയഭിനയം!
പതിവായെന്നോടക്കുഴൽവിളി കേട്ടാൽ
പടിവാതില്ക്കലെത്തിവേഗം,
കരൾമിടിച്ചോടിയണയാറുള്ളൊര-
പ്പരമനിർവ്വാണകവിതയെ,
കണികാണാൻപോലും തരമാകാതെ,ത്ര
ദിനരാത്രങ്ങളായ്ക്കഴിയുന്നു?
അവളെക്കാണാൻ ഞാനതുവഴി പോകു-
മനുദിനം പലേ തവണയും;
കിളിവാതിലിൻെറ മറവിലും, പക്ഷേ,
കിളരില്ലാ മുഖവിധുബിംബം!
വ്യതിയാനമിതു പരമദുസ്സഹ-
മിതിനു ഞാനെന്തു പിഴചെയ്തോ!
അവളെക്കാണാതൊരരവിനാഴിക-
യരുതെനിക്കിനിക്കഴിയുവാൻ!



Digitized By Kerala Sahitya Akademi

രമണൻ

ഇനിയും ഞാനുമീ വിരഹവും തമ്മി–
ലിതുവിധം കൂടിക്കഴിയുകിൽ,
അവശേഷിക്കുകില്ലിനിയധികനാ–
ളവശജീവിതമിതു നൂനം!
മമ സൗഭാഗ്യത്തിൻ രജതതാരകം
മറവായ്—എൻപുറവുമിരുളായി!
ഇതിലെൻപട്ടടയുയരും, ജീവിത–
മിവിടെജ്ജീർണ്ണിച്ചു വിലയിക്കും!
കഥയിമ്മട്ടായാലിവനെയോർത്തു
കരയരുതെൻപൊന്നനുജാ, നീ!

മദനൻ

ഒരു ലേശമെന്നിൽക്കനിവുണ്ടെന്നാകിൽ–
പ്പറയരുതേവം രമണ, നീ.
വിലയേറും നിന്റെ മഹിതജീവിത–
വിജനവാടിയിലൊരു കാലം,
അണയു,മാനന്ദഭരിതശാന്തിത–
ന്നനുപമോജ്ജ്വലമധുമാസം;
വിരവിലന്നോമൽപ്പരിമളം വീശി
വികസിക്കും ചിന്താമലരുകൾ!
അതു നോക്കിക്കരൾ കുളിരുമ്പോളന്നീ–
യനുജനുമൊരു ചിരി തൂകും—
അതുവരേക്കു,മെൻഹൃദയവും നിത്യ–
മമിതഖേദനം വിലപിക്കും!

ഫഫവ്വ

Digitized By Kerala Sahitya Akademi

## രംഗം രണ്ടു്

[ചന്ദ്രികയുടെ വിവാഹദിവസം. പ്രഭാതം. വനത്തിന്റെ ഒരു ഭാഗം. മദനൻ വ്യസനപരവശനായി ഒററയ്ക്കു് ഒരു പാറപ്പുറത്തു്, ഇരിക്കുന്നു.]

മദനൻ

ദുർദ്ദിവസമേ, വന്നുചേർന്നിതൊ-
രഗ്നികുണ്ഡവുമായി നീ!
ഹോമിക്കുമതിലിട്ടു നീയിന്നൊ-
രോമൽപ്പൂമ്മുട്ടുമാനസം!
ജീവിതത്തിന്റെ ഭൗതികോന്മദം
താവിടും തവ താഡനം,
വേദനിപ്പിക്കുമിന്നൊരു നേർത്ത
വേണുനാദത്തിൻ മാർദ്ദവം!
ഹന്ത, നീ ചുട്ടെരിക്കുമിന്നൊരു
പൊൻകിനാവിന്റെ നന്ദനം!
എന്തിനല്ലെങ്കിലീവിധമിത്ര
വെമ്പിയിങ്ങോട്ടു പോന്നു നീ?

ഉല്ലസൽശ്രീവസന്തത്തെപ്പച്ച-
മുല്ലക്കാടെന്ന മാതിരി,
ആത്മജിജ്ഞാസം പണ്ടുപണ്ടൊക്കെ-
ക്കാത്തിരുന്നു, ഹാ നിന്നെ ഞാൻ!
കഷ്ടമിന്നു നിന്നാഗമമൊരു
വജ്രപാതമായ്ത്തീർന്നു മേ!
ഇന്നു നീ തീർക്കും ചന്ദ്രികയുടെ
മഞ്ജുകല്യാണമണ്ഡപം,

[illegible]ഹൻ

Digitized By Kerala Sahitya Akademi

എത്രയോ പൊൻകിനാക്കൾതൻ ശവ-
പ്പെട്ടിയാണെന്നറിയുമോ?........

കണ്ടുമുട്ടിയുലകിലെന്തിനോ
രണ്ടു ജീവിതവീചികൾ!
ഇന്നവ രണ്ടും രണ്ടു മാർഗ്ഗമായ്-
ത്തമ്മിൽ വേർപിരിയുന്നിതാ;
ഒന്നനന്തനീരാശയിങ്കലേ-
യ്ക്കൊ,ന്നു സൗഖ്യത്തിലേയ്ക്കുമായ്!
എന്തിനോ കണ്ടുമുട്ടി തങ്ങളിൽ
രണ്ടു കൊച്ചുമരാളങ്ങൾ,
കണ്ണുനീരലതല്ലിടുന്നൊരാ-
ക്കർമ്മബന്ധവാരാശിയിൽ!
പുൽകി തെല്ലിട തമ്മിലെന്തിനോ
പൂവിട്ട രണ്ടു വല്ലികൾ,
പിന്നെക്കാണുവാൻപോലുമായിടാ-
തെന്നെന്നേയ്ക്കുമായ് വേർപെടാൻ!
ആരറിവൂ, വിധിവിലാസങ്ങ,-
ളാത്മബന്ധത്തിൻ മായകൾ!

ചന്ദ്രികേ, കഷ്ട,മക്കിനാവിനെ-
യെന്തിനേവം ചതിച്ചു നീ?
സുന്ദരമായൊരാ മുരളിക-
യെന്തിനേവം തകർത്തു നീ?
കഷ്ട,മിന്നു നിൻ ലക്ഷ്യമെന്തൊ,രു
ശുഷ്കമാകുമാസ്വാദനം!



Digitized By Kerala Sahitya Akademi

നെഞ്ഞിടിപ്പിൽത്തളന്നു, തോരാത്ത
കണ്ണുനീരിൽക്കുളിച്ചിതാ,
നില്പൂയാണു നിൻപിന്നിലായൊരു
നിഷ്കളങ്കനിരാശത!
കാഴ്ചവെച്ച സമസ്തവും നിൻെറ
കാൽത്തളിരിലിജ്ജീവിതം—
ലോകഭാവനയോമനിക്കുമൊ-
രാകുലാർദ്രസംഗീതകം,
മന്നൊരിക്കലും വിസ്മരിക്കാത്ത
മഞ്ജുനീഹാരഹാരകം—
നീയതയ്യോ, ചവിട്ടിനീക്കയോ
നീരസം നടിച്ചീവിധം?
കാക്കുവതില്ല നീയശേഷമി-
ത്തീക്കനലെരിപ്പാതകം!—
കാമത്തിൻ സപ്പക്കാവിൽ നിൻകണ്ണു
കാണാതിന്നലയുന്നു നീ!
ഗദ്ഗദം ചൊരിയുന്നു, നിൻപിന്നിൽ-
ച്ചുട്ടനീറുമൊരാദർശം;—
എത്ര ലോകം തപസ്സുചെയ്കിലും
കിട്ടിടാത്തൊരു നൈർമ്മല്യം;—
എന്തൊ,ടുവിൽ ഞെരിക്കുകയെന്നോ
നൊന്തുകേഴുമതിനെ നീ!

പ്രേമം പൂത്ത മരതകത്തോപ്പിൽ
ഹേമന്തം നൃത്തമാടുമ്പോൾ;



Digitized By Kerala Sahitya Akademi

ചന്ദ്രിക ചിത്തകുഞ്ജത്തിൽക്കുളിർ-
ച്ചന്ദനച്ചാറു പൂശുമ്പോലം;
മുങ്ങിടാറുണ്ടിക്കാനനമൊരു
സംഗീതത്തിൻ യമുനയിൽ!
ശോകമഗ്നമാണെങ്കിലെന്ത്,തിൻ
രാഗമാധുരി കേവലം,
സ്തബ്ധമാക്കി ചരാചരങ്ങളെ
ലബ്ധസായൂജ്യമൂർച്ഛയിൽ!
നാണയത്തുട്ടു നോക്കിമാത്രമാ
വേണുഗോപാലബാലനെ,
തൽപ്രണയവൃന്ദാവനത്തിൽനി-
ന്നാട്ടിയോടിച്ച ലോകമേ,
നിഷ്ഠുരതാപം പതിയിരിക്കുന്ന
ശുഷ്കവിത്തപ്രതാപമേ,
പൊന്നുരുക്കിച്ചമച്ചതല്ലല്ലോ
നിന്നുടലപ്പുരാപരൻ.
മണ്ണുതാനതും—നിണ്ണയം വെറും
മണ്ണിൽത്താനതടിഞ്ഞുപോം!
നിൻെറ ധമ്മവും നീതിബോധവും
കണ്ടറിയുവോനാണു ഞാൻ.
ഭാഗ്യവാതമടിച്ചു പൊങ്ങിയ
നേത്തു ജീണ്ണിച്ച പഞ്ഞിയും
തെല്ലുയരുമ്പോൾ ഭാവിക്കാ,മൊരു
ചില്ലതാരകംമാതിരി,



Digitized By Kerala Sahitya Akademi

വന്നടിഞ്ഞിടും പിന്നെയും കാററു
നിന്നിടുമ്പോളതൂഴിയിൽ;
ഉച്ചത്തിലല്പമെത്തിയാൽ,പ്പിന്നെ-
ത്തുച്ഛതയായി ചുററിലും!
നീയും കൊള്ളാം, നിൻനീതിയും കൊള്ളാം,
നീചവിത്തപ്രതാപമേ!
മഞ്ജുമഞ്ജുനീർത്തുള്ളിപോൽ, മിന്നി
മങ്ങിടുന്നൊരിജ്ജീവിതം—
മാരിവില്ലുപോൽ, മാഞ്ഞുമാഞ്ഞുപോം
മായികമാമിജ്ജീവിതം—
അർത്ഥദുർഗ്രഹമാമൊരു വെറും
സ്വപ്നമാത്രമിജ്ജീവിതം—
സ്വന്തമെന്നോർത്തഹങ്കരിപ്പൂ നീ,
ഹന്ത, നിർല്ലജ്ജലോകമേ!
വിത്തധാടികൾകൊണ്ടതിലോരോ
പൊല്പതാക പറത്തുവാൻ—
ക്ഷുദ്രശക്തികൾകൊണ്ടതിലൊരു
ഭദ്രദീപം കൊളുത്തുവാൻ—
സ്വാർത്ഥതയാലതിൻ വിലാസങ്ങൾ
പേർത്തുമുജ്ജ്വലിപ്പിയ്ക്കുവാൻ—
ബദ്ധമോദമൊരുമ്പെടുന്നു നീ,
ബുദ്ധിയില്ലാത്ത ലോകമേ!
മേല്ക്കുമേൽ നിൻെറ ഗോഷ്ഠികളൊക്കെ
നോക്കിനില്ക്കും മരണമോ,



Digitized By Kerala Sahitya Akademi

കേവലം പരിഹാസഭാവത്തിൽ-
ത്തൂവുകയാണു പുഞ്ചിരി!

ഒന്നതെങ്ങാൻ വിരലമർത്തിയാ-
ലന്നിമേഷം തകർന്നു നീ!

നിന്നയുതകനകഭണ്ഡാര-
മൊന്നൊഴിയാതെ നല്കിലും,

പാദമൊന്നതിളക്കുകില്ല,തിൻ
പാതയിൽനിന്നൊരിക്കലും!

കഷ്ട,മെന്തിനു പിന്നെ നിന്റെയീ
വിത്തധാടിയും ഗർവ്വവും?

കേവലമജപാലനെങ്കിലും,
ഹാ, കുബേരനല്ലെങ്കിലും,

ഉണ്ടവനൊരു ചെമ്പനീരലർ-
ച്ചെണ്ടുപോലുള്ള മാനസം!

സ്വർഗ്ഗസംഗീതസാന്ദ്രമാമൊരു
സ്വപ്നസാമ്രാജ്യപദവിയിൽ
അശ്വമേധം കഴിച്ചു വാഴുന്ന
ചക്രവർത്തിയാണിന്നവൻ!
കല്പകാലംവരെജ്ജ്വലിപ്പൊരു
ഭദ്രദീപികയാണവൻ!
ഇന്നവനെയവഗണിപ്പൂ നീ,
കണ്ണുകാണാത്ത ലോകമേ!
ഒക്കെയും ഞാൻ സഹിക്കാം—പക്ഷേ,യാ-
ഗ്ഗദ്ഗദ,മപ്രരോദനം;

ഫലര്

Digitized By Kerala Sahitya Akademi

രക്തശൂന്യമായ്ശ്ശോചനീയമാ-
യൊട്ടിയോരക്കവിൾത്തടം;
കത്തുമക്കരളിങ്കൽനിന്നുള്ളൊ-
രഗ്നിപർവ്വതസ്പന്ദനം;—
ഹാ, സഹിയ്ക്കാനരുതതുമാത്രം
ലേശവുമെനിയ്ക്കെന്നുമേ!

കഷ്ടം,മെങ്ങിനെ സാന്ത്വനിപ്പിയ്ക്ക-
മപ്രണയവിവശനെ?
ആനന്ദിപ്പിപ്പതെങ്ങിനെ മേലി-
ലാ നിഹതനിരാശനെ?
കണ്ണുനീരോടെതിർത്തുനില്ക്കുവാൻ
കമ്മധീരനുമല്ലവൻ!
എങ്ങിനെ പിന്നെയാശ്വസിപ്പിപ്പ-
തിന്നു ഞാനെൻസുഹൃത്തിനെ?
ഇന്നു രാത്രിയിൽ സംഭവിക്കുന്നു
ചന്ദ്രികതൻ പരിണയം.
ഇപ്പൊഴതുമറിഞ്ഞിട്ടില്ലവ-
നക്കഥയൊന്നുമേതുമേ.
ചെററുനാളായ്പ്പരസ്പരം കാണാൻ
പററിടായ്കയാൽപ്പോലുമേ,
ഇത്രമാത്രമെരിഞ്ഞുനീറുമാ
മുഗ്ദ്ധരാഗാർദ്ര മാനസം
ഇക്കഥയെങ്ങാനിന്നറിയുകിൽ—
കഷ്ടം,മെന്തു ചെയ്യേണ്ടു ഞാൻ?



Digitized By Kerala Sahitya Akademi

രമണൻ

എന്തിനിശ്ശോകനാടകത്തിങ്ക-
ലെന്നെയും സാക്ഷിയാക്കി നീ;
ഹന്ത, മന്മനം പൊള്ളുവാനിദ-
മെന്തിനെൻപ്രാണനായി നീ?
കഷ്ടമായി, സഹോദര, നമ്മ-
ളൊത്തുചേർന്നിത്ര കാലവും
ഒററജീവനായ് വാണതി,ങ്ങിനെ
ചുട്ടുനീറുവാനാണെങ്കിൽ!

[ദൂരത്തേയ്ക്കു നോക്കി ഭയവ്യാകുലതയോടെ]

എന്തിതോ,ടിവരുന്നതാരിങ്ങോ-
ട്ടെ,ന്തിതെന്തെൻരമണനോ?
എന്തു മാററം!—ഭയങ്കരം!—നിന-
ക്കെന്തു പററി സഹോദര?
നിന്നെക്കാണ്കെ നടുങ്ങിപ്പോകുന്നി-
തിന്നു ഞാനി,തെന്തത്ഭുതം?
എന്തിനുള്ളോരൊരുക്കമാണിതു
ഹന്ത, കാണാനരുതു മേ!
നീയൊരേതോ പിശാചിനെപ്പോലെ-
പ്പായുന്നെന്തിനാണിങ്ങിനെ?
നീയുമിന്നാ നിശിതവാത്തൻ
തീയിൽപ്പൊള്ളിയിരിയ്ക്കണം!
നിൻമുഖം തെളിച്ചാതുന്നുണ്ടതു
ട്ടന്നിചാരമാം ഭാവത്തിൽ.

Digitized By Kerala Sahitya Akademi

രമണൻ

ഹന്ത, ദൈവമേ, സാധുവാമെന്നെ–
യെന്തിനേവം വലപ്പു നീ?
മൽസുഹൃത്തേ, രമണ, നീ ശാന്ത–
സുസ്മിതാസ്യനായ് മാറണേ!
ശക്തനല്ല ഞാൻ നിൻെറയീ മുഖ–
ത്തുററുനോക്കുവാൻ ലേശവും!
ഞാനിതാ, വിറക്കൊൾകയാണയ്യോ!
മാനസം പതറുന്നു മേ!

എന്തു ചെയ്യും ഞാനെന്തു ചൊല്ലും ഞാ–
നെന്തിതെന്തിനുള്ളാരംഭം?
ചിന്തനാതീതദാരുണമാമി–
തെന്തി,തെന്തൊരു നാടകം?
മംഗളമാ യവനിക വീണീ
രംഗം വേഗം മറയണേ!

Digitized By Kerala Sahitya Akademi

## രംഗം മൂന്നു്

[വനത്തിൻെറ ഹൃദയം. അർദ്ധരാത്രി. ഇരുട്ടും മങ്ങിയ നിലാവും. ചുററും ആവൽച്ചിറകടികൾ, കിടുകിടുപ്പിക്കുന്ന എന്തോ ഒരു ഭയങ്കരത. ഒരു പരുപരുത്ത കാററു്. മുളങ്കാടിൻെറ അസുഖപ്രദമായ ഒരുവക കുഴൽവിളി. നേരിയ മർമ്മരം. തണുപ്പു്. കാട്ടരുവിയുടെ കളകളശബ്ദം.

രമണൻ ഒരു പിശാചിനെപ്പോലെ പ്രവേശിയ്ക്കുന്നു. വികൃതമായ മുഖഭാവം. പാറിപ്പറന്ന തലമുടി. ജ്വലിക്കുന്ന കണ്ണുകൾ. രൂക്ഷമായ നോട്ടം. ഇടയ്ക്കിടെ പൈശാചികമായ ഒരു വക പൊട്ടിച്ചിരി. വേച്ചുവേച്ചു ഭ്രാന്തനെപ്പോലുള്ള നടപ്പു്. കൈയിൽ പിരിച്ചുമുറുക്കിയ ഒരു മാറു കയറു്.

വന്നുവന്നു് അരുവിയുടെ വക്കത്തു് ഉള്ളിലേയ്ക്കുന്തിനില്ക്കുന്ന പാറക്കല്ലിന്മേൽ കയറിനില്ക്കുന്നു. അരുവിയിലേയ്ക്കു ചാഞ്ഞുകിടക്കുന്ന ഒരു മരത്തിൻെറ കൊമ്പിന്മേൽ പിടിച്ചു ബലം പരീക്ഷിച്ചിട്ടു്, 'ഹാ, ഹാ' എന്നു വികൃതമായ ഒരു പൊട്ടിച്ചിരി.]

രമണൻ

ഹൃദയരക്തം കുടിച്ചു തടിച്ചിട്ടും
ഹൃദയശൂന്യപ്രപഞ്ചമേ, ഘോരമേ,
കുടിലസർപ്പമേ, കാളകാകോളമേ,
കുടലുമാലയണിഞ്ഞ കങ്കാളമേ,
മതി മതി നിൻെറ ഗർജ്ജന—മെൻമനം
ചിതറിടുന്നു, ദഹിച്ചുവീഴുന്നു ഞാൻ!
എവിടെ?—എന്താണൊരുക്കുന്നതിന്നു നീ-
യവിടെ? എന്തെൻചുടലക്കിടക്കയോ?
കഴുകർ വന്നു ചിറകടിച്ചാർത്തിടും
കഴുമരങ്ങളോ കാണുന്നു മുന്നിൽ ഞാൻ?
ഇവിടെയെന്തു തീ,യെന്തു ചൂടൊ,ന്നിനി-
യെവിടെയോടേണ്ടു?—പൊള്ളുന്നു ജീവിതം!

_ഫ വ്വ

Digitized By Kerala Sahitya Akademi

അരുതൊരായിരം സർപ്പങ്ങളൊന്നുചേ–
ന്നഹഹ, കെട്ടുപിണയുന്ന ജീവനിൽ!
സിരകളൊക്കെയും ഞെക്കിപ്പിഴികയാ–
ണൊരു ഭയങ്കരഹസ്തമദൃശ്യമായ്.

[ഒന്നു ഞെട്ടി പുറകോട്ടൊഴിഞ്ഞു ചുററും നോക്കിയിട്ട്]

മണിമുഴക്കം—മരണം വരുന്നൊരാ
മണിമുഴക്കം—മുഴങ്ങുന്നു മേല്ക്കുമേൽ!
ഉയിരു പൊള്ളിക്കുമെന്തു തീച്ചൂളയാ–
ണയരുവതനുമാത്രമെൻചുററുമായ്!
മരണമേ, നീ ശമിപ്പിക്കുകൊന്നു നിൻ
മഴചൊരിഞ്ഞതിൻ ധൂളികാപാളികൾ!
അരുതരുതെ,നിക്കീ വിഷവായുവേ–
ററരനിമിഷമിവിടെക്കഴിയുവാൻ!
ധരയിതിൽക്കഷ്ട,മെന്തെൻകളേബരം
വെറുമൊരു ശുഷ്കപാഷാണപഞ്ജരം!
പരസഹസ്രം ക്രിമികീടരാശിതൻ
വെറുമൊരാഹാരകേദാരശേഖരം!
വെറുതെയെന്തിനതും ചുമന്നിങ്ങിനെ
പൊരിവെയിലത്തലഞ്ഞു നടപ്പു ഞാൻ?
അതു മണലിലടിയട്ടെ; ശാന്തിതൻ
മൃദുലശയ്യയിൽ വിശ്രമിക്കട്ടെ ഞാൻ!
വിലപെടുമിപ്രപഞ്ചത്തിനില്ലൊരു
ഫലവുമെന്നെപ്പുലർത്തിയകൊണ്ടിനി!
മറവിയിൽ ഞാനടിയട്ടെ!—മജ്ജഡം
മണലിലാണ്ടു ലയിക്കട്ടെ നിഷ്ഫലം.

ഫവൻ



Digitized By Kerala Sahitya Akademi

[പാറപ്പുറത്തു പൊടുന്നനെ ഇരിക്കുന്നു. ആകാശത്തിലേക്കു റുനോക്കി ഒരു വികൃതമായ രോദനത്തോടെ ഒന്നു ചൂളികൊണ്ടു്.]

മഹിയിൽ മാമകജീവിതമിത്രമാം
മധുരമാക്കിയ വെള്ളിനക്ഷത്രമേ,
പിരിയുകയാണു നീയുമനന്തമാ-
മിരുളിലെന്നെ വെടിഞ്ഞിദ,മോമലേ!
ഇവിടെയിത്തമോമണ്ഡലവീഥിയി-
ലവശജീവി ഞാനെന്തു ചെയ്തീടുവാൻ?
അനുപമഭോഗശൃംഗകത്തിങ്കലേ-
ക്കഴകിലേവം കുതിച്ചുയരുന്നു നീ;
അതുപൊഴുതിതാ, ഞാനോ?—വെറുങ്ങലി-
ച്ചടിവു നൈരാശ്യപാതാളവീഥിയിൽ!

[കൊട്ടക്കൈ കുത്തി ഒരു വശത്തേക്കു ചരിഞ്ഞു്, ശിരസ്സു താങ്ങികൊണ്ടു്.]

ശരി,യിതുതന്നെ ലോകഗതി;-യതേ,
സ്ഥിരതയില്ലിപ്രപഞ്ചത്തിലൊന്നിനും.
കപടതയ്ക്കേ കഴിഞ്ഞിട്ടു കാഞ്ചന-
ജയപതാകയിവിടെപ്പറത്തുവാൻ!
ഹൃദയശൂന്യതമാത്രമാണേതൊരു
വിജയലബ്ധിയ്ക്കുമേകാവലംബനം!
ഇവിടെയാദർശമെല്ലാമനാഥമാ-
ണിവിടെയാത്മാർത്ഥതയ്ക്കില്ലൊരർത്ഥവും!

[ചാടി എഴുന്നേല്ക്കുന്നു]

രജതതാരക, നിൻമുന്നിൽ നിർമ്മല-
ഭജനലോലുപം നിന്നു, ഹാ, മന്മനം!



Digitized By Kerala Sahitya Akademi

## ഭഗ്നൻ

കരുതിയില്ല കിനാവിലുംകൂടി ഞാൻ
കരിപുരട്ടുവാൻ നിൻശുദ്ധചര്യയിൽ!
കരഗതമായെനിക്കതിനായിര-
മിരുൾപുരണ്ട നിമിഷങ്ങളെങ്കിലും
ചിലപൊഴുതെന്റെ മാനവമാനസം
നിലയുറയ്ക്കാതഴിഞ്ഞുപോയെങ്കിലും
അവയിൽനിന്നൊക്കെ മുക്തനായ് നിന്നു ഞാ-
നടിയുറച്ചോരെന്നാദർശനിഷ്ഠയാൽ.
നിയതമെൻ ചിത്തസംയമനത്തിനാൽ
സ്വയമിരുമ്പിൻകവചം ധരിച്ചു ഞാൻ,
അതിചപലവികാരശതങ്ങളോ-
ടമിതധീരമെതിർത്തു നിന്നിടിനേൻ!
ഒരു തരത്തിലും സാധിച്ചതില്ലവ-
യ്ക്കൊളിവിലെന്നെയടിമപ്പെടുത്തുവാൻ!
അതുവിധം നീയപങ്കിലയാകുമാ-
റനവരതം പ്രയത്നിച്ചതല്ലയോ,
ഇതുവിധം നീയൊടുവിലെന്നെക്കൊടു-
മിരുളിലേയ്ക്കുന്തിനീക്കുവാൻ കാരണം?
ക്ഷിതിയിതിങ്കൽ മറ്റേവനെപ്പോലെയും
മുതിരുവോനായിരുന്നു ഞാനെങ്കിലോ,
അടിയുമായിരുന്നില്ലേ ദുരന്തമാ-
മവമതിതന്നഗാധഗർത്തത്തിൽ നീ?
അതിനിടയാക്കിടാഞ്ഞതിനുള്ളൊരെൻ-
പ്രതിഫലമോ തരുന്നതെനിക്കു നീ?
ശരി;- യതുമൊരു ലേശം പരിഭവം
കരുതിടാതിതാ സ്വീകരിക്കുന്നു ഞാൻ!

൧൯൧

Digitized By Kerala Sahitya Akademi

[പാറപ്പുറത്തു പൊടുന്നനെ ഇരിക്കുന്നു. ആകാശത്തിലേയ്ക്കു റുനോക്കി ഒരു വികൃതമായ രോദനത്തോടെ ഒന്നു ചൂളികൊണ്ടു്.]

മഹിയിൽ മാമകജീവിതമിത്രനാൾ
മധുരമാക്കിയ വെള്ളിനക്ഷത്രമേ,
പിരിയുകയാണു നീയുമനന്തമാ-
മിരുളിലെന്നെ വെടിഞ്ഞിദ്ദ,മോമലേ!
ഇവിടെയിത്തമോമണ്ഡലവീഥിയി-
ലവശജീവി ഞാനെന്തു ചെയ്തീടുവാൻ?
അനുപമഭോഗശൃംഗകത്തിങ്കലേ-
യ്ക്കഴകിലേവം കുതിച്ചുയരുന്നു നീ;
അതുപൊഴുതിതാ, ഞാനോ?—വെറുങ്ങലി-
ച്ചടിവു നൈരാശ്യപാതാളവീഥിയിൽ!

[കൊട്ടക്കൈ കുത്തി ഒരു വശത്തേയ്ക്കു ചരിഞ്ഞു്, ശിരസ്സു താങ്ങികൊണ്ടു്.]

ശരി,യിതുതന്നെ ലോകഗതി;-യതേ,
സ്ഥിരതയില്ലിപ്രപഞ്ചത്തിലൊന്നിനും.
കപടതയ്ക്കേ കഴിഞ്ഞിട്ടു കാഞ്ചന-
ജയപതാകയിവിടെപ്പറത്തുവാൻ!
ഹൃദയശൂന്യതമാത്രമാണേതൊരു
വിജയലബ്ധിയ്ക്കുമേകാവലംബനം!
ഇവിടെയാദർശമെല്ലാമനാഥമാ-
ണിവിടെയാത്മാർത്ഥതയ്ക്കില്ലൊരർത്ഥവും!

[ചാടി എഴുന്നേല്ക്കുന്നു]

രജതതാരകേ, നിൻമുന്നിൽ നിർമ്മല-
ഭജനലോലുപം നിന്നു, ഹാ, മന്മനം!



Digitized By Kerala Sahitya Akademi

കരുതിയില്ല കിനാവിലുംകൂടി ഞാൻ
കരിപുരട്ടുവാൻ നിൻശുദ്ധചര്യയിൽ!
കരഗതമായെനിക്കതിനായിര-
മിരുൾപുരണ്ട നിമിഷങ്ങളെങ്കിലും
ചിലപൊഴുതെന്റെ മാനവമാനസം
നിലയുറയ്ക്കാതഴിഞ്ഞുപോയെങ്കിലും
അവയിൽനിന്നൊക്കെ മുക്തനായ് നിന്നു ഞാ-
നടിയുറച്ചോരെന്നാദർശനിഷ്ഠയാൽ.
നിയതമെൻ ചിത്തസംയമനത്തിനാൽ
സ്വയമിരുമ്പിൻകവചം ധരിച്ചു ഞാൻ,
അതിചപലവികാരശതങ്ങളോ-
ടമിതധീരമെതിർത്തു നിന്നീടിനേൻ!
ഒരു തരത്തിലും സാധിച്ചതില്ലവ-
യ്ക്കൊളിവിലെന്നെയടിമപ്പെടുത്തുവാൻ!
അതുവിധം നീയപങ്കിലയാകുമാ-
റനവരതം പ്രയത്നിച്ചതല്ലയോ,
ഇതുവിധം നീയൊടുവിലെന്നെക്കൊട്ട-
മിരുളിലേക്കുന്തിനീക്കുവാൻ കാരണം?
ക്ഷിതിയിതിങ്കൽ മറ്റേവനെപ്പോലെയും
മുതിരുവോനായിരുന്നു ഞാനെങ്കിലോ,
അടിയുമറ്റിരുന്നില്ലേ ദുരന്തമാ-
മവമതിതന്നഗാധഗർത്തത്തിൽ നീ?
അതിനിടയാക്കിടാഞ്ഞതിനുള്ളൊരെൻ-
പ്രതിഫലമോ തരുന്നതെനിക്കു നീ?
ശരി;-യതുമൊരു ലേശം പരിഭവം
കരുതിടാതിതാ സ്വീകരിക്കുന്നു ഞാൻ!

Digitized By Kerala Sahitya Akademi

പരിഗണിച്ചിടേണ്ടെന്നെ നീയല്പവും
പരമതുച്ഛനാം ഞാനൊരധഃകൃതൻ!
പരിണതാനന്ദലോലയായ് മേല്ക്കുമേൽ
പരിലസിക്കു നീ വെള്ളിനക്ഷത്രമേ!
ഇരുളുമുഗ്രനിരാശയും മന്നിലെൻ-
മരണശയ്യ വിരിക്കുന്നു;—പോട്ടെ ഞാൻ!

[കുറച്ചുനേരം ഒരു പ്രതിമയെപ്പോലെ അനങ്ങാതെയിരിക്കുന്നു. പെട്ടെന്നു ചാടിയെഴുന്നേററു കയറിൻെറ ഒരു തുമ്പിൽ ഒരു കുരുക്കുണ്ടാക്കുന്നു. അനന്തരം മറേറത്തുമ്പു വൃക്ഷശാഖയിൽ ദൃഢമായി ബന്ധിക്കുന്നു. വീണ്ടും അനങ്ങാതെ ഇതികർത്തവ്യതാമൂഢനായി കുറെനേരം നില്ക്കുന്നു. ശരീരം കിലുകിലാ വിറയ്ക്കുന്നു. കണ്ണുകളിൽ ജലം നിറഞ്ഞു ധാരധാരയായി ഇരുകവിളിലുംകൂടി ഒഴുകുന്നു. ചുററുപാടും പരിഭ്രമത്തോടും ഭയത്തോടുംകൂടി പകച്ചുനോക്കുന്നു. വീണ്ടും പൂർവ്വാധികം വേദനയോടെ മാറത്തു രണ്ടു കൈയും ചേർത്തു് എങ്ങലടിച്ചു കരഞ്ഞുകൊണ്ടു്.]

പ്രിയകരങ്ങളേ, നീലമലകളേ,
കുയിലുകൾ സദാ കൂകും വനങ്ങളേ,
അമിതസൗരഭധാരയിൽ മുങ്ങിടും
സുമിതസുന്ദരകുഞ്ജാന്തരങ്ങളേ,
കുതുകദങ്ങളേ, കഷ്ടം,മെന്മട്ടു ഞാൻ
ക്ഷിതിയിൽ വിട്ടേച്ചുപോകുന്നു നിങ്ങളെ?........

കുളിർതരംഗതരളിതനിർമ്മല-
സലിലപൂരിതസ്രോതസ്വിനികളേ,
ലളിതനീലലസത്തൃണകംബള-
മിളിതശീതളച്ഛായാതലങ്ങളേ,

ഫലവ

Digitized By Kerala Sahitya Akademi

അനുപമങ്ങളേ, കഷ്ടം,മെന്നോട്ട ഞാൻ
തനിയെ വിട്ടേച്ചുപോകുന്നു നിങ്ങളെ?.......
ക്ഷിതിയിലെന്തിലും മീതെ ഞാൻ വാഴ്ത്തിടും
ഹൃദയഹാരിയാം ഹേമന്തചന്ദ്രികേ,
സുരുചിരോജ്ജ്വലശാരദാകാശമേ,
സുകൃതിനികളേ, താരാമണികളേ,
മദകരങ്ങളേ, കഷ്ടം,മെന്നോട്ട ഞാൻ
മഹിയിൽ വിട്ടേച്ചുപോകുന്നു നിങ്ങളെ?....
സസുഖമെന്നോടൊത്തിത്രയും കാലവും
സഹവസിച്ചോരജകിശോരങ്ങളേ,
സദയമെന്നെപ്പിരിഞ്ഞിടാതിത്രനാൾ
സഹകരിച്ചൊരെന്നോമനമുരളികേ,
കവിത കാണിച്ച മൽപ്രകൃത്യംബികേ,
കരൾ കവർന്നൊരെൻകൊച്ചുപുഴകളേ,
അഭയദങ്ങളേ, കഷ്ടം,മെന്നോട്ട ഞാ-
നവനിയിൽ വിട്ടുപോകുന്നു നിങ്ങളെ?........

[ഒരു നടുക്കത്തോടുകൂടി]

മണിമുഴക്കം!—സമയമായ്—മാരണ-
മണിമുഴക്കം!—വിടതരൂ, പോട്ടെ ഞാൻ!
മദന, മൽപ്രാണസോദര, സൗഹൃദം
മഹിയിലെന്തെന്നു കാണിച്ച മൽസഖ,
പ്രണയനാടകം മാമകം ഘോരമാം
നിണമണിയലിൽത്തന്നെ കഴിയണം!
ഇനിയൊരിക്കലും കാണുകയില്ല നാം—
അനുജ, മാപ്പു തരൂ, യാത്രചൊൽവു ഞാൻ!

ഹന്ത

Digitized By Kerala Sahitya Akademi

ഇതുവരെയ്ക്കെൻസുഖദുഃഖമൊന്നുപോൽ
പ്രതിദിനം പങ്കുകൊണ്ടവനാണു നീ!
ഹൃദയമയ്യോ, ദഹിക്കുന്നു നിന്നെയി
ക്ഷിതിയിൽ വിട്ടുപിരിവതോർക്കുമ്പോൾ മേ!
കഠിനമാണെന്റെ സാഹസമെങ്കിലും
കരുണയാർന്നു നീ പൊറുക്കേണമേ!
അനുജ, മൽപ്രാണതുല്യനാമെന്റെ പൊ-
ന്നനുജ, നിന്നോടും യാത്രചോദിപ്പു ഞാൻ!
കരയരുതു നീ നാളെയെൻഘോരമാം
മരണവാർത്ത കേട്ടി,ന്നു പോകട്ടെ ഞാൻ!

മമ ഹൃദയരക്തം കുടിച്ചെങ്കിലും
മലിനലോകമേ,യാശ്വസിച്ചീടു നീ!
വികൃതജീവിതപ്പുല്ലുമാടം സ്വയം
വിരവിലിന്നിതാ, തീവെച്ചെരിപ്പു ഞാൻ!
മമ ശവകുടീരത്തിൽ നീയെന്നെയോ-
ർത്തൊരു വെറും കണ്ണുനീർത്തുള്ളിയെങ്കിലും
പൊഴിയരുതേ, നമോവാകമോതി ഞാ-
നൊഴികയായിതാ, വെള്ളിനക്ഷത്രമേ!

[അത്യന്തം ഭയപാരവശ്യത്തോടെ ഞെട്ടി പിൻമാറി ചുററും പകച്ചുനോക്കി കയറിൽ കടന്നുപിടിക്കുന്നു.]

മണിമുഴക്കം!—സമയമായ്—മാരണ-
മണിമുഴക്കം!....വരുന്നു...വരുന്നു ഞാൻ!
പ്രിയകരമാം....പ്രപഞ്ചമേ,....ഹാ!....
പ്രിയ........വെ....ള്ളി....ന....ക്ഷ....ത്ര....മേ!

ഫണര്

Digitized By Kerala Sahitya Akademi

# രംഗം നാല്

[വനത്തിന്റെ ഒരു ഭാഗം. മദനൻ ആടുകളേയും തെളിച്ചു കൊണ്ടു പതിവുപോലെ വനത്തിലെത്തി രമണനെ നോക്കുന്നു; കാണുന്നില്ല. അവിചാരിതമായി, അകാരണമായി, ഒരാശങ്ക, ഒരു ഭയം, മദനന്റെ ഹൃദയത്തിൽ കടന്നുകൂടുന്നു. അവൻ രമണനെ വിളിച്ചുകൊണ്ടു കാട്ടിൽ അങ്ങിങ്ങലഞ്ഞു തിരിയുന്നു.]

മദനൻ

രമണ, രമണ, നീയെങ്ങുപോയി?
സമയമിന്നേറെക്കഴിഞ്ഞുപോയി.
പതിവില്ലാതിന്നിത്ര താമസിക്കാൻ
കഥയെന്തു, ഹാ, നിനക്കെന്തു പററി?
പരിചിൽ, കിഴക്കേ മലമുകളിൽ
പകലോനുദിച്ചേറ്റുയർന്നുപൊങ്ങി.
ദിവസവും നീയാണിങ്ങാദ്യമെത്താ-
നെവിടെ നീയിന്നു; നിന്നാടുകളും?
കുളിർകാററു വീശുന്നു; പൂത്തുനില്ക്കും
കുറുമൊഴിമുല്ലകളാടിടുന്നു;
കലിതാനുമോദം വനം മുഴുവൻ
കളകളം ചെയ്യുന്നു; പൈങ്കിളികൾ
മലർ മണം വീശുന്നു; പീലി നീർത്തി
മയിൽ മരക്കൊമ്പിൽ നിന്നാടിടുന്നു—
ഇവയെ വർണ്ണിച്ചൊരു പാട്ടുപാടാ-
നെവിടെ, രമണ, നീയെങ്ങുപോയി?



Digitized By Kerala Sahitya Akademi

[മദനൻ നടന്നു നടന്നു കാടിൻെറ ഉൾഭാഗത്തുള്ള ഒരു അരുവിയുടെ കരയിലെത്തുന്നു. പെട്ടെന്നു മുൻപിൽ അരുവിയിലേക്കു ചാഞ്ഞു മരക്കൊമ്പിൽ തൂങ്ങി മരിച്ചുകിടക്കുന്ന രമണനെ കാണുന്നു. ശരീരം കിലുകിലാ വിറയ്ക്കുന്നു. തലകറങ്ങി ബോധരഹിതനായി നിലംപതിക്കുന്നു. അപ്പോഴേയ്ക്കും മററു ചില ഇടയന്മാരും അവിടെ എത്തിച്ചേരുന്നു; എല്ലാവരും ഇടിവെട്ടേററപോലെ സ്തബ്ധരായിത്തീരുന്നു; ഏതാനും പേർ മദനനെ ശീതോപചാരങ്ങൾ ചെയ്യുന്നു. ക്രമേണ അവനു ബോധക്ഷയം വിട്ടുമാറുന്നു. അവൻ വീണ്ടും രമണനെ ഉററുനോക്കുന്നു. കഴുത്തിൽ ഒരു പൂമാല; നീണ്ടു മരവിച്ച ശരീരം. ഒരു വശത്തേയ്ക്കല്പം ചരിഞ്ഞുകിടക്കുന്ന ശിരസ്സ്; വസ്ത്രമാകമാനം രക്തമയം. മദനൻെറ ഹൃദയം ദ്രവിക്കുന്നു. അവൻ ഒരു ശിശുവിനെപ്പോലെ വാവിട്ടു കരയുന്നു. മററിടയന്മാർ ആശ്വസിപ്പിക്കുന്നു. അല്പനേരം കഴിഞ്ഞു:—]

മദനൻ

വിശ്വസിക്കാവതോ, കാണുമിക്കാഴ്ച;—ഹാ!
വിശ്വമേ, കഷ്ടം, ചതിച്ചു ചതിച്ചു നീ:
സത്യമോ?—സത്യമാണ,യ്യോ നടുങ്ങുന്ന
സത്യം!—ഭയങ്കരം! പൈശാചസംഭവം!
അങ്ങതാ, തൂങ്ങിക്കിടപ്പൂ മരക്കൊമ്പിൽ
നിന്ദ്യപ്രപഞ്ചമേ, നിൻമഹാപാതകം!
ആഹാ, ദയനീയ,മയ്യോ, ഭയാനകം
സാഹസം!—എന്തു, നീ നിർജ്ജീവമായിതോ?
സുന്ദരഗാനപ്രചോദനം വിങ്ങുമ-
സ്പന്ദനമെല്ലാം നിലച്ചുകഴിഞ്ഞുവോ?
അക്കണ്ഠനാളത്തിൽനിന്നൊരു നേരിയ
ഗദ്ഗദംപോലുമിനിക്കേൾക്കുകില്ലയോ?



Digitized By Kerala Sahitya Akademi

ആ നാവിനിമേലനങ്ങുകില്ലേ, കഷ്ട-
മാ മനം മേലിൽത്തുടിക്കുകില്ലേ ലവം?
എല്ലാം കഴിഞ്ഞോ? കഴിഞ്ഞോ?—**കഴിഞ്ഞുപോ**-
യെല്ലാം കഴിഞ്ഞു!—കഴിഞ്ഞു സമസ്തവും!
അയ്യോ! വെറുങ്ങലിച്ചല്ലോ മനോത്സവം!
വയ്യ മേ, വയ്യ മേ, കണ്ടിട്ടു നില്ക്കുവാൻ!

*　　*　　*

നോക്കു ജഗത്തേ, ഞെരിച്ചുഞെക്കിക്കൊന്നു
പേക്കൂത്തിൽ നീയാക്കളകോകിലത്തിനെ!
തൂങ്ങിക്കിടപ്പു മരവിച്ചൊരു കയർ-
ത്തുമ്പിലൊരത്യന്തമോഹനജീവിതം!—
ചെമ്പനീർപ്പൂപോൽ, വിരിഞ്ഞുവരുന്നോരു
സദ്വൃതസൗമ്യനവ്യജീവിതം!
പുഞ്ചിരിക്കൊള്ളാൻ തുടങ്ങുന്നതിൻമുൻപു
നെഞ്ചിട പൊട്ടിത്തകർന്നോരു ജീവിതം!
ഇങ്ങിനിയെത്ര കൊതിക്കിലും കിട്ടാത്ത
സംഗീതസാന്ദ്രമൊരോമനജ്ജീവിതം!
ഇന്നിതിനെത്തച്ചുകൊന്നൊരപ്പാതകം
എന്നിനിത്തീരും, പ്രപഞ്ചവേതാളമേ?
അജ്ജീവരക്തമൊരു തുള്ളിയില്ലാതെ-
യൊക്കെയുമൂററിക്കുടിച്ചുകഴിഞ്ഞു നീ!

പിന്നെയും മന്ദഹസിക്കയോ നീ?—നിന്റെ
നിന്ദ്യചരിത്രം പരമഭയങ്കരം!
അപ്രാണവാതം വലിച്ചെടുത്തിട്ടു നീ
ജല്പിപ്പു വീണ്ടും നിരർത്ഥമെന്തൊക്കെയോ!



Digitized By Kerala Sahitya Akademi

ആസ്ഥികൂടങ്ങളാൽ നിൻവിജയോത്സവ-
നർത്തനമണ്ഡപം സജ്ജീകരിപ്പൂ നീ!
കഷ്ട,മിനിയും തല പൊക്കിനോക്കുവാൻ
ലജ്ജയാവാത്തതാണത്ഭുതം, ലോകമേ!

അത്താമരക്കുരുന്നയ്യോ, കരിഞ്ഞുപോയ്
വിത്തപ്രതാപമേ, നിന്നിടിവെട്ടിനാൽ!
അക്കൊച്ചുഹംസം ചിറകററടിഞ്ഞുപോയ്
ദുഷ്ടകുബേരതാപമേ, നിൻകരവാളിനാൽ!
ഭാസിച്ചിരുന്നൊരപ്പൂമൊട്ടരഞ്ഞുപോയ്
ഹാ, സമുദായമേ, നിൻകാൽച്ചവിട്ടിനാൽ!

[മദനന്റെ മുഖം വ്യസനസമ്മിശ്രമായ കോപംകൊണ്ടു പൂർവ്വാധികം രക്താഭമായിത്തീരുന്നു.]

അല്ലെങ്കിലെന്തിനവയെപ്പഴിപ്പു ഞാ-
നില്ലില്ല—ദുഷ്ടേ, ഭയങ്കരിയാണു നീ!
ചന്ദ്രികയല്ല, വിഷമയധൂമിക
ചിന്തുന്നൊരദ്ധൂമകേതുവാകുന്നു നീ!
നീയാണു, നിർദ്ദയേ, ഹാ, രക്തയക്ഷിയാം
നീയാണു, കൊന്നതിഗ്ഗന്ധർവ്വബാലനെ!
ആ മനസ്സിൻ ചെങ്കുരുതിയാൽ, നിൻനിന്ദ്യ-
കാമചിത്രത്തിന്നു ചായം പുരട്ടി നീ!
കത്തുമൊരാത്മാവുകൊണ്ടു നിൻമച്ചിലെ-
ക്കസ്തൂരികത്തിരി, കഷ്ടം, കൊളുത്തി നീ!
പൊട്ടിത്തകർന്നോരിളംമനസ്സാൽ, നിന്റെ
കട്ടകിടക്കയിൽപ്പൂവിട്ടു ദുഷ്ടേ നീ!
ഫണം വ

Digitized By Kerala Sahitya Akademi

കണ്ടാൽ നടുങ്ങും!—ഭയാനകേ, നിൻമുഖം
കണ്ടാൽ നടുങ്ങും!—ജഗത്തിതെന്നെന്നുമേ.

നിൻകുബേരത്വവും നീച്യം!—മതി, നിന്റെ
സങ്കല്പവും നിൻ സുദൃഢശപഥവും;
ഹാ, വെറും കാമത്തിൽനിന്നുമുയൎന്ന നിൻ-
ഭാവനാമാത്രപ്രണയവും ചേഷ്ടയും;
ലജ്ജയില്ലല്ലോ നിനക്കു!—നീ നോക്കുകൊ-
ന്നിജ്ജഡം!—നീയിജ്ജഡത്തെയറിയുമോ?

പണ്ടു, നിൻ കാമസങ്കല്പലതയിലെ-
ച്ചെണ്ടായി നീയോമനിച്ചതാണിജ്ജഡം;
ഇന്നലെയോളം നിനക്കുവേണ്ടിച്ചുടു-
കണ്ണീരിൽ മുങ്ങിക്കുളിച്ചതാണിജ്ജഡം;
നിൎമ്മലരാഗവ്രതത്തിലീ നാളൊക്കെ
നിൻനാമമന്ത്രം ജപിച്ചതാണിജ്ജഡം;
നിന്നെക്കുറിച്ചുള്ള സംഗീതമിത്രനാൾ
നിന്നു തുളുമ്പിക്കളിച്ചതാണിജ്ജഡം;
എത്രനാൾ ലോകം തപസ്സുചെയ്തീടിലും
കിട്ടാത്തൊരത്ഭുതസിദ്ധിയാണിജ്ജഡം;
ഹാ, നിന്റെ നിഷ്ഠുരമാനസം സ്പന്ദിത-
പ്രാണനെപ്പാടേ കവൎന്നതാണിജ്ജഡം;
ചെറുമശുദ്ധമാക്കാതെ നിൻ ജീവിത-
മിത്രനാൾ കാത്തുരക്ഷിച്ചതാണിജ്ജഡം;
ലജ്ജയില്ലല്ലോ നിനക്കു!—നീ നോക്കുകൊ-
ന്നിജ്ജഡം!—നീയിജ്ജഡത്തെയറിയുമോ?

ചന്ദ്രൻ

Digitized By Kerala Sahitya Akademi

[വീണ്ടും വാവിട്ടു കേണുകൊണ്ട്]

അയ്യോ, രമണ, സഹോദര, പോയി നീ!
വയ്യിനി മേലിൽ വരില്ല, വരില്ല, നീ!
എന്നേയ്ക്കുമായ് നിൻമൃദുമനസ്പന്ദങ്ങ-
ളൊന്നോടെ നിന്നു!—മരിച്ചുകഴിഞ്ഞു നീ!
ദുസ്സഹം, ദുസ്സഹം!—അയ്യോ!—മമ മനം
മത്സഖ, നീറുന്നു!—മൂർച്ഛിച്ചിടുന്നു ഞാൻ!

[വേച്ചുവേച്ചു നിലത്തു വീഴുന്നു—ഒരു വൃക്ഷത്തിന്മേൽ ചാരിയിരുന്നുകൊണ്ട്]

കൂരിരുട്ടത്തുനിന്നേതോ വെളിച്ചത്തെ
വാരിപ്പുണരാൻ ചിറകു വിടുർത്തി നീ.
നീയുമഹോ, നിൻെറ ദുഃഖസംഗീതവും
മായാപ്രപഞ്ചത്തിൽ മാഞ്ഞിതെന്നേയ്ക്കുമായ്!
അള്ളിപ്പിടിയ്ക്കുയാണിന്നെൻമനസ്സിനെ
മുള്ളുകൾകൊണ്ടു പൊതിഞ്ഞൊരിസ്സംഭവം!

അക്കയറിൻെറ കുരുക്കു നിൻകണ്ഠത്തെ
ഞെക്കി ഞെക്കി സ്വയം വീർപ്പുമുട്ടിക്കവേ;
ഉൽക്കടപ്രാണദണ്ഡത്താൽപ്പിടഞ്ഞു, കാ-
ലിട്ടടിച്ചയ്യോ, കിടന്നു പുളയവേ;
ആദ്യം, വലിഞ്ഞു നിൻമെയ്, മന്നിനോടൊരു
ചോദ്യചിഹ്നംപോൽ, സ്വയം ചമഞ്ഞീടവേ;
അന്ത്യമൊരുഗ്രമാമാശ്ചര്യചിഹ്നമായ്
നിൻതനു നീണ്ടു മരവിച്ചു തൂങ്ങവേ;
എന്തിട്ടു പൊട്ടിത്തെറിയ്ക്കാതെ നിന്നു, ഹാ!
കർമ്മപ്രപഞ്ചമേ, നീ നിർവ്വികാരമായ്?



Digitized By Kerala Sahitya Akademi

തുണ്ടുതുണ്ടായിച്ചിതറിയതില്ലല്ലീ
വിണ്ടലമിക്കൊടുംകാഴ്ച കണ്ടിട്ടുമേ?
നിന്നെയതിനു വിലക്കിയതില്ലല്ലീ
മുന്നിലായ് നില്ക്കുമിക്കാടും മലകളും?

പണ്ടൊക്കെയോരോ കവനാങ്കുരങ്ങൾ നീ
കണ്ടിരുന്നോരീ മരതകക്കാടുകൾ,
നീയത്രമാത്രം പ്രിയപ്പെട്ടതായിട്ടു
നീളവേ പാടിപ്പുകഴ്ത്തിയ കാടുകൾ,
മർമ്മരഗാനം പൊഴിച്ചുനിന്നോ, ഹന്ത!
നിന്നെ ത്യജിച്ചൊരപ്രാണമരുത്തിനാൽ!

* * *

കഷ്ടം, നിണത്തിൽ കലാശിച്ചു, നീ ചൊന്ന-
മട്ടിലല്ലയ്യോ, നിന്നനുരാഗനാടകം!
ദൂരത്തു നിന്ന മരണത്തിനെ സ്വയം
ചാരത്തണച്ചു ചെങ്കുങ്കുമം ചാർത്തി നീ!
സാഹസമായി, സഹിക്കുവാനാകാത്ത
സാഹസമായി, നീ ചെയ്തതെൻസോദര!
മന്നിൻ മലീമസരംഗത്തിലിന്നിതാ,
നിന്നെച്ചതിച്ചു നിന്നാദർശജീവിതം!
നിസ്സാരയാമൊരു പെണ്ണിനുവേണ്ടി നിൻ-
നിസ്തുലജീവിതം ഹോമിച്ചെരിച്ചു നീ!
കഷ്ടമായ്പ്പോയി സഹോദര, നീ ചെയ്ത-
തെത്രയിനി ഞാൻ കരകിലെന്തേ ഫലം?

നിസ്സ്വാർത്ഥനാം നീ നിരൂപിച്ചപോ,ലത്ര-
നിസ്സാരമായിരുന്നില്ല നിൻജീവിതം.

Digitized By Kerala Sahitya Akademi

ഹാ, നിനക്കല്ല, ജഗത്തിനാണായതിൻ
ഹാനി!—ലോകത്തിൻെറയാവശ്യമാണു നീ!

കുഞ്ഞുമേഘങ്ങളൊളിച്ചുകളിക്കുമാ
മഞ്ഞണിക്കുന്നിനും കാടിനും പിന്നിലായ്
അന്തിമേഘങ്ങൾ നിരന്നു, നീലാംബരാ-
മന്തരംഗം കവന്നുല്ലസിച്ചീടവേ,
എത്ര ദിനാന്തത്തിലിപ്പുഴവക്കിൽ വ-
ന്നുദ്രസം തൈത്തെന്നലേറ്റേറ്റിരുന്നു നാം!
അന്നൊക്കെ,യെന്നോടു വർണ്ണിച്ചു വർണ്ണിച്ചു
ചൊന്ന നിന്നാത്മരഹസ്യങ്ങളൊക്കെയും,
ആയിരം മിന്നൽക്കൊടികളിളക്കി വ-
ന്നാവതെന്തിപ്പോൾ ദഹിപ്പിപ്പു മന്മനം!
നിന്നനുരാഗമിതിൽക്കലാശിക്കുമെ-
ന്നന്നൊന്നുമല്പവും ശങ്കിച്ചതില്ല ഞാൻ!
അസ്ഥാനരാഗങ്ങളെല്ലാമിതുവിധ-
മശ്രുകുടീരം ചമപ്പവയായിടാം;
എന്നല്ലൊട്ടുവിലാത്മാഹുതി കാണാതെ
പിൻമടങ്ങീടാതിരിപ്പവയായിടാം.

നീ വിചാരിച്ചപോൽ പൂവിരിയിട്ടത-
ല്ലീ വിശാലരംഗത്തു ജീവിതപ്പാതകൾ;
കാപട്യകണ്ടകം, കർക്കശതാക്കൊട്ടം
കാളാശ്മഖണ്ഡം നിറഞ്ഞതാണിസ്ഥലം!
ഞെട്ടിത്തെറിക്കും വിടരാൻ തുടങ്ങുന്ന
മൊട്ടുപോലുള്ള മനസ്സിതു കാണുകിൽ!

ഫർവ

Digitized By Kerala Sahitya Akademi

സുസ്ഥിരനിസ്സ്വാർത്ഥരാഗമില്ലിങ്ങെങ്ങു–
മൊക്കെച്ചപലമാണെ,ല്ലാം കപടവും!
പൊന്നും പണവും പ്രതാപവും മാത്രമാ–
ണെന്നും ഭരിപ്പതീ വിശ്വരംഗത്തിനെ.
ഓടക്കുഴലുകൊണ്ടാവശ്യമില്ലിങ്ങു;
പാടുന്നകൊണ്ടില്ലൊരു ഫലമെങ്കിലും!
നാണയത്തുട്ടിൻ കിലുക്കത്തിലതൊരു
വേണുസംഗീതവും ഗണ്യമല്ലൂർമ്മേ!
ഇപ്പരമാർത്ഥമറിയാതെ പൊട്ടെന്നു
ഞെട്ടറ്റുവീണു നീ പൊല്ലനിപ്പൂപ്പൂമേ!
നിശ്ചയമാണു, നിൻപട്ടടയെക്കൂടി
നിർദ്ദയം കുറ്റപ്പെടുത്തും ജഗത്തിനി!
സത്യമറിയേണ്ട ഭാരമിതിനില്ല,
കുറ്റപ്പെടുത്തിപ്പുലമ്പുകയെന്നിയേ!

ചന്ദ്രിക നിന്നെത്തിരസ്കരിച്ചെങ്കിലും,
മന്നിൽ നീയെന്നേക്കുമായ് മറഞ്ഞെങ്കിലും,
നിൻനാമമെന്നുമലയടിച്ചാർത്തിടും
സുന്ദരകാവ്യാന്തരിക്ഷത്തിലെപ്പൊഴും!
കല്പാന്തകാലംവരേക്കും ലസിച്ചിടും
ദുഃഖമഗ്നം നിൻമധുരഗാനാമൃതം!
കോരിക്കുടിച്ച ജഗത്തതു നിത്യവും
കോൾമയിർക്കൊണ്ടു നിൻനാമം സ്മരിച്ചിടും.
ഹാ, മരിച്ചാലു,മനശ്വരനായ്ഗ്ഗാന–
സീമയിൽ നില്പൊരു ഗന്ധർവ്വനാണു നീ!

ഫർമ്മ

Digitized By Kerala Sahitya Akademi

നിന്നന്ത്യവിശ്രമസ്ഥാനത്തു, നമ്മുടെ
നിർമ്മലസൗഹൃദസ്മാരകലക്ഷ്യമായ്,
അക്കല്ലറമേൽ ജഗത്തിനു കാണുവാ-
നിത്രയുംകൂടിക്കുറിച്ചുകൊള്ളട്ടെ ഞാൻ:—

"സ്നേഹദാഹത്താൽപ്പൊരിഞ്ഞുപൊരിഞ്ഞൊരു
മോഹനചിത്തമടിഞ്ഞതാണിസ്ഥലം.
ഇങ്ങിതിനുള്ളിൽക്കിടക്കുന്നതുണ്ടൊരു
സംഗീതസാന്ദ്രമാം ശോകാപ്തജീവിതം—
മന്ദഹസിക്കാൻ തുടങ്ങുന്നതിൻമുമ്പു
മന്നിൻ ചവിട്ടിൽ ചതഞ്ഞോരു ജീവിതം
വിത്തപ്രതാപവും നിർദ്ദയനീതിയും
ഞെക്കിഞെരിച്ചു തകർത്തോരു ജീവിതം!

ആദർശശുദ്ധിതൻ നിസ്തുലഗദ്ഗദം—
ഹാ, തപ്തചിന്തതൻ രാഗസംഗീതകം—
എന്നും തുളുമ്പിക്കിടക്കുമിതിനുള്ളിൽ
മന്നിൻ മലിനത തേഞ്ഞുമായുംവരെ!
മാനസം കല്ലുകൊണ്ടല്ലാത്തതായുള്ള
മാനവരാരാനുമുണ്ടെന്നിരിക്കുകിൽ,
ഇക്കല്ലറതൻ ചവിട്ടുപടിയിലൊ-
രല്പമിരുന്നു കരഞ്ഞേച്ചുപോകണേ!
അ[illegible]ശ്രുകണം കണ്ടുകൊണ്ടെങ്കില-
[illegible]യാണിപ്രേമഗായകൻ........"

1111 കർക്കടകം



Digitized By Kerala Sahitya Akademi

## ചങ്ങമ്പുഴയുടെ കൃതികൾ

| | ക. | നപ. |
|---|---|---|
| രമണൻ | 1 | 50 |
| ദേവഗീത | 2 | 00 |
| സ്പന്ദിക്കുന്ന അസ്ഥിമാടം | 2 | 00 |
| അപരാധികൾ | 1 | 00 |
| ദിവ്യഗീതം | 1 | 50 |
| ഓണപ്പൂക്കൾ | 1 | 00 |
| ബാഷ്പാഞ്ജലി | 1 | 50 |
| രക്തപുഷ്പങ്ങൾ | 1 | 25 |
| സങ്കല്പകാന്തി | 1 | 25 |
| ആകാശഗംഗ | 1 | 00 |
| കളിത്തോഴി | 2 | 50 |
| വത്സല | 0 | 50 |
| ആരാധകൻ | 0 | 50 |
| മോഹിനി | 0 | 50 |
| ദേവത | 0 | 50 |
| തിലോത്തമ | 0 | 50 |
| കലാകേളി .... | 0 | 75 |
| ശ്രീതിലകം | 1 | 00 |
| ചൂഡാമണി | 1 | 00 |
| കരടി | 0 | 50 |
| വിവാഹാലോചന | 0 | 50 |
| അനശ്വരഗാനം | 0 | 50 |
| യവനിക | 1 | 50 |
| ഹേമന്തചന്ദ്രിക | 1 | 50 |
| സാഹിത്യചിന്തകൾ | 1 | 00 |
| നിർവൃതി | 0 | 50 |
| ദേവയാനി | 0 | 50 |
| മഞ്ഞക്കിളികൾ | 1 | 00 |

Digitized By Kerala Sahitya Akademi

## ചങ്ങമ്പുഴ കൃതികൾ (തുടർച്ച)

| | ക. | നപ. |
|---|---|---|
| കല്ലോലമാല | 1 | 25 |
| മൗനഗാനം | 1 | 00 |
| നിർവ്വാണമണ്ഡലം | 0 | 75 |
| അസ്ഥിയുടെ പൂക്കൾ | 0 | 75 |
| പാടുന്ന പിശാച് | 1 | 50 |
| മദിരോത്സവം | 2 | 00 |
| സ്വരരാഗസുധ | 2 | 00 |
| ഉദ്യാനലക്ഷ്മി .... | 1 | 1[illegible] |
| മണിവീണ .... | 0 | 75 |
| മാനസേശ്വരി .... | 0 | 37 |
| മയൂഖമാല | 0 | 56 |
| സുധാംഗദ | 0 | 94 |
| അമൃതവീചി | 0 | 75 |
| പെല്ലീസും മെലിസാന്ദയും | 1 | 50 |
| മാനസാന്തരം | 1 | 5[illegible] |
| പ്രതികാരദുർഗ്ഗ | 2 | |
| കഥാരത്നമാലിക | 1 | |
| നീറുന്ന തീച്ചൂള | 1 | |
| തളിർത്തൊത്തുകൾ | 1 | |
| രാഗപരാഗം | 1 | |
| ഹനേലെ | 1 | 50 |
| നർത്തകി | 0 | |
| ശ്മശാനത്തിലെ തുളസി | 0 | |
| പൂനിലാവിൽ | 1 | |
| ഇടപ്പള്ളി രാഘവൻപിള്ളയുടെ എല്ലാ കൃതികളുംകൂടി ഒരു വാല്യത്തിൽ | 6 | 00 |
| നവഭാവന (ശ്രീദേവി ചങ്ങമ്പുഴ) .... | 0 | 60 |
| വസന്തോത്സവം .... | 0 | 75 |
| ശിഥിലഹൃദയം (ചെറുകഥകൾ) | 1 | 00 |

മംഗളോദയം (പ്രൈവറ്റ്) ലിമിറ്റഡ്, തൃശ്ശിവപേരൂർ

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi